മാസിക
സുന്നത്ത്

2025 ഫെബ്രുവരി
1446 റജബ് - ശഅ്ബാൻ
പുസ്തകം 47/ ലക്കം 12
വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com



Managing Editor
Sayyid Ali Bafaqy Thangal

Chief Editor
V.P.M Villyapalli
9446 731 889, 0496 253 4373

Executive Editor
Shafeeq Bukhari Kanthapuram
cp222306@gmail.com

General Manager
Sulaiman Saqafi Kunhukulam

Editor
Muhammed Parannur

Sub Editor
E.M Sufyan Bukhari

Circulation Manager
Shareef saqafi Edayur

Design & Layout
Anvar Sadique Bukhari

മുഖക്കുറി

ലഹരിയിൽ മയങ്ങുന്ന കൗമാരം

പുതുവർഷം തലമുറമാറ്റത്തിന്റെ തുടക്കം കൂടിയാണെന്നാണ് വിദഗ്ധ നിരീക്ഷണം. പുതുതലമുറയിൽ കുറ്റകൃത്യങ്ങൾ ദിനംപ്രതി വർദ്ധിക്കുന്നുവെന്നാണ് വാർത്തകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞമാസം തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലായി നാല് കൊലപാതകങ്ങളാണ് നടന്നത്. നാലിലും പ്രതികൾ ലഹരി ഉപയോഗിച്ച് സമനില തെറ്റിയ ചെറുപ്പക്കാർ.

ലഹരിയുടെ ഉപഭോക്താക്കളും വിതരണക്കാരുമായി വിദ്യാർത്ഥികൾ മുതൽ നിയമപാലകർ വരെയുണ്ടെന്നാണ് യാഥാർത്ഥ്യം. ലഹരിക്കേസുകളിൽ രണ്ടു വർഷത്തിനിടെ പത്തിരട്ടി വർദ്ധനവാണ് സംസ്ഥാനത്തുണ്ടായത്. വിദ്യാഭ്യാസ സാങ്കേതിക രംഗങ്ങളിൽ പുരോഗമിക്കുമ്പോഴും ലഹരി അനിയന്ത്രിതമായി വളരുന്നതിന് പുതുതലമുറയെ മാത്രം പഴിച്ച് കൈ കഴുകാനാവില്ല. ലഹരിയുടെ കെണിവലകളിൽ നിന്ന് പുതുതലമുറയെ രക്ഷിക്കാൻ കാര്യമായ ആലോചനകളും പദ്ധതിപ്രവർത്തനങ്ങളും അനിവാര്യമാണ്. രക്ഷിതാക്കളും അധ്യാപകരും സംസ്കാരിക നേതാക്കളും ഗവൺമെന്റും അതിന് മുൻകൈയെടുക്കണം.

കേരളത്തിന്റെ തനതു സംസ്കാരം സംരക്ഷിക്കുന്നതിന്നായി സംസ്ഥാനതലത്തിലും പ്രാദേശികതലത്തിലും ലഹരി വിരുദ്ധ കൂട്ടായ്മകൾ രൂപവത്കരിച്ച് ശക്തമായ ബോധവൽക്കരണങ്ങൾ നടത്താൻ അധികൃതർ തയ്യാറാവണം.

എഡിറ്റർ

കവർസ്റ്റോറി

സിനിമയും സാംസ്കാരിക മൂല്യച്യുതിയും

○ സൈനുദ്ദീൻ ഇർഫാനി

വളർന്നുവരുന്ന തലമുറയിൽ കുറ്റകൃത്യങ്ങൾ വർധിക്കുന്നതിൽ സിനിമകൾക്കും സീരിയലുകൾക്കും ചെറുതല്ലാത്ത പങ്കുണ്ടെന്നാണ് വിദഗ്ധ പഠനങ്ങൾ സൂചിപ്പിക്കുന്നത്. ദൃശ്യമാധ്യമങ്ങൾ വളരെ വ്യാപകമായ കാലത്ത് ചില നിയന്ത്രണങ്ങൾ അനിവാര്യമാണ്.

06

കവർസ്റ്റോറി

ഇസ്റാഅ്, മിഅ്റാജ് വിസ്മയ പ്രയാണങ്ങൾ

○ മനാസിർ പട്‌ല

തിരുനബി(സ)യുടെ മുഅ്ജിസത്തുകളിൽ പ്രധാനമാണ് ഇസ്റാഅ് മിഅ്റാജ് യാത്രകൾ. തിരുദൂതർക്ക് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും ദുഃഖങ്ങളിൽ നിന്നുള്ള മോചനവുമായിരുന്നു സപ്തവാനങ്ങൾ കടന്നുള്ള ഈ അത്ഭുത പ്രയാണങ്ങൾ.

10



കവർസ്റ്റോറി

ഖാളിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും

○ സിയാദ് സഖാഫി പാറന്നൂർ

മഹല്ലിലെ ജനങ്ങളുടെ സാംസ്കാരിക അഭിവൃദ്ധിയും ധാർമികമൂല്യങ്ങളും മതപരമായ അച്ചടക്കവും കാത്തുസൂക്ഷിക്കുന്നതിൽ ഖാളിക്ക് നിർണായകമായ പങ്കുണ്ട്. അനാവശ്യമായ ആഘോഷങ്ങളും ആചാരങ്ങളും നിയന്ത്രിക്കാൻ ഖാളി മുൻകൈയെടുക്കണം.

17

13

നിസ്സാരമല്ല കരൾരോഗം

ഹംന പടപ്പറമ്പ്

വികൃത ലൈംഗികതയും സാമൂഹ്യവിപത്തുകളും

ആദിൽ തിനൂർ

23

25

ആനന്ദത്തിന്റെ അടരുകൾ തേടി

സകരിയ്യ എം.കെ പാലത്തുങ്കര

05 തസ്കിയ
30 ശാഫിഈ ഫിഖ്ഹ്
48 വാർത്തകൾ

ചരിത്രാഖ്യായിക 40
നോവൽ 37
ഹനഫീ ഫിഖ്ഹ് 44

12 **വിസർജനാനന്തര ശുദ്ധീകരണം**
ഉവൈസ് ബുഖാരി നടുവട്ടം

16 **പ്രസവശേഷമുള്ള വിഷാദരോഗം**
മുനീബ റൈഹാൻ

27 **പുതുവർഷം: നല്ലശീലങ്ങൾ നട്ടുവളർത്താം**
അബൂലിയാന

28 **കാണാമറയത്തെ കാവലാളുകൾ**
പി.എം നാസർ മുസ്‌ലിയാർ

33 **ഭക്തിയുള്ളവരാണ് പണ്ഡിതന്മാർ**
അലി സഖാഫി പുൽപ്പറ്റ

തസ്കിയ

മറ്റൊരു വീടുണ്ടല്ലോ നമുക്ക്

മഹാനായ സ്വഹാബി അബുദ്ദർദാഅ്(റ)വിന്റെ ജീവിതത്തിൽ നിന്ന്:

നല്ല തണുപ്പുള്ളൊരു രാത്രി. അബുദ്ദർദാഅ്(റ)വിന്റെ വീട്ടിൽ ഏതാനും വിരുന്നുകാരെത്തി. അദ്ദേഹം അവരെ ചൂടുള്ള നല്ല ഭക്ഷണം നൽകി സൽക്കരിച്ചു. ശേഷം കിടന്നുറങ്ങാനുള്ള സ്ഥലം കാണിച്ചുകൊടുത്തു. ഉറങ്ങാൻ നേരമായിട്ടും പുതയ്ക്കാനൊന്നും ലഭിക്കാതിരുന്നപ്പോൾ വിരുന്നുകാർ അസ്വസ്ഥരായി. ഈ കൊടും തണുപ്പിൽ എന്തെങ്കിലുമൊന്ന് പുതുക്കാതെ എങ്ങനെയുറങ്ങും!

പരസ്പരം ഇങ്ങനെ പ്രയാസം പങ്കുവെച്ചുകൊണ്ടിരുന്നപ്പോൾ അവരിലൊരാൾ പറഞ്ഞു: 'ഞാൻ ചെന്നു ചോദിക്കാം. അഥവാ പുതപ്പു തരാൻ മറന്നുപോയതാണെങ്കിലോ?'

അത് മര്യാദകേടാണെന്നും ചോദിക്കാനൊന്നും പോകേണ്ടെന്നും കൂട്ടുകാർ വിലക്കിയെങ്കിലും അത് വകവെക്കാതെ അയാൾ അബുദ്ദർദാഅ്(റ) കിടക്കുന്ന മുറിയുടെ വാതിൽക്കൽ ചെന്ന് നോക്കി. അപ്പോൾ കണ്ട കാഴ്ച അയാളെ അത്ഭുതപ്പെടുത്തിക്കളഞ്ഞു: 'അബുദ്ദർദാഅ്(റ) നിലത്ത് നേരിയൊരു തുണിക്കഷണം ശരീരത്തിലിട്ടു കിടക്കുന്നു. തൊട്ടടുത്ത് ഭാര്യ തണുപ്പിൽ വിറച്ചുകൊണ്ട് കൂനിക്കൂടിയിരിക്കുന്നു!

എന്താണ് വന്നതെന്ന് അബുദ്ദർദാഅ്(റ) ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: 'നിങ്ങളും ഞങ്ങളെപ്പോലെ പുതപ്പില്ലാതെയാണല്ലേ ഉറങ്ങാൻ കിടന്നത്? ഈ വീട്ടിൽ നിങ്ങൾക്ക് പുതപ്പോ മറ്റു സാധനങ്ങളോ ഒന്നുമില്ലേ?'

അതിനു മറുപടിയായി അദ്ദേഹം പറഞ്ഞു: 'ഞങ്ങൾക്ക് മറ്റൊരു വീടു കൂടിയുണ്ട്. വീട്ടുസാധനങ്ങളൊക്കെ ഞങ്ങൾ നേരത്തെ തന്നെ അങ്ങോട്ടയച്ചുകൊണ്ടിരിക്കുകയാണ്. കയറിയിറങ്ങാൻ ഏറെ പ്രയാസമുള്ള ഒരു പർവതം താണ്ടി വേണം ആ വീട്ടിലെത്താൻ. അപ്പോൾ നല്ലത്, പരമാവധി യാത്രാസാമഗ്രികൾ കുറയുന്നതാണല്ലോ. ആ യാത്ര സുഗമമാക്കാൻ ഭാരം കുറച്ചുകൊണ്ടിരിക്കുകയാണ് ഞങ്ങൾ. ഇവിടെ വല്ലതും ഉണ്ടായിരുന്നെങ്കിൽ നിങ്ങൾക്കു തരാതിരിക്കില്ലല്ലോ.'

അതുകേട്ട് മിഴിച്ചുനിന്നുപോയ അതിഥിയോട് അദ്ദേഹം ചോദിച്ചു: 'ഞാൻ പറഞ്ഞതിന്റെ പൊരുൾ നിങ്ങൾക്കു മനസ്സിലായില്ലേ?'

'ഇപ്പോഴെനിക്കു മനസ്സിലായി. നിങ്ങൾക്ക് നന്മയുണ്ടാവട്ടെ' എന്നുപറഞ്ഞ് അയാൾ തിരിച്ചു നടന്നു.

മദീനയിലെ പേരു കേട്ട കച്ചവടക്കാരനായിരുന്നു അബുദ്ദർദാഅ്(റ). അതി സമ്പന്നന്മാരിലൊരാൾ. ഇസ്‌ലാം സ്വീകരിച്ചതോടെ കച്ചവടം ഉപേക്ഷിച്ച് സമയം മുഴുവൻ അറിവു നേടാനും ഖുർആൻ പഠിക്കാനും ആരാധനയിലേർപ്പെടാനും നീക്കിവെച്ചു. കിട്ടുന്നതെല്ലാം ജീവിത സുഖസൗകര്യങ്ങൾക്ക് ഉപയോഗിക്കാതെ ദാനം ചെയ്യുകയായി പതിവ്. അങ്ങനെ അദ്ദേഹം കൊടും തണുപ്പിൽ പുതയ്ക്കാൻ ഒരു പുതപ്പു പോലുമില്ലാത്ത വിധം പരമ ദരിദ്രനായി. ആ ഘട്ടത്തിലും പട്ടിണികിടന്നുപോലും അതിഥികളെ സൽക്കരിക്കാനും പുണ്യം നേടാനും വൈമനസ്യം കാണിച്ചില്ല.

ജീവിത സുഖസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നെട്ടോട്ടത്തിലാണല്ലോ നാം. സാമാന്യം വേണ്ടതെല്ലാം ലഭിച്ചാലും വീണ്ടും വീണ്ടും സമ്പാദിക്കാനുള്ള വ്യഗ്രതയിലാണധികപേരും. അതിന്നിടയിൽ അനിവാര്യമായ ആരാധനാകർമങ്ങൾ യഥാവിധി നിർവഹിക്കാൻ പോലും സമയം കിട്ടാത്തവർ എത്രയെത്ര! അതിന്നിടയിലും നാം സംസാരിച്ചുകൊണ്ടിരിക്കുന്നു; ഇസ്‌ലാമിനെ പറ്റി, മുസ്‌ലിം സമൂഹത്തിന്റെ പതിതാവസ്ഥകളെ പറ്റി. ഉത്തമ വിശ്വാസികളും ഭക്തരുമാണെന്നാണ് നമ്മുടെ ഭാവം. നേരെയങ്ങ് സ്വർഗ്ഗത്തിലേക്ക് കടന്നുപോവാൻ യോഗ്യരാണെന്നാണ് വിചാരം. എങ്കിൽ ആലോചിക്കുക:

ജീവിത വിഭവങ്ങളെല്ലാം നേരത്തെ തന്നെ പരലോകത്തേക്കയച്ച അബുദ്ദർദാഅ്(റ) മരണാസന്ന നിമിഷത്തിൽ 'തന്റെ പാപങ്ങൾ അല്ലാഹു പൊറുത്തു തരുമോ' എന്ന കാര്യമോർത്ത് ദുഃഖത്തോടെ കരയുകയായിരുന്നു. 'എന്താണിപ്പോൾ നിങ്ങളാഗ്രഹിക്കുന്നത്' എന്ന് ചോദിച്ചപ്പോൾ 'എന്റെ രക്ഷിതാവിൽ നിന്നുള്ള മാപ്പ്' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

🎙 കവർസ്റ്റോറി

റയ്യാൻ മുഹമ്മദ്

ബീറ്റ ജനറേഷൻ പ്രതീക്ഷകൾ, ആശങ്കകൾ

2025ലെ പുതുവർഷത്തോടൊപ്പം പുതിയൊരു തലമുറ കൂടി പിറന്നിരിക്കുന്നു, ജെൻ ബീറ്റ അല്ലെങ്കിൽ ബീറ്റ ജനറേഷൻ. 2025 ജനുവരി 1 മുതൽ 2039 വരെയുള്ള കാലത്ത് ജനിക്കുന്ന കുട്ടികളാണ് ബീറ്റ ബേബീസ് എന്നറിയപ്പെടുന്നത്. മില്ലേനിയൻ തലമുറയിലെ ഇളമുറക്കാരുടെയും ജെൻസി തലമുറയിലെ മുതിർന്നവരുടെയും മക്കളായിരിക്കുമിവർ. 2035 ആകുമ്പോഴേക്കും ബീറ്റ തലമുറ ആഗോള ജനസംഖ്യയുടെ 16 ശതമാനവുമെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. ലോകത്തിന്റെ ഭാവി നിർണയിക്കുന്നതിൽ ചെറുതല്ലാത്ത പങ്ക് ബീറ്റ തലമുറക്കുണ്ടാകുമെന്നർത്ഥം.

ഓരോ തലമുറയുടെയും പെരുമാറ്റവും ജീവിതരീതികളും നിർണയിക്കുന്നതിൽ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, സാങ്കേതിക സാഹചര്യങ്ങൾക്ക് വലിയ പങ്കുണ്ട്. നിർമ്മിതബുദ്ധിയുടെയും അത്യാധുനിക ഡിജിറ്റൽ ഉപകരണങ്ങളുടെയും കാലത്ത് പിറന്നുവീഴുന്ന ബീറ്റ തലമുറക്ക് വിവിധ മേഖലകളിൽ കാര്യമായ മുന്നേറ്റം സാധ്യമാകുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. എന്നാൽ, സാങ്കേതികവിദ്യയെ അമിതമായി ആശ്രയിക്കുന്നതുമൂലം ഈ ജനറേഷൻ അഭിമുഖീകരിച്ചേക്കാവുന്ന ചില വെല്ലുവിളികളെക്കുറിച്ചും സാങ്കേതികവിദഗ്ധർ സൂചിപ്പിക്കുന്നുണ്ട്. ബീറ്റ തലമുറയുടെ സവിശേഷതകളും അവർ നേരിട്ടേക്കാവുന്ന ചില വെല്ലുവിളികളും പരിശോധിക്കാം.

സാങ്കേതിക വൈദഗ്ധ്യം

നിർമ്മിതബുദ്ധിയും മറ്റു സാങ്കേതികവിദ്യകളും ജീവിതത്തിന്റെ കൂടുതൽ മേഖലകളിൽ ഉപയോഗപ്പെടുത്താൻ ഈ തലമുറക്ക് സാധിക്കും. വെർചൽ റിയാലിറ്റി, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റ് ഓഫ് തിങ്സ് (എ.ഐ.ടി) തുടങ്ങിയ സാധ്യതകൾ കൂടുതൽ വികസിപ്പിക്കാനും മറ്റു അത്യാ

ഓരോ തലമുറയുടെയും പെരുമാറ്റവും ജീവിതരീതികളും നിർണയിക്കുന്നതിൽ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, സാങ്കേതിക സാഹചര്യങ്ങൾക്ക് വലിയ പങ്കുണ്ട്. നിർമ്മിത ബുദ്ധിയുടെയും അത്യാധുനിക ഡിജിറ്റൽ ഉപകരണങ്ങളുടെയും കാലത്ത് പിറന്നുവീഴുന്ന ബീറ്റ തലമുറക്ക് വിവിധ മേഖലകളിൽ കാര്യമായ മുന്നേറ്റം സാധ്യമാകുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

ധുനിക സംവിധാനങ്ങൾ കണ്ടെത്താനും ഇവർക്ക് കഴിഞ്ഞേക്കും. ഡിജിറ്റൽ രംഗങ്ങളിലൂടെയുള്ള സാമ്പത്തിക, സാംസ്കാരിക, വിദ്യാഭ്യാസ ഇടപാടുകൾക്കാകും ബീറ്റ തലമുറ പ്രാധാന്യം നൽകുക.

ആഗോളവീക്ഷണം

കാലാവസ്ഥാ വ്യതിയാനം, സാമൂഹിക അസമത്വം, സുസ്ഥിര വികസനം തുടങ്ങിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാനും സാമൂഹികമായ പ്രശ്നങ്ങൾക്ക് ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണയോടെ മികച്ച പരിഹാരങ്ങൾ കാണാനും പുതിയ തലമുറക്ക് കഴിഞ്ഞേക്കും. ആഗോളതലത്തിൽ ആശയവിനിമയം നടത്താനും സാംസ്കാരിക കൈമാറ്റങ്ങൾ നടത്താനും പര്യാപ്തമായ സാങ്കേതിക, ഗതാഗത സംവിധാനങ്ങൾ ഈ തലമുറയെ കൂടുതൽ ആഗോളവീക്ഷണമുള്ളവരാക്കും.

കാലാവസ്ഥാ വ്യതിയാനം, സാമൂഹിക അസമത്വം, സുസ്ഥിര വികസനം തുടങ്ങിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാനും സാമൂഹികമായ പ്രശ്നങ്ങൾക്ക് ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണയോടെ മികച്ച പരിഹാരങ്ങൾ കാണാനും പുതിയ തലമുറക്ക് കഴിഞ്ഞേക്കും.

പ്രതിരോധശേഷി

ദ്രുതഗതിയിലുള്ള സാങ്കേതിക മുന്നേറ്റങ്ങൾ ആരോഗ്യരംഗത്ത് വലിയ മാറ്റങ്ങൾ സാധ്യമാക്കും. പ്രതിരോധ മരുന്നുകൾ കണ്ടെത്താനും സങ്കീർണമായ ശസ്ത്രക്രിയകൾ നടത്താനും സഹായിക്കുന്ന അത്യാധുനിക ഉപകരണങ്ങൾ ഗവേഷണങ്ങളിലൂടെ കണ്ടെത്താൻ ബീറ്റ തലമുറക്ക് കഴിഞ്ഞേക്കും. ജീവിതശൈലീ രോഗങ്ങൾക്കും വൈറസ് രോഗങ്ങൾക്കും പ്രതിവിധികൾ കണ്ടെത്താൻ കഴിയുമ്പോൾ താരതമ്യേന ആയുർദൈർഘ്യം വർദ്ധിക്കുമെന്നും വിദഗ്ധർ പറയുന്നു. ഇരുപത്തിരണ്ടാം നൂറ്റാണ്ടിനു സാക്ഷിയാവാനും ഒരുപക്ഷേ, ഈ തലമുറക്ക് കഴിഞ്ഞേക്കും.

വ്യക്തിഗത പഠനങ്ങൾ

നേരിട്ടുള്ള പഠനസമ്പ്രദായങ്ങൾക്കു പകരം ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള വ്യക്തിഗത വിദ്യാഭ്യാസത്തിന് ഈ തലമുറ പ്രാധാന്യം നൽകും. അഭിരുചികൾക്കനുസരിച്ചുള്ള കരിയർ സ്വന്തമായി തെരഞ്ഞെടുക്കാനും ഡിജിറ്റൽ രംഗങ്ങളിൽ വ്യക്തിഗത തൊഴിലുകൾ ലക്ഷ്യമാക്കിയുള്ള പഠനമേഖലകൾ ക്രമീകരിക്കാനും കഴിയും.

സർഗ്ഗാത്മകത

ശൈശവകാലം മുതലേയുള്ള സാങ്കേതികവിദ്യാ സമ്പർക്കം സർഗ്ഗാത്മകമായി ചിന്തിക്കാനും പ്രശ്നപരിഹാരത്തിനുമുള്ള ഈ തലമുറയുടെ കഴിവുകൾ വർദ്ധിപ്പിച്ചേക്കും. സാംസ്കാരിക, വിദ്യാഭ്യാസ, സംരംഭകത്വ മേഖലകളിൽ പുതിയ കണ്ടുപിടുത്തങ്ങൾ നടത്താനും പ്രായോഗികരീതികൾ പരീക്ഷിക്കാനും സാങ്കേതിക പരിജ്ഞാനത്തിലെ നൈപുണ്യം പ്രചോദനം നൽകും.

ഡിജിറ്റൽ ആപ്പുകളും ഓൺലൈൻ ഷോപ്പിംഗ്, മാർക്കറ്റിംഗ് സംവിധാനങ്ങളും സോഷ്യൽ മീഡിയയും വ്യക്തികളുടെ വിവരങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. വ്യക്തിവിവരങ്ങൾ ചോർത്തിയുള്ള സൈബർ ഭീഷണികളും ഇന്ന് സജീവമാണ്. 2019 ലെ കണക്ക് പ്രകാരം കൗമാരക്കാരിൽ നാലിലൊരാൾ എന്ന തോതിൽ സൈബർ ഭീഷണി നേരിടുന്നുണ്ട്.

വെല്ലുവിളികൾ

ബീറ്റാതലമുറ നേരിട്ടേക്കാവുന്ന വെല്ലുവിളികളെയും സാങ്കേതികവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടത് പരിശോധിക്കാം.

സ്വകാര്യതയുടെ അഭാവം

ഡാറ്റകൾ അമൂല്യമായ വിപണന വസ്തുവാണിന്ന്. ഡിജിറ്റൽ ആപ്പുകളും ഓൺലൈൻ ഷോപ്പിംഗ്, മാർക്കറ്റിംഗ് സംവിധാനങ്ങളും സോഷ്യൽമീഡിയയും വ്യക്തികളുടെ വിവരങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. വ്യക്തിവിവരങ്ങൾ ചോർത്തിയുള്ള സൈബർ ഭീഷണികളും ഇന്ന് സജീവമാണ്. 2019 ലെ കണക്ക് പ്രകാരം കൗമാരക്കാരിൽ നാലിലൊരാൾ എന്ന തോതിൽ സൈബർ ഭീഷണി നേരിടുന്നുണ്ട്. ഇന്റർനെറ്റ് സംവിധാനങ്ങൾക്കു പുറമെ വെർചൽ റിയാലിറ്റിയും ആർട്ടിഫിഷ്യൽ ഇന്റലിജൻസും കരുത്താർജിക്കുമ്പോൾ സ്വകാര്യതയെ ബാധിക്കുന്ന വൈവിധ്യമാർന്ന പ്രശ്നങ്ങൾ ബീറ്റ തലമുറ നേരിടേണ്ടിവന്നേക്കാം.

സാങ്കേതിക അടിമത്തം

സാങ്കേതികവിദ്യയെ അമിതമായി ആശ്രയിക്കുന്നതു മൂലം സാമൂഹികവും സാംസ്കാരികവുമായ നിരവധി പ്രശ്നങ്ങൾ നവതലമുറ നേരിടുന്നുണ്ട്. ആധുനിക കാലത്തെ പാരിസ്ഥിതികവും സാമൂഹികവുമായ പ്രശ്നങ്ങളുടെ കാതലായ കാരണം സാങ്കേതികവിദ്യയാണെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സ്വന്തമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള മനുഷ്യന്റെ കഴിവിനെ സാങ്കേതികവിദ്യയോടുള്ള അമിതമായ ആശ്രയം ഇല്ലാതാക്കും. ജീവിതം സ്ക്രീനുകളിലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും ഒതുങ്ങുമ്പോൾ സമൂഹത്തിൽ നേരിട്ട് ഇടപെടാനും സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളികളാകാനുമുള്ള മനുഷ്യരുടെ കഴിവ് ഇല്ലാതാകുന്നു.

കാലാവസ്ഥാ വ്യതിയാനം

കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി വിഭവങ്ങളുടെ ലഭ്യതയെ സാരമായി ബാധിക്കും. വരൾച്ചയും പ്രളയവും മറ്റു പരിസ്ഥിതി ദുരന്തങ്ങളും തുടർക്കഥയാവും. ശുദ്ധജലത്തിന്റെ ദൗർലഭ്യതയും കാർഷികവിളകളുടെ കുറവും സാധാരണക്കാരുടെ ജീവിതത്തെ ബാധിക്കും. ഡിജിറ്റൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെയും മറ്റും മാലിന്യങ്ങൾ പരിസ്ഥിതിയുടെ സന്തുലിതമായ നിലനിൽപ്പിന് വലിയ വെല്ലുവിളിയാകും. പരിസ്ഥിതി സൗഹൃദ വികസനത്തിനും ജൈവവൈവിധ്യസംരക്ഷണത്തിനും പുതിയ തലമുറ കൂടുതൽ ഊന്നൽ നൽകേണ്ടിവരും.

നഗരവൽക്കരണം

ദ്രുതഗതിയിലുള്ള നഗരവത്കരണം വിഭവദൗർലഭ്യതക്ക് കാരണമായേക്കാം. വാഹനങ്ങ



ളിൽ നിന്നും വ്യവസായശാലക ളിൽ നിന്നും ബഹിർഗമിക്കുന്ന പുക അന്തരീക്ഷ മലിനീകര ണമുണ്ടാക്കുകയും ജനജീവിതം അസഹ്യമാക്കുകയും ചെയ്യും. നഗരാസൂത്രണത്തിനും സുസ്ഥി രവികസനത്തിനും നൂതനമായ പരിഹാരങ്ങൾ ആവശ്യമായേ ക്കും.

മാനസികാരോഗ്യം

ശാരീരികാരോഗ്യത്തിനും മാനസികാരോഗ്യത്തിനും ബീറ്റ തലമുറ കൂടുതൽ പ്രാധാന്യം നൽകേണ്ടിവരുമെന്ന് ആരോഗ്യ വിദഗ്ധർ അഭിപ്രായപ്പെടുന്നു. വ്യായാമത്തിന്റെ അഭാവവും ഫാസ്റ്റ്ഫുഡ് ഭക്ഷണങ്ങളുടെ അമിതോപയോഗവും ജീവിത ശൈലീ രോഗങ്ങൾ വർദ്ധിപ്പി ക്കും. ഡിജിറ്റൽ ഉപകരണങ്ങ ളെയും സാങ്കേതികവിദ്യയെയും അമിതമായി ആശ്രയിക്കുന്നതു മൂലം മാനസിക പിരിമുറുക്കം വർദ്ധിക്കും. അനിയന്ത്രിതമായ സ്ക്രീൻ ഉപയോഗം ഉത്കണ്ഠ ക്കും സാമൂഹികമായ ഒറ്റപ്പെ ടലിനും കാരണമായേക്കാം. മാനസികാരോഗ്യം സംരക്ഷിക്കു ന്നതിനാവശ്യമായ ഗൗരവമേറിയ ചിന്തകൾക്കും പ്രായോഗിക മാർഗ്ഗങ്ങൾക്കും ബീറ്റാ തലമുറ പ്രാധാന്യം നൽകേണ്ടതുണ്ട്.

സാമ്പത്തിക അനിശ്ചിതത്വം

സാമ്പത്തിക രംഗത്തെ ചാ ഞ്ചാട്ടങ്ങളും സാങ്കേതികവിദ്യ യിൽ അധിഷ്ഠിതമായ തൊ ഴിൽ വിപണിയിലെ മാറ്റങ്ങളും ഭാവിയിലെ തൊഴിലവസരങ്ങൾ ക്ക് വെല്ലുവിളി സൃഷ്ടിച്ചേക്കാം. പണമിടപാടുകൾ ഡിജിറ്റൽ മേഖലകളിലൂടെയാകുമ്പോൾ സാമ്പത്തിക തട്ടിപ്പുകളും വ്യാപ കമാകും. സാമ്പത്തിക വിനിമയ ത്തിലെ സുരക്ഷക്കും സന്തുലി താവസ്ഥക്കും കൂടുതൽ ജാഗ്രത നൽകേണ്ടിവരും.

സാമ്പത്തിക സാംസ്കാരിക സാമൂഹിക വിദ്യാഭ്യാസ രംഗങ്ങ ളിലെ ഇത്തരം വെല്ലുവിളികളെ ധൈര്യപൂർവ്വം നേരിടാനും അതി ജീവിക്കാനും പുതിയ തലമുറക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കാം. ബീറ്റ തലമുറയിലെ കുട്ടികളുടെ വിദ്യാഭ്യാസ, ധാർമിക, സാംസ് കാരിക പുരോഗതിയിൽ രക്ഷിതാ ക്കളും അധ്യാപകരും കൂടുതൽ ശ്രദ്ധ കാണിക്കേണ്ടി വരും.

തലമുറകളുടെ മാറ്റം

മഹത്തായ തലമുറ (1901–1927)

മഹാമാന്ദ്യകാലത്ത് പട്ടിണി യുടെയും ദാരിദ്ര്യത്തിന്റെയും രു ചിയറിഞ്ഞു വളർന്ന് രണ്ടാം ലോ കമഹായുദ്ധകാലത്ത് പോരാടിയ ജനതയാണ് മഹത്തായ തലമുറ എന്നറിയപ്പെടുന്നത്. ഈ തലമുറ യിൽ ജനിച്ചവർ ദേശസ്നേഹവും സാമൂഹികബോധവും കൈമു തലാക്കി ജീവിച്ചു. നിസ്വാർത്ഥ തയും ഉത്തരവാദിത്തങ്ങൾ നിർ വഹിക്കാനുള്ള മനസ്ഥിതിയും പുതുലോക നിർമ്മാണത്തിനുള്ള പ്രതിബദ്ധതയും മഹത്തായ തല മുറയുടെ സവിശേഷതകളാണ്.

വേർച്വൽ റിയാലിറ്റി പോലെയുള്ള സംവിധാ നങ്ങൾ ഉപയോഗപ്പെടുത്തി ഓൺലൈൻ പ ഠനം സാധ്യമാക്കിയ ആൽഫ തലമുറയുടെ കോവിഡാനന്തര വിദ്യാഭ്യാസത്തിൽ സമൂല മായ മാറ്റം സംഭവിച്ചിട്ടുണ്ട്. ഡിജിറ്റൽ ഉപക രണങ്ങളുടെയും സമൂഹമാധ്യമങ്ങളുടെയും അമിതമായ ഉപയോഗം ആൽഫ തലമുറയുടെ സാമൂഹിക പെരുമാറ്റത്തിലും ധാർമിക ബോ ധത്തിലും കാര്യമായി പ്രതിഫലിച്ചിട്ടുണ്ട്.

രണ്ടാം ലോകമഹായുദ്ധക്കാലത്തും ശീതയുദ്ധത്തിന്റെ തുടക്കത്തിലും വളർന്ന ജനറേഷൻ അച്ചടക്കമുള്ള തലമുറ എന്നറിയപ്പെടുന്നു. കഠിനാധ്വാനവും വിശ്വസ്തതയും സ്ഥിരോത്സാഹവും കൈമുതലാക്കി ജീവിച്ച ഇവർ തുറന്ന കലാപങ്ങളിൽ നിന്നും ആക്ടിവിസത്തിൽ നിന്നും പിന്മാറി. എങ്കിലും പൗരാവകാശ പ്രസ്ഥാനങ്ങളുടെ പുരോഗതിയിൽ പ്രധാന പങ്കുവഹിച്ച തലമുറയാണ് നിശ്ശബ്ദത തലമുറ.

നിശ്ശബ്ദ തലമുറ (1928–1945)

രണ്ടാം ലോകമഹായുദ്ധ ക്കാലത്തും ശീതയുദ്ധത്തിന്റെ തുടക്കത്തിലും വളർന്ന ഈ ജനറേഷൻ അച്ചടക്കമുള്ള തലമുറ എന്നറിയപ്പെടുന്നു. കഠിനാധ്വാനവും വിശ്വസ്തതയും സ്ഥിരോത്സാഹവും കൈമുതലാക്കി ജീവിച്ച ഇവർ തുറന്ന കലാപങ്ങളിൽ നിന്നും ആക്ടിവിസത്തിൽ നിന്നും പിന്മാറി. എങ്കിലും പൗരാവകാശ പ്രസ്ഥാനങ്ങളുടെ പുരോഗതിയിൽ പ്രധാന പങ്കുവഹിച്ച തലമുറയാണ് നിശ്ശബ്ദത തലമുറ. ടെക്നോളജിയുമായി വലിയ ബന്ധമില്ലാത്ത തലമുറ കൂടിയാണിത്.

ബേബി ബൂം തലമുറ (1946–1964)

രണ്ടാം ലോകമഹായുദ്ധാനന്തരം ജനിച്ച ഈ തലമുറ സാമ്പത്തിക അഭിവൃദ്ധിയുടെയും ജനസംഖ്യാവർദ്ധനവിന്റെയും കാലത്ത് വളർന്നു. ശുഭാപ്തി വിശ്വാസവും ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള അഭിലാഷവും ഉന്നത വ്യക്തിത്വവുമാണ് ഇവരുടെ സവിശേഷതകൾ. പൗരാവകാശ പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കാളികളായ ഈ തലമുറ മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങുന്നതിനും വിയറ്റ്നാം യുദ്ധത്തിനുമെല്ലാം സാക്ഷികളായി. വികസനത്തിന്റെ പ്രാഥമികഘട്ടത്തിലായിരുന്ന സാങ്കേതികവിദ്യയുമായി പൊരുത്തപ്പെടാൻ ഈ തലമുറയിലുള്ളവർക്ക് കഴിഞ്ഞില്ല.

എക്സ് തലമുറ (1965–1980)

സാമ്പത്തിക അനിശ്ചിതത്വത്തിന്റെ കാലഘട്ടത്തിലാണ് ഈ തലമുറ വളർന്നത്. പൊതുവെ, വിവാഹമോചനങ്ങൾ വർദ്ധിച്ച ഒരു കാലഘട്ടം കൂടിയായിരുന്നു അത്. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ആലോചനകളും സംരംഭകത്വ മനോഭാവവും ഈ തലമുറയുടെ സവിശേഷതയാണ്. പേഴ്സണൽ കമ്പ്യൂട്ടറുകളുടെയും ടെലിവിഷന്റെയും വളർച്ചക്ക് സാക്ഷ്യം വഹിച്ച ഈ തലമുറ അനലോഗ്-ഡിജിറ്റൽ യുഗങ്ങൾക്കിടയിലുള്ള ഒരു കണ്ണിയായി വർത്തിച്ചു. എൽ.ജി.ബി.ടി അവകാശവാദങ്ങൾ ഉയർന്നുതുടങ്ങിയതും ഇക്കാലയളവിലാണ്.

മില്ലേനിയം/എക്സ് തലമുറ (1981–1996)

ഇന്റർനെറ്റിനൊപ്പം വളർന്ന ആദ്യ തലമുറയാണ് മില്ലേനിയം. സാങ്കേതിക വൈദഗ്ധ്യവും സാമൂഹികബോധവും കൈമുതലാക്കിയ ഈ തലമുറക്കാർ ഉയർന്ന വിദ്യാഭ്യാസമുള്ളവരും ഭൗതിക സമ്പാദ്യങ്ങളിലുപരി അനുഭവങ്ങൾക്ക് വിലമതിക്കുന്നവരുമാണ്. ഡിജിറ്റൽ കമ്പ്യൂട്ടർ, വീഡിയോ ഗെയിമുകൾ തുടങ്ങിയവ അനുഭവിച്ച ആദ്യ തലമുറയും ഇതു തന്നെ. വലിയ സാമ്പത്തികമാന്ദ്യത്തിനും സോഷ്യൽമീഡിയയുടെ വളർച്ചക്കും മില്ലേനിയം ജനറേഷൻ സാക്ഷികളായി. തൊഴിൽ – ജീവിത സന്തുലിതാവസ്ഥയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ തലമുറ സ്വാതന്ത്ര്യത്തിനും കാര്യപ്രാർത്ഥിക്കും കൂടുതൽ പ്രാധാന്യം നൽകി.

ജെൻസി/ഇസഡ് തലമുറ (1997–2009)

സ്മാർട്ട് ഫോണുകളുടെയും സോഷ്യൽ മീഡിയയുടെയും സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളുടെയും ആധിപത്യകാലത്ത് വളർന്ന ഈ തലമുറ ഐ.ജെൻ, സെന്റനിയൽസ് എന്നീ പേരുകളിലും അറിയപ്പെടുന്നു. ആഗോള കാഴ്ചപ്പാടുകൾ പുലർത്തുന്ന ഈ തലമുറ പാരിസ്ഥിതിക ചിന്തകൾക്കും സമത്വത്തിനും മാനസികാരോഗ്യത്തിനും മുഖ്യപ്രാധാന്യം നൽകി. കൊവിഡ് – 19 ഈ തലമുറയിലെ ചെറുപ്പക്കാരുടെ കാഴ്ചപ്പാടിൽ വലിയ സ്വാധീനം ചെലുത്തുകയും വൈവിധ്യമാർന്ന സംരംഭകത്വബോധം സൃഷ്ടിക്കുകയും ചെയ്തു.

ആൽഫ തലമുറ (2010–2024)

ഇന്നത്തെ പ്രായം കുറഞ്ഞ തലമുറയാണിത്. ശൈശവകാലം മുതൽ മുതൽ സ്മാർട്ട് ഉപകരണങ്ങളുടെയും നിർമ്മിതബുദ്ധിയുടെയും അത്യാധുനിക സാങ്കേതികവിദ്യയുടെയും അതിവിപുലമായ ലോകത്താണ് ഈ തലമുറ വളരുന്നത്. സാങ്കേതികവിദ്യയുടെയും പരിസ്ഥിതിയുടെയും വേഗത്തിലുള്ള മാറ്റം ഈ തലമുറയെ ആഗോള വീക്ഷണമുള്ളവരും അഭ്യസ്തവിദ്യരുമാക്കി. വേർചൽ റിയാലിറ്റി പോലെയുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഓൺലൈൻ പഠനം സാധ്യമാക്കിയ ഈ തലമുറയുടെ കോവിഡാനന്തര വിദ്യാഭ്യാസത്തിൽ സമൂലമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ഡിജിറ്റൽ ഉപകരണങ്ങളുടെയും സമൂഹ മാധ്യമങ്ങളുടെയും അമിതമായ ഉപയോഗം ആൽഫ തലമുറയുടെ സാമൂഹിക പെരുമാറ്റത്തിലും ധാർമിക ബോധത്തിലും കാര്യമായി പ്രതിഫലിച്ചിട്ടുണ്ട്.

കവർസ്റ്റോറി

മനാസിർ പട്‌ല

ലഹരിയുടെ സ്വന്തം നാട്?

കഴിഞ്ഞ ഡിസംബറിലാണ് ഭാരതപ്പുഴയിൽ നിന്ന് നിലമ്പൂർ വഴിക്കടവ് സ്വദേശിയുടെ മൃതദേഹം ലഭിച്ചത്. കുളിക്കുന്നതിനിടെ പുഴയിൽ മുങ്ങിമരിച്ചതാകാമെന്നായിരുന്നു പ്രാഥമിക നിഗമനം. എന്നാൽ ശരീരത്തിലേറ്റ പരിക്കുകൾ കൊലപാതകമാണോ എന്ന സംശയത്തിനിടയാക്കി. സംശയത്തിന്റെ ചുരുളഴിഞ്ഞപ്പോൾ കൂട്ടുകാരായ ആറു പേർ പിടിയിലായി. മരണപ്പെട്ടയാൾ കൂട്ടുകാർക്കൊപ്പം തലേദിവസം ഒന്നിച്ചിരുന്ന് മദ്യപിച്ചിരുന്നുവെന്നും ഇതിനിടയിലുണ്ടായ തർക്കമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നും തുടർന്നുള്ള അന്വേഷണത്തിൽ നിന്ന് വ്യക്തമായി. മദ്യം നുകർന്ന് സ്വബോധം നഷ്ടപ്പെട്ട ആറുപേർ ചേർന്നു കൂട്ടുകാരനെ കൊന്നു പുഴയിൽ തള്ളുകയായിരുന്നു.

ക്രിസ്മസ് - പുതുവത്സര സീസണിൽ ഇത്തവണ മാത്രം ആകെ വിറ്റത് 712.05 കോടിയുടെ മദ്യമാണ്. മുഖ്യഭക്ഷ്യധാന്യമായ അരി വാങ്ങാൻ സംസ്ഥാനം ചെലവിടുന്നതിന്റെ മൂന്നിരട്ടിയിലേറെ തുക മദ്യം വാങ്ങാൻ മലയാളി വർഷംതോറും ചെലവിടുന്നുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

പുതുവത്സരരാത്രിയിൽ തൃശൂരിനെ ഞെട്ടിച്ചുകൊണ്ട് ഒരു കൊലപാതകം നടന്നു. ലവിൻ എന്നുപോരുള്ള 30 വയസ്സുകാരനാണ് കൊല്ലപ്പെട്ടത്. പ്രതികൾക്കായുള്ള അന്വേഷണം ചെന്നെത്തിയത് കൗമാരക്കാരായ രണ്ടു വിദ്യാർത്ഥികളിലേക്കാണ്. നെഞ്ചിലേറ്റ ഒറ്റ കുത്തിൽ തന്നെ ലവിൻ മരിച്ചിരുന്നു. സംഭവ സമയത്ത് പ്രതികൾ മദ്യവും കഞ്ചാവും ഉപയോഗിച്ചിരുന്നുവെന്ന് തുടരന്വേഷണങ്ങളിൽ വ്യക്തമായി. ആ ലഹരിയാണ് ലവിനെ ഇല്ലാതാക്കിയത്.

എറണാകുളം പറവൂരിനടുത്ത് അയൽവാസിയായ യുവാവ് വീട്ടിൽ അതിക്രമിച്ചു കയറി മൂന്നു പേരെ ഇരുമ്പുപൈപ്പു കൊണ്ട് അടിച്ചുകൊലപ്പെടുത്തിയ വാർത്തയും കഴിഞ്ഞമാസം കേട്ടു. അന്വേഷണത്തിൽ പ്രതി ലഹരിക്കടിമയാണെന്നും നിരവധി കേസുകളിൽ പ്രതിയാണെന്നും തെളിഞ്ഞു. ഇയാൾ സ്വന്തം മാതാപിതാക്കളെയും മർദ്ദിച്ചിരുന്നെന്ന് നാട്ടുകാർ മൊഴിനൽകി.

താമരശ്ശേരി പുതുപ്പാടിയിലെ സുബൈദയുമ്മയുടെ ഏക മകനാണ് ആഷിഖ്. മകന് ഉമ്മയും ഉമ്മാക്ക് മകനും ജീവനാണ്. പ്ലസ്ടുവിന് ശേഷം ബംഗളുരുവിൽ ഓട്ടോമൊബൈൽ കോഴ്സിന് ചേർന്ന ആഷിഖിന്റെ സ്വഭാവത്തിൽ മാറ്റങ്ങൾ കണ്ടുതുടങ്ങി. മകൻ മയക്കുമരുന്നിന് അടിമയാണെന്ന് വൈകാതെ ആ ഉമ്മ മനസ്സിലാക്കി. വീട്ടിൽ ഇടയ്ക്കിടെ പ്രശ്നങ്ങളുണ്ടാക്കിയ ആഷിക്കിനെ ഡി-അഡിക്ഷൻ സെന്ററിൽ ചികിത്സിച്ചിരുന്നു. ബംഗളുരുവിൽ നിന്ന് ആഷിഖ് വീട്ടിലെത്തുമ്പോൾ ബ്രെയിൻ ട്യൂമർ ബാധിച്ച ഉമ്മ ശസ്ത്രക്രിയ കഴിഞ്ഞ് സഹോദരിയുടെ വീട്ടിൽ വിശ്രമത്തിലായിരുന്നു. അടുത്ത വീട്ടിൽ നിന്നു തേങ്ങ പൊളിക്കാനെന്ന പേരിൽ കൊടുവാൾ വാങ്ങിയ ആശിഖ് നൊന്തു പ്രസവിച്ച സ്വന്തം ഉമ്മയെ വെട്ടിക്കൊലപ്പെടുത്തി. തന്നെ പ്രസവിച്ചതിനുള്ള പ്രതികാരമായാണ് ഈ കൊലപാതകമെന്നായിരുന്നു മകന്റെ മൊഴി.

കഴിഞ്ഞ മാസം കേരളം ഞെട്ടലോടെ കേട്ട ലഹരിസംബന്ധമായ വാർത്തകളിൽ ചിലതു മാത്രമാണ് മുകളിലുള്ളത്. പ്രബുദ്ധമെന്ന് വാഴ്ത്തപ്പെട്ട നമ്മുടെ കേരളത്തിൽ ലഹരി എത്രത്തോളം വേരാഴ്ത്തിയിരിക്കുന്നുവെന്ന് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നുണ്ട്. വിദ്യാർത്ഥികൾ മുതൽ വൃദ്ധന്മാർ വരെ ലഹരിയുടെ പിടിയിലാണ്. ലഹരി കാരണമായുള്ള കുറ്റകൃത്യങ്ങൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഇക്കഴിഞ്ഞ പുതുവത്സര ദിനത്തിൽ മലയാളികൾ കുടിച്ചുതീർത്തത് 108 കോടിയുടെ മദ്യമാണ്. പുതുവത്സരത്തലേന്ന് റെക്കോർഡ് മദ്യവിൽപ്പനയാണ് സംസ്ഥാനത്തുണ്ടായത്. കഴിഞ്ഞ വർഷത്തെക്കാൾ 13 കോടിയുടെ വർധനവ്. കഴിഞ്ഞ വർഷം പുതുവർഷത്തലേന്ന് കേരളം കുടിച്ചത് 95.69 കോടിയുടെ മദ്യമായിരുന്നു. ക്രിസ്മസ് - പുതുവത്സര സീസണിൽ ഇത്തവണ മാത്രം ആകെ വിറ്റത് 712.05 കോടിയുടെ മദ്യമാണ്. മുഖ്യഭക്ഷ്യധാന്യമായ അരി വാങ്ങാൻ സംസ്ഥാനം ചെലവിടുന്നതിന്റെ മൂന്നിരട്ടിയിലേറെ തുക മദ്യം വാങ്ങാൻ മലയാളി വർഷംതോറും ചെലവിടുന്നുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

ലഹരിയിലേക്കുള്ള വഴി

പുസ്തകപ്രായിന്

സാമൂഹിക സമ്മർദ്ദമാണ് കൗമാരത്തെ ലഹരിയിലേക്കു നയിക്കുന്ന പ്രധാനഘടകം. കൂട്ടുകാരോടൊപ്പം ഒരു രസത്തിനു വേണ്ടിയാവും ആദ്യം ലഹരി ഉപയോഗിച്ചു തുടങ്ങുക. പിന്നെ വൈവിധ്യമാർന്ന മാരക ലഹരിവസ്തുക്കളുടെ ഉപയോക്താക്കളും വിതരണക്കാരുമായി മാറുന്നു. ലഹരി ജീവിതത്തിന്റെ ഭാഗമാവുന്നതോടെ ലഹരിമാഫിയയുടെ കണ്ണിയിൽ അംഗമാകുന്നു. നിരോധിച്ച പല ലഹരിവസ്തുക്കളും ലഭ്യമാകുന്ന ഇടങ്ങൾ കേരളത്തിൽ സുലഭമാണത്രെ. അന്യസംസ്ഥാന തൊഴിലാളികൾക്കും ഇത് പ്രചരിപ്പിക്കുന്നതിൽ വലിയ പങ്കുണ്ട്.

സമൂഹമാധ്യമങ്ങളിലെ പല പരസ്യങ്ങളും ഇതിനു പ്രചോദകമാണ്. പ്രമുഖ നടന്മാരെയും കായികതാരങ്ങളെയും അഭിനയിപ്പിച്ചു പടച്ചുണ്ടാക്കുന്ന പാൻമസാല പരസ്യങ്ങൾ നിരവധി കൗമാരക്കാരുടെ ഭാവിയാണ് തകർക്കുന്നത്; അനേകം രക്ഷിതാക്കളുടെ പ്രതീക്ഷയും.

മാനസിക പ്രശ്നങ്ങൾക്കുള്ള പരിഹാരമായി ലഹരിയെ കാണുന്നു എന്നതാണ് മറ്റൊരു കാരണം. വിഷാദം, ഉത്കണ്ഠ തുടങ്ങിയ പ്രശ്നങ്ങൾക്ക് ചികിത്സയെന്നോണം ലഹരി ഉപയോഗിക്കുന്നവർ ധാരാളമുണ്ട്. ഇത്തരം ഘട്ടങ്ങളിൽ ലഭിക്കുന്ന ചെറിയ ആശ്വാസം ലഹരിയോടുള്ള അടുപ്പം കൂട്ടുകയും പിന്നീടത് ജീവിതത്തിൽ നിന്ന് ഒഴിച്ചുകൂടാനാവാത്ത ഘടകമായി മാറുകയും ചെയ്യുന്നു.

കുടുംബ പശ്ചാത്തലവും ചിലരെ ലഹരിയിലേക്കടുപ്പിക്കാറുണ്ട്. മക്കളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയില്ലായ്മ, അമിതമായ ലാളന, മാതാപിതാക്കളുടെ ലഹരി ഉപയോഗം എന്നിവയെല്ലാം രക്ഷിതാക്കൾ വഴി മക്കൾ ലഹരിയിലെത്തിപ്പെടാനുള്ള കാരണങ്ങളാണ്. വീട്ടിൽ ലഹരി ഉപയോഗിക്കുന്നവരുണ്ടെങ്കിൽ അതു തന്നെയാണ് കുട്ടികൾക്ക് ലഭിക്കുന്ന ഏറ്റവും വലിയ പ്രോത്സാഹനം. ഗാർഹിക പീഡനകേസുകളിൽ പ്രതിയാകുന്നവരിലധികവും ലഹരി ഉപയോഗിക്കുന്നവരായിരിക്കും. കുട്ടികളുടെ മുമ്പിൽ വച്ച് ലഹരി ഉപയോഗിക്കുന്നതുവഴി അതിന്റെ ദൂഷ്യവശങ്ങൾ മക്കൾ തിരിച്ചറിയാതെ പോവുന്നു. ലഹരി ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത വിഭവമാണെന്ന ധാരണയിലാകും അവർ വളരുക. ഇത്തരം കുട്ടികളെ ലഹരിയിൽ നിന്ന് മോചിപ്പിക്കൽ ഏറെ ശ്രമകരമാണ്.

എളുപ്പത്തിൽ പണം സമ്പാദിക്കാനുള്ള വഴികളന്വേഷിച്ചാണ് കൗമാരക്കാരിൽ പലരും ലഹരി റാകറ്റുകളിലകപ്പെടുന്നത്. ഏജന്റുമാർ കുട്ടികളാവുമ്പോൾ ആരും സംശയിക്കില്ലെന്നതും എളുപ്പത്തിൽ ലഹരി എത്തിച്ചു കൊടുക്കാൻ സാധിക്കുമെന്നതുമാണ് കുട്ടികളെ വലയ്ക്കുള്ളിലാക്കാൻ ലഹരിമാഫിയകളെ പ്രേരിപ്പിക്കുന്നത്. കൂടുതൽ കഷ്ടപ്പെടാതെ, എളുപ്പത്തിൽ ചെയ്യാവുന്ന ജോലിയായതുകൊണ്ട് കൂടുതൽ ആലോചിക്കാതെ അവരതിന് തയ്യാറാകുന്നു. ക്രമേണ, ഏജന്റായി പ്രവർത്തിക്കുന്ന കുട്ടികൾക്ക് ലഹരി നൽകി അവരെയും ലഹരി റാക്കറ്റുകൾ കസ്റ്റമർമാരാക്കും. ലഹരി നുണയുന്ന കുട്ടികൾ പിന്നീടതിന്റെ ആവശ്യക്കാരായി മാറുന്നു. അതിനുവേണ്ടി എന്തു സാഹസങ്ങൾക്കും തയ്യാറാവുന്നു.

പ്രശ്നങ്ങൾ

ലഹരി മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് കണക്കില്ല. സമൂഹത്തിലെ എല്ലാ തലങ്ങളിലും ഇതിന്റെ പ്രത്യാഘാതങ്ങൾ പ്രകടമാണ്. ലഹരി ഒരു വ്യക്തിയെ മാത്രം ബാധിക്കുന്ന ഒന്നല്ല. മറിച്ച്, സമൂഹത്തെ മൊത്തത്തിൽ ബാധിക്കുന്ന പ്രശ്നമാണ്. ദിനേന നാം കേൾക്കുന്ന വാർത്തകൾ ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകും. മിക്ക കൊലപാതകങ്ങളിലും ഗൗരവമേറിയ മറ്റു ക്രിമിനൽകേസുകളിലും അന്വേഷണം ഒടുവിൽ എത്തിച്ചേരുന്നത് ലഹരിയിലേക്കാണ്.

മനുഷ്യന്റെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ലഹരി നശിപ്പിക്കും. ശ്വാസകോശരോഗങ്ങൾ, ഹൃദ്രോഗം, കാൻസർ, മാനസികരോഗങ്ങൾ തുടങ്ങിയവയുടെയെല്ലാം ഒന്നാമത്തെ കാരണം ലഹരിയാണ്. കേരളത്തിലെ കാൻസർരോഗികളുടെ കണക്ക് മാത്രം പരിശോധിച്ചാൽ മതി ഇതിന്റെ ഗൗരവമറിയാൻ. ലഹരി നൽകുന്ന ആനന്ദം ക്ഷണികമാണെങ്കിലും പാർശ്വഫലങ്ങൾ എന്നും നിലനിൽക്കുന്നതായിരിക്കും. ഏകാഗ്രതക്കുറവ്, പ്രശ്നപരിഹാരത്തിന്നുള്ള കഴിവില്ലായ്മ, ഉറക്കില്ലായ്മ, ശുചിത്വമില്ലായ്മ, അടിക്കടി മാറുന്ന വൈകാരികാവസ്ഥ, ആത്മവിശ്വാസക്കുറവ്, മടി, ക്ഷീണം, വിഷാ

സാമൂഹിക സമ്മർദ്ദമാണ് കൗമാരത്തെ ലഹരിയിലേക്കു നയിക്കുന്ന പ്രധാനഘടകം. കൂട്ടുകാരോടൊപ്പം ഒരു രസത്തിനു വേണ്ടിയാവും ആദ്യം ലഹരി ഉപയോഗിച്ചു തുടങ്ങുക. പിന്നെ വൈവിധ്യമാർന്ന മാരക ലഹരിവസ്തുക്കളുടെ ഉപയോക്താക്കളും വിതരണക്കാരുമായി മാറുന്നു.

ലഹരിയെ തുരത്താം

പ്ലസ്പോയിന്റ്

• സ്കൂൾ പരിസരങ്ങളിൽ വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ലഹരി മാഫിയകൾ സജീവമാണ്. ഇവർക്കെതിരെ കർശനമായ നടപടിയെടുക്കാനും അർഹമായ ശിക്ഷ നൽകാനും നിയമപാലകരും രക്ഷിതാക്കളും അധ്യാപകരും ഒരുമിച്ചു പ്രവർത്തിക്കണം.

• ലഹരി പഠനത്തെയും തൊഴിലിനെയും പ്രതികൂലമായി ബാധിക്കുമെന്നും തങ്ങളുടെ ഭാവി അവതാളത്തിലാക്കുമെന്നും കുട്ടികൾക്ക് കൃത്യമായ ബോധവൽക്കരണം നൽകണം.

• പാഠപുസ്തകങ്ങളിലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും ലഹരി വിരുദ്ധ സെമിനാറുകളും സിമ്പോസിയങ്ങളും ഉൾപ്പെടുത്തണം.

• ലഹരിവിരുദ്ധ ജാഗരണ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ ഭാഗവാക്കാക്കണം.

• ലഹരിയുടെ വലയത്തിൽ അകപ്പെട്ടുപോയ വിദ്യാർത്ഥികളെ പിന്തിരിപ്പിക്കാൻ രക്ഷിതാക്കളും അധ്യാപകരും ആരോഗ്യവിദഗ്ധരും പ്രത്യേകം ശ്രദ്ധിക്കണം.

• കുട്ടികളിലുണ്ടാകുന്ന സ്വഭാവ മാറ്റങ്ങളും പഠന പിന്നാക്കാവസ്ഥയും വാശിയും ദേഷ്യവും ഉൽക്കണ്ഠയും ഉറക്കില്ലായ്മയുമെല്ലാം രക്ഷിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം.

• ക്ലാസ് മുറിയിൽ വിദ്യാർത്ഥികളുടെ പെരുമാറ്റത്തിൽ അസ്വാഭാവികതകളുണ്ടെങ്കിൽ അധ്യാപകർ കൃത്യമായി നിരീക്ഷിക്കുകയും ആവശ്യമെങ്കിൽ കൗൺസിലിംഗ് നടത്തുകയും വേണം.

• പുകവലി, മദ്യപാനം തുടങ്ങിയവ ശീലമാക്കിയ രക്ഷിതാക്കളെ കൃത്യമായി ബോധവൽക്കരണം നടത്തി പിന്തിരിപ്പിക്കാനും കുട്ടികളിൽ അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പറഞ്ഞു മനസ്സിലാക്കാനും ആരോഗ്യ സംരക്ഷണ സംഗമങ്ങൾ സംഘടിപ്പിക്കണം.

• ശാരീരിക വ്യായാമം നൽകുന്ന കായിക കലകളെ പ്രോത്സാഹിപ്പിക്കുകയും സ്ക്രീൻ ഉപയോഗം പരമാവധി കുറയ്ക്കാൻ കുട്ടികൾക്ക് രക്ഷിതാക്കൾ മാതൃകയാവുകയും വേണം.

• കൗമാരക്കാരെ ലഹരിയുടെ വലയിൽ നിന്ന് രക്ഷപ്പെടുത്താൻ പ്രാദേശിക സാംസ്കാരിക കൂട്ടായ്മകൾ മുൻകൈയെടുക്കണം.

• ലഹരിയുടെ ഉപയോക്താക്കളെന്ന് സംശയിക്കുന്നവരെ അവഗണിച്ച് മാറ്റി നിർത്തുന്നതിനു പകരം അവരെ ലഹരിമുക്ത ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാനും നാടിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും സാധിക്കണം.

ദം തുടങ്ങി ധാരാളം പാർശ്വഫലങ്ങൾ ലഹരി മൂലമുണ്ടാകുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ നിന്നു തുടങ്ങിക്രമേണ മാരകമായ മറ്റു രോഗങ്ങളിലേക്ക് എത്തിച്ചേരുന്നു.

ലഹരിയുടെ മറ്റൊരു പ്രധാന പ്രത്യാഘാതമാണ് കുടുംബ പ്രശ്നങ്ങൾ. മദ്യപാനവും മറ്റു ലഹരി ഉപയോഗവും കുടുംബത്തിന്റെ കെട്ടുറപ്പ് നശിപ്പിക്കുന്നു. കുടുംബകലഹങ്ങളും ശാരീരിക മാനസിക പീഡനങ്ങളും സഹിക്കാനാവാതെ ജീവനൊടുക്കിയവരും വിവാഹബന്ധങ്ങൾ ഉപേക്ഷിച്ചവരും നിരവധിയാണ്. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഗാർഹിക പീഡനങ്ങളുടെ പ്രധാന കാരണങ്ങളിലൊന്ന് ലഹരി ഉപയോഗമാണ്. മാതാപിതാക്കളെയും ഉടപ്പിറപ്പുകളെയും തിരിച്ചറിയാത്ത വല്ലാത്തൊരു മാനസികാവസ്ഥയിലേക്ക് ലഹരി ഉപയോഗിക്കുന്നവർ എത്തിച്ചേരുന്നു. ഇതുമൂലം ലഹരി ഉപയോഗിക്കുന്നവർ സ്വന്തം രക്തബന്ധത്തിൽ പെട്ടവരെപ്പോലും ശാരീരികവും മാനസികവും ലൈംഗികവുമായ പീഡനങ്ങൾക്ക് വിധേയരാക്കുന്നു. നഗരങ്ങളിലെ ആളൊഴിഞ്ഞ പൊതുവിടങ്ങളിൽ ഒരുമിച്ചുകൂടി ലഹരി ഉപയോഗിച്ച് ശല്യമുണ്ടാക്കുന്നവരും കുറവല്ല. കേരളത്തിൽ ലഹരിത്തെരുവുകൾ വ്യാപകമായിക്കൊണ്ടിരിക്കുന്നുവെന്ന വാർത്തയും ഈയിടെ കേട്ടു.

ലഹരിയുടെ ഉപയോഗം കാരണം തൊഴിൽ നഷ്ടപ്പെടുന്നവരും കുറവല്ല. തൊഴിലിടങ്ങളിലെ അനാശാസ്യ പ്രവണതകളും ലൈംഗികാതിക്രമങ്ങളും വർദ്ധിക്കുന്നതിൽ ലഹരി ഉപയോഗത്തിന് പങ്കുണ്ട്.

മോട്ടോർ വാഹന അപകടങ്ങളാണ് ലഹരി വരുത്തിവെക്കുന്ന മറ്റൊരു വിന. രണ്ടുമാസം മുമ്പ് തൃശ്ശൂരിൽ പണി നടന്നുകൊണ്ടിരിക്കുന്ന ഹൈവേക്കരികിൽ ഉറങ്ങിക്കിടക്കുകയായിരുന്ന നാടോടി കുടുംബത്തിനു മേൽ ലോറി പാഞ്ഞുകയറിയുണ്ടായ ദുരന്തമോർക്കുക. ലോറി ഡ്രൈവറും സഹായിയും മദ്യലഹരിയിലായിരുന്നുവെന്ന് അന്വേഷണങ്ങളിൽ വ്യക്തമായിരുന്നു. കാൽനടയാത്രക്കാർക്ക് പോലും ഭീഷണിയാണ് ലഹരിമയക്കത്തിലുള്ള അപകടകരമായ ഡ്രൈവിംഗ്. കർശനമായ നിയന്ത്രണങ്ങളും പരിശോധനകളുമുണ്ടായിട്ടും ലഹരി ഉപയോഗിച്ചുള്ള ഡ്രൈവിംഗ് നിർബാധം തുടർന്നുകൊണ്ടിരിക്കുന്നുവെന്നത് നഗ്നയാഥാർത്ഥ്യമാണ്. ലഹരിയുടെ ഉപയോഗത്തിലും ഇടപാടുകളിലും നിയമപാലകരുമുണ്ടെന്നാണ് വാർത്തകൾ നൽകുന്ന സൂചന.

ലഹരിയുണ്ടാക്കുന്ന സാമ്പത്തിക നഷ്ടവും ചെറുതല്ല. പൊതുമുതൽ നശിപ്പിച്ചും വാഹനങ്ങൾ അടിച്ചു തകർത്തും ലഹരി ബാധിതർ തെരുവുകളിൽ നടത്തുന്ന അക്രമ പ്രവർത്തനങ്ങൾ നിരവധിയാണ്.



കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

ശഅ്ബാൻ സുകൃതങ്ങളുടെ നിർണയ മാസം

ഹിജ്റകലണ്ടറിൽ എട്ടാമത്തെ മാസമാണ് ശഅ്ബാൻ. യുദ്ധം നിഷിദ്ധമാക്കപ്പെട്ട, പവിത്രമായ റജബ് മാസത്തിനും ഖുർആൻ അവതരിപ്പിക്കപ്പെട്ട വിശുദ്ധ റമളാൻമാസത്തിനുമിടയിലുള്ള അനുഗൃഹീത മാസം. റമളാനിന്റെ മുഖവുരയാണ് ശഅ്ബാൻ മാസം. വേർപെടുന്നത് എന്നാണ് ശഅ്ബാൻ എന്ന പദത്തിനർത്ഥം. ശക്തമായ വരൾച്ച കാരണം വെള്ളമന്വേഷിച്ചു നടന്ന അറബികൾ തമ്മിൽതല്ലി വേർപിരിഞ്ഞുപോയതാവണം ഈ നാമകരണണത്തിന് കാരണം.

റമളാനിനു വേണ്ടിയുള്ള മുന്നൊരുക്കങ്ങൾ നടത്തേണ്ട സമയമായാണ് മുൻഗാമികൾ ഈ മാസത്തെ വരവേറ്റത്. ഇമാം ഇബ്നുറജബ് അൽഹംബലി(റ) പറയുന്നു: 'റമളാനിന്റെ മുഖവുരയാണ് ശഅ്ബാൻ മാസം. റമളാനിൽ നിയമമാക്കപ്പെട്ട നോമ്പ്, ഖുർആൻ പാരായണം തുടങ്ങിയ ആരാധനകൾ ശഅ്ബാനിലും നിയമമാക്കപ്പെട്ടിട്ടുണ്ട്. റമളാനിനെ വരവേൽക്കാനുള്ള തയ്യാറെടുപ്പിനും മനസ്സുകൾ ആരാധനകളാൽ കാരുണ്യവാനായ റബ്ബിന് പൂർണ്ണമായി വിധേയപ്പെടുത്തുന്നതിനും വേണ്ടിയാണിത്.' (ലത്വാഇഫുൽ മആരിഫ്)

ഈ മാസത്തിന്റെ ചില മഹത്വങ്ങളും പ്രത്യേകതകളും പരിചയപ്പെടാം.

ഖിബ്‌ലയുടെ മാറ്റം

ശഅ്ബാൻ മാസത്തിലെ വളരെ ശ്രദ്ധേയമായ സംഭവമാണ് ഖിബ്‌ലമാറ്റം. ഹിജ്റ രണ്ടാം വർഷത്തിലാണ് നബി(സ)യുടെ ഇഷ്ടം പരിഗണിച്ചുകൊണ്ടുള്ള ഈ നിർണായക തീരുമാനം അല്ലാഹുവിൽ നിന്നുണ്ടായത്. നബി(സ)യും സ്വഹാബത്തും മക്കയിൽ നിന്ന് മദീനയിലെത്തിയ ശേഷം 17 മാസവും മൂന്നു ദിവസവും ഫലസ്തീനിലെ ബൈത്തുൽമുഖദ്ദസിലേക്ക് തിരിഞ്ഞായിരുന്നു നിസ്കരിച്ചിരുന്നത്. മക്കയിൽ നിന്ന് ഹിജ്റ പോയി തിരുനബി(സ) മദീനയിലെത്തിയത് റബീഉൽഅവ്വൽ 12 നാണ്. അടുത്തവർഷം ശഅ്ബാൻ പകുതിയിലെ ഒരു ചൊവ്വാഴ്ചയാണ് ഖിബ്‌ല ദിശമാറ്റത്തിന് അല്ലാഹുവിന്റെ നിർദ്ദേശം വന്നത്.

മക്കയിലായിരിക്കുമ്പോൾ ഭൂമിശാസ്ത്രപ്രകാരം ബൈത്തുൽ മുഖദ്ദസും കഅ്ബയും ഒരേ ദിശയിലായിരുന്നതിനാൽ ബൈത്തുൽ മുഖദ്ദസിലേക്ക് തിരിയുമ്പോൾ കഅ്ബയിലേക്കും അഭിമുഖമാകുമായിരുന്നു. എന്നാൽ, മദീനയിൽ നിന്ന് ബൈത്തുൽമുഖദ്ദസിലേക്ക് തിരിയുമ്പോൾ കഅ്ബാലയം പിറകിലായിപ്പോയി. ഇത് നബി(സ)ക്ക് ഏറെ മനോവിഷമമുണ്ടാക്കി. കഅ്ബ ഖിബ്‌ലയാകണമെന്ന് നബി(സ) വളരെയധികം ആഗ്രഹിക്കുകയും അല്ലാഹുവിൽ നിന്ന് ആ തീരുമാനം ഉടൻ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തു.

കഅ്ബാലയം

ലോകനേതൃത്വം ഇസ്രായീല്യരിൽ നിന്ന് മുസ്‌ലിംകളിലേക്ക് മാറിയതിന്റെ പ്രതീകാത്മക സൂചനയായ ഖിബ്‌ലമാറ്റം കഅബയിലേക്കു തന്നെയാവണമെന്ന് നബി(സ) ആഗ്രഹിക്കാൻ പല കാരണങ്ങളുണ്ട്.

1. കഅ്ബ നിലകൊള്ളുന്ന മക്കയെ നബി(സ) വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു. ഹിജ്റ പോകുന്ന സമയത്ത് അവിടുന്ന് മക്കയോടു പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: 'അല്ലാഹുവിന്റെ ഭൂമിയിൽ ഏറ്റവും മഹത്വമുള്ള ഭൂമിയാണ് നീ. എനിക്ക് ഏറ്റവും പ്രിയങ്കരമായ നാടും നീ തന്നെ. ചിലർ എന്നെ പുറത്താക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ വിട്ടുപോകുമായിരുന്നില്ല.' (അഹ്മദ്)

2. മദീനയിലെത്തിയ നബി(സ) ബൈത്തുൽമുഖദ്ദസിലേക്ക് തിരിഞ്ഞു നിസ്കരിച്ചപ്പോൾ ജൂതന്മാർ പരിഹസിച്ചു: 'മുഹമ്മദ് നമ്മോടെതിരാകുന്നു. എന്നാൽ, നമ്മുടെ ഖിബ്‌ലയെ പിന്തുടരുകയും ചെയ്യുന്നു.' ഇതും നബി(സ)ക്ക് വലിയ മനഃപ്രയാസം സൃഷ്ടിച്ചു. യഥാർത്ഥത്തിൽ ബൈത്തുൽമുഖദ്ദസിലേക്ക് തിരിയാനുള്ള അല്ലാഹുവിന്റെ നിർദ്ദേശം ജൂതന്മാർ നബി(സ)യെ അംഗീകരിക്കാൻ കൂടിയായിരുന്നു. തൗറാത്തിൽ നബി(സ)യുടെ ഒരു വിശേഷണം 'രണ്ടു ഖിബ്‌ലയുടെയാൾ' എന്നായിരുന്നു. ഇതിന്റെ സാക്ഷാത്കാരമാണല്ലോ ഖിബ്‌ലമാറ്റം. ദിശമാറ്റം നടപ്പാക്കുന്നതിലൂടെ നബി(സ) യഥാർത്ഥ പ്രവാചകനാണെന്നുള്ള ബോധ്യപ്പെടുത്തൽ കൂടിയാണുണ്ടായത്.

3. വിശുദ്ധ കഅ്ബ പിതാമഹനായ ഖലീലുല്ലാഹി ഇബ്റാഹീം നബി(അ)ന്റെ കരങ്ങളാൽ പുനർനിർമ്മാണം നടത്തപ്പെട്ടതാണ്. ഇബ്റാഹീംനബി(അ)ന്റെ പ്രാർത്ഥനാഫലമായാണ് മക്ക ജനവാസകേന്ദ്രമായതും.

4. നബി(സ)യും അവിടുത്തെ പൂർവ്വപിതാക്കളും കുടുംബവും ജീവിച്ചത് മക്കയിലാണ്.

5. അല്ലാഹുവിന്റെ ഭൂമിയിലെ ആദ്യ ആരാധനാലയമാണ് കഅ്ബ.

ഇബ്നുഅബ്ബാസ്(റ) പറയുന്നു: 'നബി(സ) ബൈത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞു നിസ്കരിച്ചിരുന്ന കാലത്ത് നിസ്കാരത്തിൽ നിന്ന് സലാം വീട്ടിയാൽ മുകളിലേക്ക് നോക്കാറുണ്ടായിരുന്നു.'

തിരുനബി(സ)യുടെ ആഗ്രഹസാഫല്യമായി ഖിബ്‌ലമാറ്റം സംബന്ധിച്ച് ഖുർആൻ അവതരിച്ചു: 'അങ്ങയുടെ മുഖം ആകാശത്തേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ, താങ്കളിഷ്ടപ്പെടുന്ന ഒരു ഖിബ്‌ലയിലേക്ക് അങ്ങയെ നാം തിരിക്കുകയാണ്. ഇനിമുതൽ അങ്ങയുടെ മുഖം മസ്ജിദുൽഹറാമിന്റെ നേർക്ക് തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിനു നേർക്കാണ് മുഖം തിരിക്കേണ്ടത്. ഇത് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യവചനമാണെന്ന് വേദം നൽകപ്പെട്ടവർക്ക് നന്നായറിയാം. അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ചൊന്നും അല്ലാഹു അശ്രദ്ധനല്ല.' (സൂറത്തുൽ ബഖറ 144)

ഒരു അസ്ർ നിസ്കാരസമയത്താണ് ഈ സൂക്തം അവതരിച്ചത്. അന്നു നിസ്കാരം കഴിഞ്ഞ് മടങ്ങുകയായിരുന്ന ഒരു സ്വഹാബി അൻസ്വാരികളിൽ ചിലർ ബൈത്തുൽമുഖദ്ദസിലേക്ക് തിരിഞ്ഞു നിസ്കരിക്കുന്നത് കാണാനിടയായി. അപ്പോൾ അദ്ദേഹം ഉറക്കെ വിളിച്ചുപറഞ്ഞു: 'സഹോദരങ്ങളേ, ഞാൻ നബി(സ)യോടൊന്നിച്ച് നിസ്കരിച്ചാണ് വരുന്നത്. ഖിബ്‌ലയുടെ ദിശ കഅ്ബയിലേക്ക് മാറ്റിക്കൊണ്ട് അല്ലാഹുവിൽ നിന്നുള്ള ആയത്ത് ഇറങ്ങിയിട്ടുണ്ട്.' ഇതു കേട്ടപ്പോൾ അവർ ഒന്നടങ്കം അസർനിസ്കാരത്തിലെ റുകൂഇൽ കഅ്ബയിലേക്ക് തിരിഞ്ഞു നിസ്കാരം തുടർന്നു. (ബുഖാരി)

ഖിബ്‌ല മാറ്റിയ വിവരം പലരും പിന്നീടാണറിഞ്ഞത്. അറിഞ്ഞയുടൻ എല്ലാവരും നിയമം അംഗീകരിച്ച് പ്രാവർത്തികമാക്കി. ബനൂസൽമ ഗോത്രക്കാർക്ക് രണ്ടാം ദിവസം സുബ്ഹി നിസ്കാരത്തിൽ ഒരു റക്അത്ത് നിസ്കരിച്ചപ്പോഴാണ് ഖിബ്‌ല മാറ്റിയ വിവരം ലഭിച്ചത്. ഈ പ്രഖ്യാപനം കേട്ട മാത്രയിൽ അവർ ഒന്നടങ്കം കഅ്ബയുടെ ഭാഗത്തേക്ക് തിരിഞ്ഞു നിസ്കാരം തുടർന്നു.

വ്രതനുഷ്ഠാനം

സുന്നത്തായ നോമ്പെടുക്കുന്നതിന് ഏറെ ശ്രേഷ്ഠതയുള്ള മാസമാണ് ശഅ്ബാൻ. നബി(സ) ഈ മാസത്തിൽ ധാരാളം നോമ്പനുഷ്ഠിച്ചിരുന്നു. ഇമാംബുഖാരി(റ) ഉദ്ധരിച്ച ഹദീസിൽ കാണാം: 'ശഅ്ബാനിൽ നബി(സ) നോമ്പെടുക്കുന്നതിനെക്കാൾ കൂടുതൽ മറ്റൊരു മാസത്തിലും നോമ്പെടുക്കാറുണ്ടായിരുന്നില്ല. ശഅ്ബാൻ മുഴുവനും അവിടുന്ന് നോമ്പെടുക്കാറുണ്ടായിരുന്നു.' (ബുഖാരി)

ഉസാമതുബ്നു സൈദ്(റ) ഒരിക്കൽ നബി(സ)യോട് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അവിടുന്ന് ശഅ്ബാനിൽ നോ

നബി(സ) പറഞ്ഞു: 'റജബിനെയും റമളാനിനെയും വളരെ മഹത്വമുള്ളതായി ജനങ്ങൾ കാണുമ്പോൾ അതിനിടയിലുള്ള ശഅ്ബാൻ മാസം അവഗണിക്കപ്പെട്ടു പോകുന്നു. മനുഷ്യന്റെ കർമ്മങ്ങൾ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നത് ഈ മാസത്തിലാണ്. എന്റെ സൽകർമ്മങ്ങൾ നോമ്പുകാരനായിരിക്കെ ഉയർത്തപ്പെടാൻ ഞാൻ ഇഷ്ടപ്പെടുന്നു.' (നസാഈ 2357)

മെടുക്കുന്നതുപോലെ മറ്റൊരു മാസത്തിലും നോമ്പനുഷ്ഠിക്കുന്നത് കാണാറില്ലല്ലോ?' അപ്പോൾ നബി(സ) പറഞ്ഞു: 'റജബിനെയും റമളാനിനെയും വളരെ മഹത്വമുള്ളതായി ജനങ്ങൾ കാണുമ്പോൾ അതിനിടയിലുള്ള ശഅ്ബാൻ മാസം അവഗണിക്കപ്പെട്ടു പോകുന്നു. മനുഷ്യന്റെ കർമ്മങ്ങൾ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നത് ഈ മാസത്തിലാണ്. എന്റെ സൽകർമ്മങ്ങൾ നോമ്പുകാരനായിരിക്കെ ഉയർത്തപ്പെടാൻ ഞാൻ ഇഷ്ടപ്പെടുന്നു. (നസാഈ 2357)

ശഅ്ബാൻ പകുതിക്ക് ശേഷമുള്ള ദിനങ്ങളിൽ നോമ്പ് നിഷിദ്ധമാണെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. ഈ പറഞ്ഞത് നിരുപാധികമല്ലെന്നും നേരത്തെ നോറ്റുവരുന്ന നോമ്പിന്റെ തുടർച്ചയായോ പതിവനുസരിച്ചോ ശഅ്ബാൻ പകുതിക്ക് ശേഷം നോമ്പെടുക്കുന്നതിന് വിരോധമില്ലെന്നും പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. നേർച്ചയാക്കിയ നോമ്പെടുക്കുന്നതോ ഫർളോ സുന്നത്തോ ആയ നോമ്പ് ഖളാഅ് വീട്ടുന്നതോ ഈ സമയത്ത് ഹറാമില്ല. (ഫത്ഹുൽമുഈൻ)

ബറാഅത്ത് രാവ് കഴിഞ്ഞാൽ പിന്നീട് ഒരു നോമ്പും പാടില്ലെന്ന ധാരണ പൊതുവെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ചിലർ ഈ ധാരണയനുസരിച്ച് ഖളാഅ് നോമ്പു പോലും വീട്ടാതിരിക്കാറുമുണ്ട്. റമളാനിൽ നഷ്ടപ്പെട്ടത് ഖളാഅ് വീട്ടിയിട്ടില്ലെങ്കിൽ പെട്ടെന്നു തന്നെ നോറ്റു വീട്ടാൻ ശ്രദ്ധിക്കണം; ശഅബാൻ പകുതി കഴിഞ്ഞിട്ടാണെങ്കിലും ശരി.

സ്വലാത്തിന്റെ മാസം

അല്ലാഹു നബി(സ)ക്ക് കൊടുക്കുന്ന ആദരവിന്റെയും ബഹുമാനത്തിന്റെയും അടയാളമാണ് സ്വലാത്ത്. സൂറതുൽഅഹ്സാബിലെ 56-ാം വചനത്തിലൂടെ അല്ലാഹു നിർദ്ദേശിക്കുന്നു: 'തീർച്ചയായും, അല്ലാഹുവും അവന്റെ മലക്കുകളും നബി(സ)യുടെ മേൽ സ്വലാത്ത് നിർവഹിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങളും നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുക.' ഈ സൂക്തം ഇറങ്ങിയത് ശഅ്ബാൻ മാസത്തിലാണെന്ന് മുഫസ്സിറുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാഹുവും മലക്കുകളും ചെയ്യുന്നതിനാൽ നിങ്ങളും ചെയ്യണമെന്ന നിർദ്ദേശം മറ്റൊരു ഇബാദത്തിന്റെ കാര്യത്തിലും കാണാൻ കഴിയില്ല.

അനസ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'റജബ് അല്ലാഹുവിന്റെ മാസവും ശഅ്ബാൻ എന്റെ മാസവും റമളാൻ എന്റെ സമുദായത്തിന്റെ മാസവുമാണ്.' (ബൈഹഖി)

ഈ ഹദീസിൽ ശഅ്ബാൻ

ശഅ്ബാൻ പതിനഞ്ചിന്റെ രാത്രിയെ പ്രത്യേകം സജീവമാക്കലും ആരാധനകൾ കൊണ്ട് ധന്യമാക്കലും സ്വഹാബത്തിന്റെ പതിവായിരുന്നു. ബറാഅത്ത് രാവ് എന്നവർ ഇതിനെ വിളിക്കുകയും ചെയ്തിരുന്നു. ഇക്രിമ(റ) പറഞ്ഞു: 'ഇബ്നുഅബ്ബാസ്(റ) ശഅ്ബാൻ പതിനഞ്ചിന്റെ രാത്രിയെ 'ലൈലത്തുൽ ബറാഅ' എന്ന് വിളിക്കാറുണ്ടായിരുന്നു. (തഫ്സീറുമാവറദി)

എന്റെ മാസമാണെന്ന് നബി(സ) പറഞ്ഞത് സ്വലാത്ത് ചൊല്ലാൻ നിർദ്ദേശിക്കപ്പെട്ട ആയത്തിറങ്ങിയ മാസമായതിനാലും അവിടുത്തെ അഭിലാഷമായിരുന്ന ഖിബ്‌ല മാറ്റം നടപ്പാക്കപ്പെട്ടതിനാലുമായിരിക്കാം. അതിനാൽ സ്വലാത്തിന്റെ വാർഷികം കൂടിയാണ് വിശുദ്ധ ശഅ്ബാൻ മാസം.

ഇബാദത്തിൽ മുന്നേറാം

ശഅ്ബാൻ മാസത്തിൽ ഇബാദത്തിൽ കൂടുതൽ താല്പര്യം പ്രകടിപ്പിക്കൽ മുൻഗാമികളുടെ പതിവായിരുന്നു. റമളാനിലേക്കുള്ള കവാടമായ ശഅ്ബാനിൽ കൂടുതൽ ഇബാദത്ത് ചെയ്ത് തഴക്കവും വഴക്കവും നേടുമ്പോൾ റമളാനിലെ ആരാധനകൾ കൂടുതൽ മധുരമുള്ളതാകും.

അനസ്(റ) നിവേദനം. 'ശഅ്ബാൻ പ്രവേശിച്ചാൽ വിശ്വാസികൾ ഖുർആൻ പാരായണത്തിൽ മുഴുകാറുണ്ടായിരുന്നു. ദുർബലർക്കും മിസ്കീന്മാർക്കും റമളാനിലെ നോമ്പെടുക്കുന്നതിന് ശക്തി ലഭിക്കുന്നതിന്നായി സമ്പത്തിന്റെ സകാത്ത് അവർ നൽകുകയും ചെയ്തിരുന്നു.' (ലത്വാഇഫുൽമആരിഫ്)

ബറാഅത്ത് രാവ്

ശഅ്ബാൻ മാസത്തിലെ വളരെ പ്രധാനപ്പെട്ട രാവാണ് പതിനഞ്ചിന്റെ രാത്രിയായ ബറാഅത്ത് രാവ്. അല്ലാഹു തന്റെ അടിമകൾക്ക് പാപമോചനവും നരകമോചനവും നൽകുന്ന അനുഗൃഹീത രാവ്. അല്ലാഹു പറയുന്നു: 'തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാവിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും, നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു. യുക്തിപൂർണ്ണമായ ഓരോ കാര്യവും ആ രാത്രിയിൽ വേർതിരിച്ചു വിവരിക്കപ്പെടുന്നു.' (സൂറതുദുഖാൻ-3,4)

പ്രസ്തുത ആയത്തിൽ പരാമർശിച്ച അനുഗൃഹീത രാവ് കൊണ്ടുള്ള ഉദ്ദേശ്യം ശഅ്ബാൻ പതിനഞ്ചിന്റെ രാത്രിയാണെന്ന് ഇക്രിമ(റ)വും ഒരു കൂട്ടം പണ്ഡിതരും അഭിപ്രായപ്പെട്ടിട്ടുണ്ട്. (റാസി 27/237)

ഈ രാവിന്റെ മഹത്വം വിശദീകരിക്കുന്ന ധാരാളം ഹദീസുകൾ വന്നിട്ടുണ്ട്. അതിലൊന്നാണ് ആയിശ(റ) നിവേദനം ചെയ്ത ഹദീസ്. നബി (സ) പറഞ്ഞു: 'ജിബ്രീൽ(അ) എന്നോട് പറഞ്ഞു: 'ഇത് ശഅ്ബാൻ പകുതിയുടെ രാവാണ്. കൽബ് ഗോത്രക്കാരുടെ ആടുകൾക്കുള്ള രോമങ്ങളുടെ എണ്ണമനുസരിച്ച് നരകവാസികളെ ഈ രാത്രിയിൽ അല്ലാഹു മോചിപ്പിക്കുന്നതാണ്.' (ബൈഹഖി, അത്തർഗീബുവത്തർഹീബ്)

അലി(റ) നിവേദനം. നബി (സ) പറഞ്ഞു: 'ശഅ്ബാൻ പകുതിയുടെ രാത്രിയിൽ നിങ്ങൾ നിസ്കരിക്കുകയും പകലിൽ നോമ്പനുഷ്ഠിക്കുകയും ചെയ്യുക.' (ഇബ്നുമാജ)

ഈ രാത്രിയെ പ്രത്യേകം സജീവമാക്കലും ആരാധനകൾ കൊണ്ട് ധന്യമാക്കലും സ്വഹാബത്തിന്റെ പതിവായിരുന്നു. ബറാഅത്ത് രാവ് എന്നവർ ഇതിനെ വിളിക്കുകയും ചെയ്തിരുന്നു.

ഇക്രിമ(റ) പറഞ്ഞു: 'ഇബ്നുഅബ്ബാസ്(റ) ശഅ്ബാൻ പതിനഞ്ചിന്റെ രാത്രിയെ 'ലൈലത്തുൽ ബറാഅ' എന്ന് വിളിക്കാറുണ്ടായിരുന്നു. (തഫ്സീറുമാവറദി)

നിർണ്ണയത്തിന്റെ രാവ്

മനുഷ്യന്റെ ആയുസ്സ്, ജനനം, മരണം, അന്നപാനീയങ്ങൾ, ജയപരാജയങ്ങൾ, ആരോഗ്യം തുടങ്ങി ഒരു വർഷത്തേക്കുള്ള മുഴുവൻ കാര്യങ്ങളും നിർണയിക്കുകയും ഓരോന്നിന്റെയും കാര്യകർത്താക്കളായ മലക്കുകളിലേക്ക് അതാത് കാര്യങ്ങൾ ഏൽപ്പിക്കുകയും ചെയ്യുന്നത് ഈ രാത്രിയിലാണ്. ഉസ്മാനുൽ മുഗീറ(റ) നിവേദനം. നബി(സ) പറഞ്ഞു: 'ഒരു ശഅ്ബാൻ മുതൽ അടുത്ത ശഅ്ബാൻ വരെയുള്ള ആയുസ്സ് ഈ രാത്രിയിൽ തീരുമാനിക്കപ്പെടും. മനുഷ്യൻ വിവാഹിതനാകുന്നത്, സന്താനം ജനിക്കുന്നത് തുടങ്ങിയവയെല്ലാം രേഖപ്പെടുത്തപ്പെടും.' (ഖുർതുബി-16/126)

ഇത്രയേറെ മഹത്വമുള്ളതിനാലും ഭാവി തീരുമാനിക്കപ്പെടുന്ന രാത്രിയായതിനാലും ഈ രാത്രിയിൽ മൂന്ന് യാസീൻ പാരായണം ചെയ്തു ദുആ ചെയ്യൽ പതിവുള്ളതാണ്. നല്ല ഭാവിയുണ്ടാവാൻ ഈ രാത്രിയിൽ ചെയ്യുന്ന ഇബാദത്തുകൾ കാരണമാകും. ദുആഇന് ഉത്തരം ലഭിക്കുന്ന രാത്രി കൂടിയാണിത്.

യാസീൻ പാരായണം

ബറാഅത്ത് രാവിൽ മൂന്നു തവണ യാസീൻ പാരായണം ചെയ്യൽ മുസ്‌ലിം സമൂഹം കാലങ്ങളായി ചെയ്തുവരുന്ന ഒരു പുണ്യകർമ്മമാണ്. ഖുർആനിന്റെ ഹൃദയമാണെന്നു വിശേഷിപ്പിക്കപ്പെട്ട യാസീൻ ഏത് ഉദ്ദേശ്യം വച്ചുകൊണ്ട് ഓതിയാലും അത് നിറവേറുന്നതാണെന്ന് ഹദീസി

ലുണ്ട്.

ഒരു വർഷത്തേക്കുള്ള കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത് ഈ രാവിലാണെന്ന് വിവരിച്ചല്ലോ. പ്രസ്തുത കാര്യങ്ങൾ നല്ല രൂപത്തിലാവണമെന്ന നിയ്യത്തോടെ യാസീൻസൂറത്ത് പാരായണം ചെയ്യാൻ പൂർവ്വകാല പണ്ഡിത മഹത്തുക്കൾ നിർദ്ദേശിച്ചതാണ്.

പ്രമുഖ പണ്ഡിതനും അദ്ധ്യാത്മിക രംഗത്ത് അറിയപ്പെട്ട മഹാനുമായ അല്ലാമാ മുർത്തളാ സബീതി(റ) എഴുതുന്നു: 'ബറാഅത്ത് രാവിനെ ആരാധനകൾ കൊണ്ട് സജീവമാക്കൽ മുൻഗാമികളുടെ മാതൃകയാണ്. അന്നേദിവസം യാസീൻ സൂറത്ത് പാരായണം ചെയ്ത് ദുആ ചെയ്യണം. ആദ്യ തവണ യാസീൻ ഓതി ആയുസ്സിൽ ബറകതുണ്ടാവാൻ ദുആ ചെയ്യണം. രണ്ടാം തവണ യാസീൻ ഓതി ഉപജീവനമാർഗങ്ങളിൽ ബറകതുണ്ടാകാൻ ദുആ ഇരക്കണം. മൂന്നാം തവണ യാസീൻ ഓതി ജീവിതാന്ത്യം നന്നാവാൻ ദുആ ചെയ്യണം.' (ഇത്ഹാഫുസ്സാദത്തിൽ മുത്തഖീൻ-3/247)

ശൈഖ് മുഹമ്മദ് ദിമ്യാത്തി(റ) ഇത് വിശദീകരിച്ചുകൊണ്ട് പറയുന്നു: 'യാസീൻ പാരായണത്തിനിടയിൽ അന്യകാര്യങ്ങൾ സംസാരിക്കരുത്. ഒന്നാമത്തെ യാസീൻ ആയുസ്സിൽ ബറകതുണ്ടാവണമെന്ന ഉദ്ദേശ്യത്തോടെയും രണ്ടാമത്തെ യാസീൻ ഉപജീവനമാർഗങ്ങളിൽ ബറകതുണ്ടാവണമെന്ന ഉദ്ദേശ്യത്തോടെയും മൂന്നാമത്തേത് പാരത്രിക ലോകത്ത് വിജയികളുടെ പട്ടികയിൽ ഉൾപ്പെടണമെന്ന ഉദ്ദേശ്യത്തോടെയുമാണ്. (നിഹായതുൽ അമൽ-280)

അസ്ർ നിസ്കാര ശേഷമാണ് മൂന്ന് യാസീൻ ഓതേണ്ടതെന്ന് പറഞ്ഞവരുമുണ്ട്. ഈ രാവിൽ സൂറത്തു ദുഖാൻ ഓതലും സുന്നത്തുണ്ട്.

നബി(സ) പറഞ്ഞു: 'രാത്രിയിൽ സൂറത്തുദുഖാൻ പാരായണം ചെയ്യുന്നവർക്ക് നേരം പുലരുന്നതു വരെ 70000 മലക്കുകൾ പാപമോചനം തേടുന്നതാണ്.' (തിർമുദി-2888)

ഏറെ മഹത്വവും ശ്രേഷ്ഠതയുമുള്ള ഈ രാത്രിയുടെ ഫലങ്ങൾ ലഭിക്കാത്ത ഏതാനും വിഭാഗങ്ങളുണ്ട്. നബി (സ) പറയുന്നു: 'ഈ രാത്രിയിൽ അല്ലാഹു എല്ലാ മുസ്‌ലിംകൾക്കും പാപങ്ങൾ പൊറുത്തുകൊടുക്കും. എന്നാൽ ജ്യോത്സ്യന്മാർ, കുഴഷക്കാർ, മദ്യപാനികൾ, മാതാപിതാക്കളെ ധിക്കരിക്കുന്നവർ, വ്യഭിചാരികൾ എന്നിവർക്ക് ഒരു പരിഗണനയും നൽകില്ല.' (തഫ്സീറുൽകബീർ)

ബറാഅത്ത് നോമ്പ്

ബറാഅത്ത് ദിനമായ ശഅ്ബാൻ പതിനഞ്ചിന്റെ പകലിൽ നോമ്പനുഷ്ഠിക്കുന്നതും കാലങ്ങളായി തുടർന്നുവരുന്ന ഒരു പുണ്യകർമമാണ്. കർമശാസ്ത്ര പണ്ഡിതർ ഇത് വ്യക്തമാക്കിയിട്ടുണ്ട്. ഇമാം റംലി(റ)വിനോട് ചോദിക്കപ്പെട്ടു: 'ശഅ്ബാൻ പതിനഞ്ചിന്റെ രാത്രിയിൽ നിസ്കരിക്കുകയും പകൽ നോമ്പനുഷ്ഠിക്കുകയും ചെയ്യുക' എന്ന ഹദീസ് ഇബ്നുമാജ ഉദ്ധരിക്കുന്നുണ്ടല്ലോ, ഇത് സ്വഹീഹാണോ? ഇങ്ങനെ ഒരു നോമ്പ് സുന്നത്തുണ്ടോ?'

മറുപടി: ശഅ്ബാൻ പതിനഞ്ചിന് നോമ്പെടുക്കൽ സുന്നത്താണ്. ശഅബാൻ 13,14,15 എന്നീ മൂന്ന് ദിവസങ്ങളിലും നോമ്പെടുക്കൽ സുന്നത്താണ്. (ഫതാവാ റംലി-2/79)

ഇമാം ഇബ്നുഹജർ(റ) വെള്ളിയാഴ്ചയിൽ നോമ്പനുഷ്ഠിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നിടത്ത് പറയുന്നു: 'വെള്ളിയാഴ്ച മാത്രമായി നോമ്പനുഷ്ഠിക്കൽ കറാഹത്താണ്. കാരണം, വെള്ളിയാഴ്ച വിശ്വാസികളുടെ ആഘോഷ ദിവസമാണല്ലോ. എന്നാൽ സുന്നത്തായ ഏതെങ്കിലും നോമ്പ് വെള്ളിയാഴ്ചകളിൽ വന്നാൽ (അറഫാ ദിനം പോലെ) അന്ന് നോമ്പെടുക്കുന്നത് കറാഹത്തില്ല. ഇവിടെ ഇമാം ഇബ്നുഖാസിം(റ) 'ബറാഅത്ത് ദിനം പോലെ' എന്ന് ഉദാഹരണം പറഞ്ഞിട്ടുണ്ട്. (തുഹ്ഫ-3/458) ഇതിൽ നിന്നെല്ലാം ബറാഅത്ത് ദിനത്തിൽ നോമ്പനുഷ്ഠിക്കൽ സുന്നത്താണെന്ന് മനസ്സിലാക്കാം.

മഹത്വം ലഭിക്കാത്തവർ

ഏറെ മഹത്വവും ശ്രേഷ്ഠതയുമുള്ള ഈ രാത്രിയുടെ ഫലങ്ങൾ ലഭിക്കാത്ത ഏതാനും വിഭാഗങ്ങളുണ്ട്. നബി (സ) പറയുന്നു: 'ഈ രാത്രിയിൽ അല്ലാഹു എല്ലാ മുസ്‌ലിംകൾക്കും പാപങ്ങൾ പൊറുത്തുകൊടുക്കും. എന്നാൽ ജ്യോത്സ്യന്മാർ, കുഴപ്പക്കാർ, മദ്യപാനികൾ, മാതാപിതാക്കളെ ധിക്കരിക്കുന്നവർ, വ്യഭിചാരികൾ എന്നിവർക്ക് ഒരു പരിഗണനയും നൽകില്ല.' (തഫ്സീറുൽകബീർ)

മുആദുബ്നു ജബൽ(റ) പറഞ്ഞു: 'ശിർക് ചെയ്യുന്നവരും കുഴപ്പക്കാരുമല്ലാത്ത എല്ലാ സൃഷ്ടികൾക്കും ശഅ്ബാൻ പകുതിയുടെ രാവിൽ അല്ലാഹു അനുഗ്രഹം നൽകുകയും പാപങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യും.' (ത്വബ്റാനി)

കുടുംബബന്ധം മുറിക്കുന്നവർക്കും സിഹ്ർ ചെയ്യുന്നവർക്കും പലിശ ഭക്ഷിക്കുന്നർക്കും ബറാഅത്തിന്റെ ശ്രേഷ്ഠത ലഭിക്കില്ലെന്ന് പണ്ഡിതർ പറഞ്ഞിട്ടുണ്ട്.

ആരോഗ്യം

ഫവാസ് പട്ടുവം

ഗർഭകാലം: കരുതൽ വേണം

ഗർഭകാലത്ത് സ്ത്രീകൾക്ക് കൂടുതൽ പരിഗണനയും കരുതലും ആവശ്യമാണ്. മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് വെല്ലുവിളികൾ നേരിടുന്ന കാലം കൂടിയാണ് ഗർഭകാലം. ഗർഭിണികൾ ശ്രദ്ധിക്കാൻ ചില കാര്യങ്ങൾ:

സ്ത്രീജീവിതത്തിലെ പ്രധാന ഘട്ടമാണ് ഗർഭകാലം. സ്ത്രീകൾക്ക് കൂടുതൽ കരുതലും പരിഗണനയും ആവശ്യമായ കാലയളവാണത്. 280 ദിവസമാണ് സാധാരണ ഗർഭകാലം, അതായത് 40 ആഴ്ചകൾ. ഗർഭിണികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ഗർഭസ്ഥ ശിശുവിന്റെ ആരോഗ്യത്തെയും കാര്യമായി ബാധിക്കുമെന്നാണ് ആരോഗ്യവിദഗ്ധർ പറയുന്നത്.

ഭക്ഷണരീതി

ആരോഗ്യത്തിന്റെ ആദ്യ പടിയാണ് കൃത്യമായ ആഹാരരീതി. ശരീരത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം പ്രദാനം ചെയ്യുന്നത് നല്ല ഭക്ഷണങ്ങളാണ്. ശാരീരിക പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം ആവശ്യമാകുന്ന കാലയളവാണ് ഗർഭകാലം. അതിനാൽ, ഗർഭകാലത്ത് ധാരാളം പോഷകങ്ങളടങ്ങിയ ഭക്ഷണരീതി അനിവാര്യമാണ്. തുടക്കത്തിൽ തന്നെ ഇത്തരം ഭക്ഷണരീതികൾ ശീലിച്ചാൽ ഗർഭിണിയുടെയും ഗർഭസ്ഥശിശുവിന്റെയും ആരോഗ്യം കൂടുതൽ സുരക്ഷിതമാക്കാം.

ഗർഭകാലത്ത് സ്ത്രീകൾ രണ്ടുപേർക്കുള്ള ഭക്ഷണം കഴിക്കണമെന്ന് പലരും പറയാറുണ്ട്. ഒരു സാധാരണ സ്ത്രീക്ക് ദിനേന ആവശ്യമാകുന്നത് 1800 മുതൽ 2000 കിലോ കലോറി വരെ എനർജിയാണ്. എന്നാൽ, 2350 കിലോ കലോറി ഗർഭിണിക്കാവശ്യമാണ്. അമിതമായി ആഹാരം കഴിക്കുന്നതിനു പകരം കൃത്യമായ ഇടവേളകളിൽ അൽപാല്പമായി ഭക്ഷണം കഴിക്കുന്നതാണ് ഗർഭകാലത്ത് ഉചിതം. അമിതായി ഭക്ഷണം കഴിക്കാൻ ഗർഭിണിയെ പ്രേരിപ്പിക്കുന്നതും ഭൂഷണമല്ല.

ഗർഭിണിയുടെയും ഗർഭസ്ഥശിശുവിന്റെയും ആരോഗ്യത്തിന്നാവശ്യമായ പോഷകസമൃദ്ധമായ ആഹാരങ്ങൾ ഭക്ഷണമെനുവിൽ ഉൾപ്പെടുത്തണം. ഗർഭകാലത്തെ വിളർച്ചയെയും രക്തസമ്മർദ്ദത്തെയും നിയന്ത്രിക്കാൻ സഹായിക്കുന്നതും ഗർഭസ്ഥശിശുവിന്റെ വൈകല്യങ്ങളെ തടയാൻ സഹായിക്കുന്നതുമായ ഫോളിക് ആസിഡ് അടങ്ങിയ ഭക്ഷണങ്ങൾ കൂടുതൽ കഴിക്കാൻ ശ്രമിക്കണം. ചീര പോലുള്ള ഇലകളിലും ബീൻസ്, കടല, പയർ തുടങ്ങിയ പയർവർഗ്ഗങ്ങളിലും മധുരനാരങ്ങ, വാഴപ്പഴം പോലുള്ള പഴവർഗ്ഗങ്ങളിലും ഫോളിക്ആസിഡ് ധാരാളമായി അടങ്ങിയിട്ടുണ്ട്. മുട്ടയും ഇതിന്റെ പ്രധാന ഉറവിടമാണ്. കാത്സ്യവും അയേണും അടങ്ങിയ ഭക്ഷണങ്ങൾക്കും ഗർഭകാലമെനുവിൽ ഇടം നൽകാം. പാലും പാലുൽപന്നങ്ങളും കാൽസ്യത്തിന്റെ കലവറയാണ്. ഇവ കുട്ടിയുടെ പല്ലിനും എല്ലിനും ബലം നൽകുന്നു. ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം ഇവക്കുള്ള ടാബ്ലറ്റുകളും ഉപയോഗിക്കാവുന്നതാണ്.

ഇഷ്ടമുള്ള വിഭവങ്ങൾ കഴിക്കാമെങ്കിലും മിതത്വം അനിവാര്യമാണ്. ചില പഴവർഗങ്ങളും ഭക്ഷണങ്ങളും ഗർഭിണികൾ ഒഴിവാക്കണമെന്ന് പൊതുവെ പറഞ്ഞു കേൾക്കാറുണ്ട്. അതിൽപ്പെട്ടതാണ് പപ്പായ. യഥാർത്ഥത്തിൽ പഴുത്ത പപ്പായ കഴിക്കുന്നതുകൊണ്ട് അബോർഷൻ സംഭവിക്കില്ലെന്നാണ് പഠനം തെളിയിക്കുന്നത്. എന്നാൽ, പച്ച പപ്പായയിൽ അടങ്ങിയിട്ടുള്ള പപ്പയിൻ (Papain) അബോർഷന് കാരണമാകാനിടയുണ്ടെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. കുട്ടിക്ക് നിറം വർധിക്കാൻ ഗർഭകാലത്ത് കുങ്കുമം ഉപയോഗി

ഗർഭിണിയുടെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിൽ കുടുംബങ്ങളും സൗഹൃദങ്ങളും ഏറെ പങ്കുവഹിക്കുന്നുണ്ട്. ഗർഭിണിക്ക് വീട്ടുകാർ നൽകുന്ന ശ്രദ്ധയും പരിഗണനയും മാനസികസമ്മർദ്ദം ഇല്ലാതാക്കുന്നതിന് സഹായകമാണ്. ലളിതമായ വ്യായാമങ്ങളിലൂടെ ഗർഭിണിയുടെ മാനസിക പിരിമുറുക്കങ്ങൾ കുറക്കാൻ സാധിക്കും.

ക്കുന്ന പതിവ് ചിലർക്കുണ്ട്. ഇത് വെറും തെറ്റിദ്ധാരണ മാത്രമാണ്. എന്നു മാത്രമല്ല, കുട്ടിയെ ദോഷകരമായി ബാധിക്കുന്ന ഹൈപ്പർ ആക്ടിവിറ്റി (Hyper activtiy)ക്ക് ഇത് കാരണമായേക്കാം. ചായ, കോഫി എന്നിവ കഴിക്കുന്നതും കുട്ടിയുടെ നിറത്തെ ബാധിക്കില്ല.

ബേക്കറി, ഫാസ്റ്റ്ഫുഡ് എന്നിവയുടെ ഉപയോഗം പരമാവധി ചുരുക്കേണ്ടതാണ്. ഭക്ഷണങ്ങളിൽ ഉപയോഗിക്കുന്ന ഷുഗറിന്റെ അളവ് കുറക്കാനും കുട്ടിക്ക് വളർച്ച കുറവാണെന്ന് ബോധ്യപ്പെട്ടാൽ പ്രോട്ടീൻ അടങ്ങിയ ഭക്ഷണങ്ങൾ കൂടുതൽ കഴിക്കാനും ഗർഭിണികൾ ശ്രദ്ധിക്കണം.

ഗർഭകാല രോഗങ്ങൾ

ഗർഭകാലത്ത് സ്ത്രീകളിൽ സാധാരണയായി കാണപ്പെടുന്ന ചില രോഗങ്ങൾ ശ്രദ്ധിക്കണം.

മോണിംഗ് സിക്നസ്

ഗർഭാവസ്ഥയുടെ ആദ്യത്തെ 12 ആഴ്ചകളിൽ മിക്ക സ്ത്രീകളിലും കാണപ്പെടുന്ന ഛർദ്ദിയും ഓക്കാനവുമാണിത്. ഇതിനെ പ്രഗ്നൻസി സിക്നസ് എന്നും പറയുന്നു. ചില സ്ത്രീകളിൽ ഇത് വളരെ സങ്കീർണമായതായും നീണ്ടുനിൽക്കുന്നതായും കാണപ്പെടാറുണ്ട്. ശക്തമായ ദാഹത്തിനും തളർച്ചക്കും ദേഹാസ്വസ്ഥതക്കും ഇത് കാരണമാകാറുണ്ട്. അമിതമായി വയറു നിറയ്ക്കാതിരിക്കലാണ് ഇതിനെ പ്രതിരോധിക്കാനുള്ള ഒരു മാർ

മാനസികാരോഗ്യം

ശാരീരികാരോഗ്യമെന്ന പോലെ പ്രധാനമാണ് ഗർഭകാലത്തെ മാനസികാരോഗ്യവും. ഗർഭിണിയുടെയും കുഞ്ഞിന്റെയും ആരോഗ്യം ഉറപ്പുവരുത്താനത് അനിവാര്യമാണ്. ഗർഭിണിയുടെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിൽ കുടുംബങ്ങളും സൗഹൃദങ്ങളും ഏറെ പങ്കുവഹിക്കുന്നുണ്ട്. ഗർഭിണിക്ക് വീട്ടുകാർ പ്രത്യേകിച്ച് ഭർത്താവ് നൽകുന്ന ശ്രദ്ധയും പരിഗണനയും മാനസികസമ്മർദ്ദം ഇല്ലാതാക്കുന്നതിന് ഒരു പരിധിവരെ സഹായകമാണ്.

യോഗയിലൂടെയും ലളിതമായ വ്യായാമങ്ങളിലൂടെയും ഇഷ്ടപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിലൂടെയും ഗർഭിണിയുടെ മാനസിക പിരിമുറുക്കങ്ങൾ കുറക്കാൻ സാധിക്കും. ഇഷ്ടവിനോദങ്ങൾ ഗർഭത്തെ ബാധിക്കില്ലെങ്കിൽ ദിനചര്യയായി മാറ്റാവുന്നതാണ്. ഗർഭകാല പ്രശ്നങ്ങളെ മനസ്സിലാക്കി പ്രതിരോധിക്കാൻ സ്വയം തയ്യാറാവുന്നത് ആത്മവിശ്വാസം വർദ്ധിക്കാനുപകരിക്കും. മാനസികാരോഗ്യത്തെ കാര്യമായി ബാധിക്കുന്ന ഘടകമാണ് ആവശ്യത്തിനുള്ള വിശ്രമം. കൃത്യമായ വിശ്രമമില്ലെങ്കിൽ മാനസികസമ്മർദ്ദം നിയന്ത്രിക്കാനും വൈകാരിക സമനില ഉറപ്പിക്കാനും കഴിയാതെ വന്നേക്കാം. അതുകൊണ്ട് ഗർഭകാലത്ത് ആവശ്യമായ വിശ്രമം ഉറപ്പുവരുത്തണം.

മാസം തികയാതെയുള്ള പ്രസവം, കുഞ്ഞുങ്ങളുടെ അമിതവണ്ണം, ശ്വാസതടസ്സം, കുറഞ്ഞ ഷുഗർ ലെവൽ എന്നിവക്ക് ഗർഭകാല പ്രമേഹം കാരണമായേക്കാം. അമിതമായ ദാഹവും തുടർച്ചയായുള്ള മൂത്രശങ്കയും ഇതിന്റെ പ്രധാന ലക്ഷണങ്ങളാണ്. ലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ ഡോക്ടറെ സമീപിച്ച് കൃത്യമായ ചികിത്സ അനിവാര്യമാണ്.

ഗർഭകാല പ്രമേഹം

ഗർഭത്തിന്റെ 24–28 ആഴ്ചകൾ മുതൽ ചിലരിൽ പ്രത്യേക തരം പ്രമേഹമുണ്ടാകും. പ്രസവത്തോടെ ഇത് ഇല്ലാതാകാറാണ് പതിവ്. ഗർഭകാലത്തെ ഹോർമോൺ മാറ്റങ്ങളുടെ ഭാഗമായി ശരീരത്തിലെ ഇൻസുലിൻ പ്രവർത്തനത്തെ തടയുന്ന ഹോർമോണുകൾ ഉത്പാദിപ്പിക്കപ്പെടുന്നതാണിതിനു കാരണം.

അമിതഭാരമുള്ളവരിലും പാരമ്പര്യമായി പ്രമേഹമുള്ളവരിലും മുമ്പ് ഗർഭകാല പ്രമേഹം ബാധിച്ചവരിലും ഇതുണ്ടാവാൻ സാധ്യത കൂടുതലാണ്. മാസം തികയാതെയുള്ള പ്രസവം, കുഞ്ഞുങ്ങളുടെ അമിതവണ്ണം, ശ്വാസതടസ്സം, കുറഞ്ഞ ഷുഗർ ലെവൽ എന്നിവക്ക് ഗർഭകാല പ്രമേഹം കാരണമായേക്കാം. അമിതമായ ദാഹവും തുടർച്ചയായുള്ള മൂത്രശങ്കയും ഇതിന്റെ പ്രധാന ലക്ഷണങ്ങളാണ്. ലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ ഡോക്ടറെ സമീപിച്ച് കൃത്യമായ ചികിത്സ അനിവാര്യമാണ്.

ഗം. മൂന്നുനേരം കഴിക്കുന്ന ആഹാരം അഞ്ചോ ആറോ നേരമായി ഭാഗിച്ച് കഴിക്കുന്ന രീതിയാണ് നല്ലത്. ഭക്ഷണങ്ങളിലെ ഷുഗറിന്റെ അളവ് കുറച്ചും മോണിംഗ് സിക്നസിനെ പ്രതിരോധിക്കാം. മധുരപലഹാരങ്ങളും ഫാസ്റ്റ്ഫുഡുകളും പരമാവധി കുറക്കുന്നാണുത്തമം. ധാരാളം വെള്ളം കുടിക്കുന്നതും ശരീരത്തിനാവശ്യമായ വിശ്രമം നൽകുന്നതും ഈ രോഗത്തെ മറികടക്കാൻ ഒരു പരിധിവരെ സഹായിക്കുന്നു.

നടുവേദന

ഗർഭകാലത്ത് പല ശരീരഭാഗങ്ങളിലും വേദനയനുഭവപ്പെട്ടേക്കാം. അതിൽ പ്രധാനമാണ് നടുവേദന. കുഞ്ഞിന്റെ ഭാരമാണിതിനുള്ള പ്രധാന കാരണം. കുഞ്ഞ് വളരുന്നതിനനുസരിച്ച് നടുവേദനയുടെ ശക്തി കൂടാനും സാധ്യതയുണ്ട്. വിദഗ്ധരായ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം ലളിതമായ വ്യായാമങ്ങൾ ചെയ്യുന്നത് നടുവേദന മാറാൻ സഹായിക്കും.

മാനസികാവസ്ഥയിലെ മാറ്റം

ഗർഭകാലത്ത് മാനസികാവസ്ഥയിൽ മാറ്റങ്ങൾ പ്രകടമാകുന്നത് സാധാരണമാണ്. ആർത്തവസമയത്തുണ്ടാകുന്ന മാനസികാവസ്ഥയിലെ മാറ്റത്തിനു സമാനമായ അവസ്ഥയാണിത്. ഗർഭാവസ്ഥയിലെ ഹോർമോണുകൾ മാനസികാവസ്ഥയിൽ മാറ്റങ്ങളുണ്ടാക്കുന്നു. നിമിഷങ്ങൾക്കുള്ളിൽ വ്യത്യസ്ത വൈകാരികതലങ്ങളിലൂടെ ഗർഭിണി കടന്നുപോകുന്ന അവസ്ഥയാണിത്. ഗർഭകാലയളവിൽ 70–80 ശതമാനം സ്ത്രീകളിലും ഇത് കാണപ്പെടാറുണ്ട്. ഗർഭിണിക്ക് കൂടുതൽ പരിഗണനയും പിന്തുണയും നൽകുന്ന സൗഹൃദകരമായ ചുറ്റുപാടുകൾ ഒരുക്കുക എന്നതാണ് മാനസികസംതൃപ്തി നിലനിർത്താൻ ആവശ്യം.

അമിതവണ്ണം

ഇന്ന് വ്യാപിച്ചുകൊണ്ടിരിക്കുന്ന ജീവിതശൈലീരോഗങ്ങളിൽ പ്രധാനമാണ് അമിതവണ്ണം. ഗർഭിണികളിലും ഇത് ധാരാളമായി കണ്ടുവരുന്നു. ഗർഭം അലസൽ, ഗർഭകാല പ്രമേഹം, രക്തസമ്മർദ്ദം, കുഞ്ഞിന് വളർച്ചക്കൂടുതൽ, പ്രസവത്തിൽ ബുദ്ധിമുട്ട് നേരിടൽ തുടങ്ങിയവ ഇതുമൂലം ഗർഭിണികളിലുണ്ടാകുന്ന സങ്കീർണതകളാണ്. കൃത്യമായ ഭക്ഷണശീലം, പോഷകസമൃദ്ധമായ ആഹാരം, വ്യായാമം എന്നിവയിലൂടെയെല്ലാം അമിതവണ്ണം നിയന്ത്രിക്കാം.

മൂത്രാശയ അണുബാധ

ഹോർമോണുകളിലെ വ്യത്യാസം കാരണം ഈ കാലയളവിൽ മൂത്രാശയഅണുബാധയ്ക്ക് സാധ്യത കൂടുതലാണ്. മൂത്രം പിടിച്ചുവെക്കുന്നവരിലും ഇടയ്ക്കിടെ മൂത്രമൊഴിക്കുന്നതിലെ പ്രയാസമോർത്ത് വെള്ളംകുടിക്കാതിരിക്കുന്നവരിലും ഈ അണുബാധ കണ്ടുവരാറുണ്ട്. ഗർഭകാലത്ത് പ്രതിരോധശേഷി കുറവായതിനാൽ അണുബാധ വൃക്കകളെ ബാധിക്കാനും സാധ്യതയുണ്ട്. ഗർഭം അലസൽ, കുഞ്ഞിന് ഭാരക്കുറവ്, മാസം തികയാതെയുള്ള പ്രസവം എന്നിവക്കിത് കാരണമായേക്കാം.

നബിചരിതം

സിറാജുദ്ദീൻ പെരുമുഖം

കിടങ്ങുയുദ്ധത്തിലെ ധർമപാഠങ്ങൾ

ഖന്ദഖ് യുദ്ധസമയം. തിരുദൂതരും സ്വഹാബത്തും കഠിനമായ പ്രതിസന്ധിയിലകപ്പെട്ടിരിക്കുന്നു. മുസ്‌ലിം സേനയുടെ മൂന്നിരട്ടിയിലധികമുണ്ട് മറുപക്ഷം. കരൾ പകുത്തു നൽകാനും തയ്യാറാണ് സ്വഹാബാക്കൾ. എങ്കിലും പ്രിയ അനുചരർക്ക് വരാനിരിക്കുന്ന സാഹചര്യങ്ങളോർത്ത് തിരുനബി(സ)ക്ക് മനോവിഷമം. അവിടുന്ന് ശത്രുപക്ഷത്തെ പ്രമുഖരായ ഗത്ഫാൻ ഗോത്രവുമായി ഒരു കരാറിനൊരുങ്ങി. മദീനയിലെ കായ്കനികളുടെയും സ്വത്തിന്റെയും മൂന്നിലൊന്ന് നൽകാമെന്ന വ്യവസ്ഥയിൽ യുദ്ധത്തിൽ നിന്ന് അവർ പിന്മാറണമെന്നാണ് കരാർ. ഒപ്പുവെക്കുന്നതിനു മുമ്പായി സഅ്ദുബ്നു മുആദ്(റ), സഅ്ദുബ്നു ഉബാദ(റ) എന്നീ സ്വഹാബീ പ്രമുഖരുമായി തിരുനബി(സ) കൂടിയാലോചന നടത്തി. 'അല്ലാഹുവിൽ നിന്നുള്ള നിർദേശപ്രകാരമാണ് ഈ തീരുമാനമെങ്കിൽ അത് ശിരസാവഹിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അതല്ല, ഞങ്ങൾക്കു വേണ്ടിയാണ് അങ്ങ് ഇത്തരമൊരു നടപടിക്ക് ഒരുങ്ങുന്നതെങ്കിൽ മുമ്പ് അവരെപ്പോലെ നമ്മളും സത്യനിഷേധികളായിരുന്നല്ലോ. പിന്നീട് വിശുദ്ധ ദീൻ നൽകി അല്ലാഹു നമ്മെ ആദരിച്ചു. അങ്ങയെക്കൊണ്ടും വിശുദ്ധ ഇസ്‌ലാം കൊണ്ടും നമുക്ക് പ്രതാപമേകി. അതിനാൽ അവരുമായി ഒരു സന്ധിയുടെ ആവശ്യമില്ല. അല്ലാഹുവിന്റെ തീരുമാനം വരെ ഞങ്ങൾ ധർമസമരത്തിന് സജ്ജരാണ്.' സഅ്ദുബ്നു മുആദ്(റ)വാണിങ്ങനെ പ്രതികരിച്ചത്. 'താങ്കൾ പറഞ്ഞതാണ് ശരി' എന്ന് തിരുനബി(സ) അംഗീകരിച്ചു.

നിരന്തരമായ ചതിയും വഞ്ചനയും വാഗ്ദത്തലംഘനവും മൂലം ഖൈബറിലേക്ക് നാടുകടത്തപ്പെട്ട ബനൂനളീറാണ് യുദ്ധതന്ത്രം മെനഞ്ഞത്. ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഒരു വിശാലസഖ്യം അവരുണ്ടാക്കി. മക്കയിലെ ഖുറൈശും ഗത്ഫാനും ഉൾപ്പെടെ വലിയ ഗോത്രങ്ങൾ അവരോടൊപ്പം ചേർന്നു. വിവിധ മുന്നണികളുടെ പോരാട്ടമായതിനാൽ 'അഹ്സാബ്' എന്ന പേരിലും ഖൻദഖ് യുദ്ധം അറിയപ്പെടുന്നു.

അസഹ്യമായ ശൈത്യവും വിശപ്പും പ്രതിബന്ധങ്ങളായപ്പോഴും അടിയുറച്ച ഈമാനോടെ അവർ കിടങ്ങു കുഴിച്ചു. അനുചരരുടെ ത്യാഗം കണ്ട് 'നിശ്ചയം പാരത്രിക ജീവിതമാണ് യഥാർഥ ജീവിതം, അൻസ്വാർ മുഹാജിറുകൾക്ക് പാപമുക്തി നൽകണേ നാഥാ' എന്ന് തിരുദൂതർ പ്രാർഥനാഗീതം പാടി. 'ഞങ്ങൾ ധർമസമരത്തിൽ ഒരടി പിന്നോട്ടില്ലെന്ന ഉറപ്പിൽ മുഹമ്മദ്നബി(സ)യുമായി ഉടമ്പടി ചെയ്തവർ' എന്ന് സ്വഹാബത്ത് തിരുനബി(സ)ക്ക് മറുപാട്ട് പാടി. ഊർജം പകർന്നും പ്രചോദനമേകിയും ആ നേതാവ് അവരിലൊരാളായി കിടങ്ങു നിർമാണത്തിനിറങ്ങി. വിശപ്പു സഹിക്കവയ്യാതെ വയറ്റത്തു കല്ല് വെച്ചുകെട്ടി കർമനിരതരായ സ്വഹാബികൾ പരിഭവം പറയാൻ തിരുസവിധത്തിലെത്തിയപ്പോൾ അവിടുന്ന് ഉദരത്തിൽ വെച്ചുകെട്ടിയ രണ്ടു കല്ലുകൾ കാണിച്ചു കൊടുത്തു.

ആ കാഴ്ച കണ്ട് ജാബിർ(റ) വിന്റെ മനസ്സു വേദനിച്ചു. വീട്ടിലെത്തി പത്നിയോട് ആരാഞ്ഞു: 'അല്ലാഹുവിന്റെ ഹബീബ് വിശന്നിരിക്കുകയാണ്. ഇവിടെ എന്താണുള്ളത്?'

'അൽപം പൊടിയുണ്ട്. നമ്മുടെ ചെറിയൊരാട്ടിൻ കുട്ടിയുമുണ്ട്.' ഉടനെ ഭാര്യ മാവ് കുഴച്ച് അല്പം റൊട്ടിയുണ്ടാക്കി. ആടിനെ അറുത്ത് പാകം ചെയ്തു. നബി(സ)യുടെ അരികിലെത്തി രഹസ്യമായി പറഞ്ഞു: 'വീട്ടിൽ അല്പം റൊട്ടിയും കറിയുമുണ്ടാക്കിയിട്ടുണ്ട്. അങ്ങേക്കും കുറച്ചുപേർക്കും കഴിക്കാനുള്ളതുണ്ടാകും.'

എല്ലാമെല്ലാമായ അനുചരർ വിശന്നുപൊരിഞ്ഞ് അധ്വാനിക്കുമ്പോൾ ഒറ്റയ്ക്ക് കഴിക്കുകയോ? അവിടുത്തേക്കത് ചിന്തിക്കാനായില്ല. റസൂൽ അനുയായികളെ മുഴുവൻ വിളിച്ചു: 'ജാബിർ നമുക്ക് നല്ല സദ്യ ഉണ്ടാക്കിയിട്ടുണ്ട്. എല്ലാവരും വരൂ.' ജാബിർ(റ)വിന് ആധിയായി. ഭക്ഷണം അൽപ്പമേയുള്ളൂ. തിരുദൂതർ സാന്ത്വനപ്പെടുത്തിക്കൊണ്ടു പറഞ്ഞു: 'വീട്ടിൽ ചെല്ലുക, ഞാൻ എത്തിയിട്ടേ അടുപ്പിൽ നിന്ന് പാത്രങ്ങൾ ഇറക്കിവെക്കാവൂ.' നബിയും സംഘവും വീട്ടിലെത്തി. തിരുനബി(സ)യുടെ ഉമിനീർ ചേർത്ത ആ ഭക്ഷണം ആയിരക്കണക്കിന് സ്വഹാബികൾ സുഭിക്ഷമായി ഭക്ഷിച്ചു. പാത്രത്തിൽ എന്നിട്ടും വിഭവങ്ങൾ ബാക്കിയായിരുന്നു.

കിടങ്ങ് പേർഷ്യൻ യുദ്ധതന്ത്രമാണ്. ഇരമ്പിയെത്തുന്ന ശത്രുപക്ഷത്തെ എങ്ങനെ നേരിടുമെന്ന ചർച്ചയുണ്ടായി. മുശാവറക്കു ശേഷമായിരുന്നു തിരുനബി(സ) തീരുമാനമെടുത്തിരുന്നത്. ഒരു ജൂതന്റെ അടിമയായും പിന്നീട് ഹബീബിന്റെ ആത്മസുഹൃത്തുമായ സൽമാനുൽ ഫാരിസി(റ)യാണ് കിടങ്ങു കുഴിക്കാമെന്ന അഭിപ്രായം മുന്നോട്ടുവെച്ചത്. തിരുസവിധത്തിൽ വേർതിരിവുകളൊന്നുമില്ലല്ലോ. അഭിപ്രായം സ്വീകാര്യമാണെങ്കിൽ അംഗീകരിക്കും. മൂന്നുഭാഗവും പർവതങ്ങളാൽ ചുറ്റപ്പെട്ട മദീനയുടെ ഭൂപ്രകൃതിക്ക് ഏറ്റവും അനുയോജ്യമായിരുന്നു കിടങ്ങുതന്ത്രം.

കിടങ്ങ് നിർമ്മാണത്തിനിടെ അധികഠിനമായ ഒരു പാറ പ്രത്യക്ഷപ്പെട്ടു. സഹാബാക്കൾ കിണഞ്ഞു ശ്രമിച്ചിട്ടും തകർക്കാനാവുന്നില്ല. അവർ നബി(സ)ക്കരികിലെത്തി. അവിടുന്ന് ബിസ്മി ചൊല്ലി ഒറ്റവെട്ട്. ഒരു തിളക്കത്തോടെ പാറയുടെ മൂന്നിലൊന്ന് പിളർന്നു. അപ്പോൾ തിരുനബി(സ) പറഞ്ഞു: 'അല്ലാഹു അക്ബർ, ശാമിന്റെ വിജയം സുനിശ്ചിതമായിരിക്കുന്നു. എനിക്ക് ശാമിലെ ചുവന്ന കൊട്ടാരങ്ങൾ കാണാനാകുന്നു.' രണ്ടാമത്തെ വെട്ടിൽ മറുപാതിയും അടർന്നു. 'അല്ലാഹു അക്ബർ, പേർഷ്യൻ വിജയവും നമുക്ക് നൽകപ്പെട്ടിരിക്കുന്നു. ഞാൻ അൽമദായിനിലെ വെള്ളക്കൊട്ടാരങ്ങൾ കാണുന്നു.' മൂന്നാമത്തെ വെട്ടിൽ പാറ പൂർണമായും തകർന്നു. 'അല്ലാഹു അക്ബർ, യമനിലെ വിജയവും സുനിശ്ചിതം. സൻആയുടെ കവാടങ്ങൾ എനിക്കിവിടെ

കിടങ്ങ് പേർഷ്യൻ യുദ്ധതന്ത്രമാണ്. ഇരമ്പിയെത്തുന്ന ശത്രുപക്ഷത്തെ എങ്ങനെ നേരിടുമെന്ന ചർച്ചയുണ്ടായി. മുശാവറക്കു ശേഷമായിരുന്നു തിരുനബി(സ) തീരുമാനമെടുത്തിരുന്നത്. ഒരു ജൂതന്റെ അടിമയായും പിന്നീട് ഹബീബിന്റെ ആത്മസുഹൃത്തുമായ സൽമാനുൽ ഫാരിസി(റ)യാണ് കിടങ്ങു കുഴിക്കാമെന്ന അഭിപ്രായം മുന്നോട്ടുവെച്ചത്. മൂന്നുഭാഗവും പർവതങ്ങളാൽ ചുറ്റപ്പെട്ട മദീനയുടെ ഭൂപ്രകൃതിക്ക് ഏറ്റവും അനുയോജ്യമായിരുന്നു കിടങ്ങുതന്ത്രം.

നിന്ന് കാണാനാകുന്നു.' നബിയുടെ വാക്കുകൾ കേട്ട് അനുചരർ ആശ്ചര്യപ്പെട്ടു. ഇത്ര കഠിനമായ പ്രതിസന്ധിയിലും പട്ടിണിയിലും വരാനിരിക്കുന്ന വൻവിജയങ്ങളാണല്ലോ തങ്ങൾ പറയുന്നത്. റസൂലിന്റെ പ്രവാചകത്വത്തെ സ്ഥിരീകരിക്കുന്ന ഒരു ദൃഷ്ടാന്തമായിരുന്നു അത്. ഖിലാഫത്തിന്റെ സുവർണകാലഘട്ടത്തിൽ അവയെല്ലാം ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ കീഴിൽ വന്നുവെന്നത് ചരിത്ര യാഥാർത്ഥ്യം.

അതിവിദഗ്ധരായ ചില ശത്രുക്കൾ കിടങ്ങ് മറികടന്നു. തിരുദൂതർ(സ) അല്ലാഹുവിലേക്ക് കൈകളുയർത്തി. ആത്മാർപ്പണത്തോടെ പോർക്കളത്തിലിറങ്ങി. കരുത്തുറ്റ കുതിരയുമായി കിടങ്ങ് ചാടിക്കടന്ന വീരശൂരപരാക്രമിയും അഹങ്കാരിയുമായ അംറുബ്നുഅബ്ദുൽവുദ്ദ് കൊലവിളി ഉയർത്തി. സർവ്വായുധ വിഭൂഷിതനായ അംറ് മക്കത്തെ പേരുകേട്ട യുദ്ധവിദഗ്ധനാണ്. ധീരനായ അലി(റ) അംറിനു നേരെ കുതിച്ചു. കനത്ത പോരാട്ടം. അന്തരീക്ഷമാകെ പൊടി നിറഞ്ഞു. വാളുകൾ ഉരസുമ്പോഴുള്ള തിളക്കം മാത്രം കാണാം. പോരാട്ടം മണിക്കൂറുകൾ നീണ്ടു. ഇരുപക്ഷത്തും ആശങ്ക നിറഞ്ഞു. താമസിയാതെ ഉച്ചത്തിലുള്ള തക്ബീർ ധ്വനി മുഴങ്ങി. മുസ്‌ലിം പക്ഷത്ത് വിജയത്തിളക്കം. അലി(റ) അംറിനെ അതിജയിച്ചിരിക്കുന്നു.

യുദ്ധദിനങ്ങൾ നീണ്ടു. മുസ്‌ലിംകൾ ദിവസങ്ങളായി ഉപരോധത്തിലാണ്. ആയിടക്ക് ഒരു കൊടുങ്കാറ്റു വീശി. ശത്രുപക്ഷത്തിന്റെ സമ്പത്തും സജ്ജീകരണങ്ങളുമെല്ലാം കെടുതിയിൽപ്പെട്ടു. വൻനാശനഷ്ടമുണ്ടായി. അവർ പൂർണമായും പിന്മാറി. സമാധാന ഉടമ്പടിയിൽ ചേർത്ത് ആവശ്യമായതെല്ലാം ചെയ്തുകൊടുത്തിട്ടും വഞ്ചന മാത്രം തിരികെ നൽകിയ യഹൂദഗോത്രങ്ങൾ പാഠം പഠിച്ചു. മദീനയിൽ ഒരിക്കൽ കൂടി സത്യത്തിന്റെ വെന്നിക്കൊടി പാറി.

സമ്പത്തോ സജ്ജീകരണങ്ങളോ അല്ല, ആത്മീയ നേതൃത്വവും അടിയുറച്ച ഈമാനും നേതാവിനോടുള്ള സമ്പൂർണ്ണമായ അനുസരണവും ത്യാഗസന്നദ്ധതയുമാണ് വിജയനിദാനമെന്ന് ഖൻദഖ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

ലൈഫ്സ്റ്റൈൽ

അബൂലിയാന

വെറുംവയറ്റിൽ എന്തു കഴിക്കും?

ചിലർക്ക് വെറുംവയറ്റിൽ നല്ല ചൂടുകാപ്പി വേണം. ചിലർക്ക് ഇഞ്ചിച്ചായ, ചിലർക്ക് കട്ടൻ. ആരോഗ്യസ്ഥിതിക്കനുയോജ്യമായ ഭക്ഷണശീലമായിരിക്കണം തിരഞ്ഞെടുക്കുന്നത്. വെറുംവയറ്റിൽ നല്ലതും അല്ലാത്തതുമായ ചില ഭക്ഷണങ്ങൾ:

ജ്യൂസുകൾ

പഞ്ചസാര ചേർത്ത ജ്യൂസുകൾ രാവിലെ വെറുംവയറ്റിൽ കഴിക്കുന്ന ശീലം നല്ലതല്ല. അവ രക്തത്തിലെ പഞ്ചസാരയുടെ അളവ് വർദ്ധിപ്പിക്കുന്നു.

ഓട്സ്

വെറുംവയറ്റിൽ ഓട്സ് കഴിക്കുന്നത് വളരെ നല്ലതാണ്. ധാരാളം നാരുകളും വിറ്റാമിനുകളും ധാതുക്കളും ഓട്സിൽ അടങ്ങിയിട്ടുണ്ട്. ആസിഡുകളുടെ പ്രവർത്തനത്തിൽ നിന്ന് വയറിനെ സംരക്ഷിക്കാനും ഇതിനു കഴിയും.

പലഹാരങ്ങൾ

ഒഴിഞ്ഞവയറ്റിൽ പലഹാരങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് ദോഷം ചെയ്യും. യീസ്റ്റ് അടങ്ങിയ പലഹാരങ്ങൾ പ്രത്യേകിച്ചും വയറ്റിൽ അസ്വസ്ഥതയുണ്ടാക്കും.

തണ്ണിമത്തൻ

ലൈക്കോപീൻ പോലുള്ള പോഷകങ്ങൾക്കൊപ്പം ധാരാളം വെള്ളവും നൽകുന്നതിനാൽ വെറുംവയറ്റിൽ തണ്ണിമത്തൻ കഴിക്കുന്നത് ഉത്തമമാണ്.

തക്കാളി

അൾസർ, ആസിഡ് പ്രശ്നങ്ങൾ എന്നിവയുള്ളവർ വെറുംവയറ്റിൽ തക്കാളി കഴിക്കുന്നത് ഒഴിവാക്കുന്നതാണ് ഉചിതം. ആമാശയത്തിൽ വേദനയുണ്ടാക്കുന്ന ഒരിനം ആസിഡ് തക്കാളിയിൽ അടങ്ങിയിട്ടുണ്ട്.

കാപ്പി

കാപ്പിയോ ചായയോ കുടിച്ചാണ് പലരും ദിവസം ആരംഭിക്കാറുള്ളത്. എന്നാൽ അവ രണ്ടും വെറുംവയറ്റിൽ അത്ര നല്ലതല്ല. കാപ്പി ആമാശയവീക്കവും ആസിഡ് പ്രശ്നങ്ങളുമുണ്ടാക്കും. വെറുംവയറ്റിൽ ചായ കുടിക്കുന്നത് ചിലരിൽ ഓക്കാനം, മനംപുരട്ടൽ എന്നിവക്ക് കാരണമായേക്കാം.

മുട്ട

വെറുംവയറ്റിൽ മുട്ട കഴിക്കുന്നത് നല്ലതാണ്. പുഴുങ്ങിയോ ഓംലെറ്റാക്കിയോ കഴിക്കാം.

സോഡകൾ

വെറുംവയറ്റിൽ ശീതളപാനീയങ്ങളും സോഡാപാനീയങ്ങളും കുടിക്കുന്നത് വയറിനും ശരീരത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യത്തിനും വളരെ ദോഷകരമാണ്.

സിട്രസ് പഴങ്ങൾ

പലരും സിട്രസ് പഴങ്ങൾ കഴിച്ചും സിട്രസ് ജ്യൂസ് കുടിച്ചും ദിവസം ആരംഭിക്കാറുണ്ട്. എന്നാൽ സിട്രിക് ആസിഡ് വെറുംവയറ്റിൽ സേവിക്കുന്നത് അന്നനാളത്തിൽ അസ്വസ്ഥതകളുണ്ടാക്കും.



കവർസ്റ്റോറി

മുനീബ റൈഹാൻ

പരീക്ഷക്കൊരുങ്ങാം, ആത്മവിശ്വാസത്തോടെ

വാർഷിക പരീക്ഷകൾക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾ വിദ്യാർത്ഥികളുടെ ഭാവി നിർണയിക്കുന്നതിൽ പ്രധാന ഘടകങ്ങളാണല്ലോ. പരീക്ഷക്കാലത്ത് രക്ഷിതാക്കൾ കുട്ടികൾക്ക് നല്ല പരിഗണനയും പഠനകാര്യങ്ങളിൽ പരിശീലനവും നൽകണം. ശ്രദ്ധിക്കാൻ ചില കാര്യങ്ങൾ:

ആത്മവിശ്വാസം പരമപ്രധാനം

പരീക്ഷയെ നേരിടാൻ കുട്ടികൾക്ക് ആത്മവിശ്വാസം നൽകണം. വളർച്ചയിലും ഉയർച്ചയിലും പഠന പ്രവർത്തനങ്ങളിലുമെല്ലാം സഹായിക്കാൻ രക്ഷിതാക്കൾ കൂടെയുണ്ടെന്ന വിശ്വാസം മക്കൾക്ക് ആത്മവിശ്വാസം നൽകും. പഠനരീതിയിലും പഠനവേഗതയിലുമെല്ലാം എല്ലാ കുട്ടികളും ഒരുപോലെയാകണമെന്നില്ല. ഓരോരുത്തരുടെയും കഴിവിനനുസരിച്ചുള്ള പഠനരീതിയും സമയക്രമവും തെരഞ്ഞെടുക്കാൻ രക്ഷിതാക്കൾ സഹായിക്കണം.

പരീക്ഷാരീതികൾ അറിയണം

പരീക്ഷാരീതികൾ ഓരോ അധ്യയന വർഷത്തിലും മാറിക്കൊണ്ടിരിക്കും. നൂതന പരീക്ഷാ രീതി ഏതാണെന്ന്

അടിച്ചേൽപ്പിക്കല്ലേ

കുട്ടികളുടെ പഠനശേഷി വ്യത്യസ്തമാണ്. മാതാപിതാക്കൾക്ക് തോന്നുന്ന പഠനതന്ത്രങ്ങൾ മക്കളിൽ അടിച്ചേൽപ്പിക്കരുത്. വല്ലതും പഠിച്ചൂടേ? പരീക്ഷയടുത്തിട്ടും കളിച്ചു നടക്കുകയാണോ? തുടങ്ങിയ പല്ലവികൾ ഒഴിവാക്കുക. കുറ്റ



പ്പെടുത്തലും ശകാരങ്ങളും വിപരീതഫലമാണ് ഉണ്ടാക്കുക. ഇങ്ങനെ ചെയ്യുന്നതിനു പകരം അവരെ തലോടി സ്നേഹപൂർവ്വം പഠിക്കാൻ താല്പര്യമുണ്ടാക്കുകയാണ് വേണ്ടത്. പരീക്ഷക്കാലത്ത് വീട്ടുകാര്യങ്ങളിൽ കുട്ടികൾക്ക് ഉത്തരവാദിത്തം നൽകാതിരിക്കാൻ പരമാവധി ശ്രദ്ധിക്കണം.

രക്ഷിതാക്കൾക്ക് ബോധ്യമുണ്ടാവണം. അതിനനുസരിച്ചുള്ള പരിശീലനങ്ങളും പഠന പ്രവർത്തനങ്ങളും ക്രമീകരിക്കാൻ ശ്രദ്ധിക്കണം. മക്കളുടെ പഠനപുരോഗതി മനസ്സിലാക്കി വേണം അവരെ സഹായിക്കാൻ.

സമയം ക്രമീകരിക്കാം

പഠനസമയം ക്രമീകരിച്ച് റിവിഷന് കുട്ടികൾക്ക് അവസരമൊരുക്കണം. സമയം ക്രമീകരിക്കുമ്പോൾ വിനോദങ്ങൾക്കും ശാരീരിക മാനസിക വ്യായാമങ്ങൾക്കും പ്രാധാന്യം നൽകണം. ദീർഘമായ സമയം ഒരേ സ്ഥലത്തിരുന്ന് പഠിക്കുന്നതും രാത്രി ഏറെനേരം ഉറക്കമൊഴിക്കുന്നതും ആരോഗ്യത്തിന് ഗുണകരമല്ല. രാവിലെ നേരത്തെ ഉണർന്ന് പഠിക്കുന്നത് ഏകാഗ്രത വർദ്ധിപ്പിക്കാൻ സഹായിക്കും.

കുട്ടികളെ ആത്മവിശ്വാസത്തോടെ പരീക്ഷയെഴുതാൻ രക്ഷിതാക്കൾ സഹായിക്കണം. പഠിക്കാത്തതു കാരണം കുട്ടികളെ ശകാരിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നതിനു പകരം സ്നേഹപൂർവ്വം അവരുടെ കൂടെ നിന്ന് പരീക്ഷയുടെ ഗൗരവം ഓർമ്മപ്പെടുത്താനാണ് രക്ഷിതാക്കൾ ശ്രമിക്കേണ്ടത്.

പരീക്ഷ ഒടുവിലെ കടമ്പയല്ല

പരീക്ഷ ഒരു ജീവൻമരണ പോരാട്ടമായല്ല കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കേണ്ടത്. പഠനജീവിതത്തിലെ വളരെ ചെറിയ ഒരു പരീക്ഷണഘട്ടമാണ് പരീക്ഷകളെന്നും കഠിനാധ്വാനവും സ്ഥിരോത്സാഹവുമുണ്ടെങ്കിൽ ഏതു പരീക്ഷയെയും മറികടക്കാൻ കഴിയുമെന്നും അവരെ ബോധ്യപ്പെടുത്തണം.

പഠനമുറിയൊരുക്കാം

വീടിനകത്ത് ശാന്തമായ ഒരിടം കുട്ടികൾക്ക് പഠനത്തിനായി സജ്ജീകരിക്കാം. രക്ഷിതാക്കളുടെ നിരീക്ഷണം ലഭിക്കുന്ന, ആവശ്യമായ വെളിച്ചവും വായുസഞ്ചാരവുമുള്ള സ്ഥലമാണ് പഠനത്തിന് തയ്യാറാക്കേണ്ടത്. ടി.വി, സ്മാർട്ട്ഫോൺ തുടങ്ങി വിദ്യാർത്ഥികളുടെ ശ്രദ്ധ തെറ്റിക്കുന്ന ഡിജിറ്റൽ ഉപകരണങ്ങൾ പഠനമുറയിൽ നിന്ന് അകറ്റിനിർത്താം. പ്രഭാത സമയത്തും സായാഹ്നത്തിലും പുറത്ത് പ്രകൃതിയോടിണങ്ങിയ ഒരിടത്തിരുന്ന് അല്പനേരം പഠിക്കുകയുമാവാം.

ആരോഗ്യം, ഭക്ഷണം

പരീക്ഷക്കാലത്ത് കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പുവരുത്തണം. ഓരോ ദിവസവും 6 മുതൽ 8 മണിക്കൂർ വരെ ഉറക്കം ലഭിക്കണം. പഠനപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി കുട്ടികളുടെ ദിനചര്യ ക്രമീകരിക്കണം. വേനൽകാലമായതിനാൽ തിളപ്പിച്ചാറിയ വെള്ളം ധാരാളം കുടിക്കാൻ നിർദ്ദേശിക്കണം. പോഷകസമൃദ്ധമായ ഭക്ഷണമാണ് കുട്ടികൾക്ക് നൽകേണ്ടത്. കൊഴുപ്പു കൂടിയതും വറുത്തതുമായ ഭക്ഷണങ്ങൾ പരമാവധി ഒഴിവാക്കണം. ഭക്ഷണം കുറയുന്നതും അമിതമാകുന്നതും ആരോഗ്യത്തെ ദോഷകരമായി ബാധിക്കും.

മുമ്പേ ഒരുങ്ങാം

പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റും പേന, പെൻസിൽ, സ്കെയിൽ തുടങ്ങിയ പഠനോപകരണങ്ങളും തലേദിവസം തന്നെ ബാഗിൽ വെക്കണം. പരീക്ഷയുടെ ടൈംടേബിൾ രക്ഷിതാക്കൾ ശ്രദ്ധിക്കുകയും വിദ്യാർത്ഥികളെ കൃത്യമായി ഉണർത്തുകയും വേണം. അരമണിക്കൂർ മുമ്പേ പരീക്ഷാഹാളിലെത്തുന്ന വിധം വിദ്യാർത്ഥികളെ പറഞ്ഞയക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. ഓരോ പരീക്ഷ കഴിയുമ്പോഴും ചോദ്യങ്ങളും ഉത്തരങ്ങളും അവലോകനം ചെയ്യുന്നത് നല്ല ശീലമല്ല. വരാനിരിക്കുന്ന പരീക്ഷകളിൽ ആത്മവിശ്വാസം നഷ്ടപ്പെടാൻ അത് കാരണമായേക്കാം.

കുറിച്ചുവെക്കാം, തുണ്ട് വേണ്ട

പാഠഭാഗങ്ങൾ പരീക്ഷയുടെ മുന്നോടിയായി റിവിഷൻ ചെയ്യുമ്പോൾ പ്രധാനപ്പെട്ട പേരുകളും കീവേഡുകളും ഒരു കടലാസിൽ കുറിച്ചുവെക്കാം. വിവിധ നിറത്തിലുള്ള കളർപേനകൾ ഉപയോഗിച്ച് കുറിച്ചുവെക്കുന്നത് പെട്ടെന്ന് ഓർമ്മയിൽ പതിയാൻ സഹായകമാകും. പരീക്ഷയുടെ തലേദിവസങ്ങളിൽ ഈ കുറിപ്പുകൾ പാഠഭാഗത്തിലെ വിശദീകരണവുമായി കണക്ട് ചെയ്യാനാകുന്നുണ്ടെന്ന് ഉറപ്പുവരുത്താം. പരീക്ഷയുടെ തലേദിവസം പുസ്തകം മുഴുവൻ വായിക്കുന്നതിനു പകരം ഈ കുറിപ്പുകൾ കണ്ണോടിച്ചാൽ മതിയാകും. പരീക്ഷാഹാളിലേക്ക് തുണ്ടുകൾ കൊണ്ടുപോകുന്ന ശീലം നല്ലതല്ല. അത് നമ്മുടെ സമയവും ആത്മവിശ്വാസം നഷ്ടപ്പെടുത്തും.

എസ്.ജെ.എം

സുലൈമാൻ സഖാഫി കുഞ്ഞുകുളം

നേതാവിന്റെ പ്രധാനഗുണങ്ങൾ

സംഘബോധം

സംഘബോധത്തിൽ 'ഞാൻ' എന്ന വാക്കിന് പ്രസക്തിയില്ല. 'നാം' എന്ന വാക്കാണ് പ്രധാനം. ഒരുമിച്ച് നിൽക്കേണ്ടവർ വിഘടിച്ചു നിന്നാൽ ഒരാളും അവശേഷിക്കുകയില്ല. സ്വന്തം ഈഗോയുടെ പുറത്തിരുന്ന് സ്വന്തം കാര്യങ്ങളെ മാത്രം പരിപോഷിപ്പിക്കുന്നവർ ഒരു കൂട്ടായ്മയുടെയും ഭാഗമാകില്ല. സ്വന്തം സുഖസംരക്ഷണവും സൽപേര് നിലനിർത്തലും മാത്രമായിരിക്കും അവരുടെ ഗൂഢലക്ഷ്യം. അടിസ്ഥാനാവശ്യങ്ങളെയും അവകാശങ്ങളെയും പരിഗണിക്കില്ല. പരസ്പരാശ്രയത്തിന്റെ ബാലപാഠങ്ങൾ പോലും മനസ്സിലാകാത്തതു കൊണ്ടാണ് സ്വയം ഭരണകേന്ദ്രങ്ങളായി ജീവിതം മാറുന്നത്. ഒരാളുടെ മാത്രം എതിർപ്പുകൊണ്ട് നടക്കാതെ പോയ എത്രയെത്ര കർമപദ്ധതികളുണ്ടാകും! ഒരാളുടെ പ്രവർത്തനം മൂലം സമാധാനം നഷ്ടപ്പെട്ട എത്രയെത്ര മനസ്സുകളുണ്ടാകും! ഒരാളുടെ അവിവേകം മൂലം പാഴായിപ്പോയ എത്രയെത്ര സ്വപ്നങ്ങളുണ്ടാകും! ഒരുമിച്ച് നിന്നാൽ എല്ലാവരുടെയും മേഖലകൾ സംരക്ഷിക്കപ്പെടുകയും ഓരോരുത്തരും തങ്ങളുടെ സംതൃപ്ത മേഖലകൾ കണ്ടെത്തുകയും ചെയ്യും. പരിക്ക് തലയിലാണെങ്കിലും കാലിലാണെങ്കിലും വേദന ശരീരത്തിനാണെന്ന തിരിച്ചറിവിൽനിന്നാണ് പരസ്പര ധാരണയും വിശ്വാസവും ആരംഭിക്കുന്നത്.

പരസ്പരം ചെവികൊടുക്കാൻ തയ്യാറായാൽ പാരസ്പര്യം തനിയെ ഉടലെടുക്കും. ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരു കെട്ടിടം പോലെയാണ്. അതിന്റെ എല്ലാ ഭാഗങ്ങളും പരസ്പരം ശക്തിപ്പെടുത്തുന്നു.

ദിശാബോധം

തന്റെ കീഴിലുള്ള അണികൾക്ക് കൃത്യമായ ദിശാബോധം നൽകാൻ നേതാവിന് കഴിയണം. അവിടെയാണ് നേതാവ് വിജയിക്കുന്നത്. വിട്ടുനിൽക്കുന്ന കണ്ണിയെ സംഘപ്രവർത്തനത്തിലേക്ക് കൊണ്ടുവരണം. Journey with the team അഥവാ സംഘയാത്ര എന്നതാവണം നേതാവിന്റെ ആശയം. നമ്മുടെ കീഴിലുള്ളവർ അനുഭവിക്കുന്ന പ്രയാസങ്ങൾ, അവരുടെ വികാരങ്ങൾ, ഉത്കണ്ഠകൾ, ഉദ്ദേശ്യങ്ങൾ എന്നിവ മനസ്സിലാക്കി സംഘത്തിലെ കണ്ണികളാക്കി കൊണ്ടുവരാൻ സാധിക്കണം.

മനോഭാവം

കാലത്തിനനുസരിച്ച് നേതാവിന്റെ കാഴ്ചപ്പാടിൽ മാറ്റം വരണം. പ്രതികൂല മനോഭാവം മാറ്റി എന്തിനെയും അനുകൂല രീതിയിൽ കാണാൻ നേതാവിന് കഴിയണം. പ്രതീക്ഷയും യാഥാർത്ഥ്യവും തമ്മിൽ എതിരായാൽ ബന്ധങ്ങൾ തകരും.

മനോഭാവം എല്ലാം തീരുമാനിക്കു

മനോഭാവം എല്ലാം തീരുമാനിക്കുന്നു. മനോഭാവം നമ്മുടെ സംഘനിലവാരത്തെ മാറ്റിമറിക്കും. അതുവഴി ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്താനും കഴിയും. അങ്ങനെയാണ് സമൂഹത്തിൽ വരുന്ന മാറ്റം. നബി(സ) പറഞ്ഞു: 'ഞാൻ കൊണ്ടുവന്ന ആശയത്തോട് നിങ്ങളുടെ മനോഭാവം യോജിക്കുന്നതു വരെ നിങ്ങളുടെ ഈമാൻ പൂർണ്ണമാകില്ല.'

ന്നു. മനോഭാവം നമ്മുടെ സംഘനിലവാരത്തെ മാറ്റിമറിക്കും. അതുവഴി ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്താനും കഴിയും. അങ്ങനെയാണ് സമൂഹത്തിൽ വരുന്ന മാറ്റം. നബി(സ) പറഞ്ഞു: 'ഞാൻ കൊണ്ടുവന്ന ആശയത്തോട് നിങ്ങളുടെ മനോഭാവം യോജിക്കുന്നതു വരെ നിങ്ങളുടെ ഈമാൻ പൂർണ്ണമാകില്ല.'

'ഞാൻ മാത്രം ശരി' എന്ന മനോഭാവവും 'ആരും ശരിയല്ല' എന്ന മനോഭാവവും ഒരുപോലെ അപകടമാണ്. 'ഞാനും നിങ്ങളും മറ്റുള്ളവരും ശരിയാണ്' എന്ന മനോഭാവത്തിലേക്ക് നമുക്ക് എത്തിച്ചേരാൻ കഴിയണം. ഉറുമ്പ് വഴിമാറിലക്ഷ്യത്തിലെത്തും പോലെ കാര്യബോധമുള്ള നേതാവ് ലക്ഷ്യത്തിലേക്കെത്തും. 'യെസ്' പറയേണ്ടിടത്ത് 'യെസ്' പറയാനും 'നോ' പറയേണ്ടിടത്ത് 'നോ' പറയാനും കഴിയുന്നവരാവണം നേതാവ്.

പൊതുജനം പലവിധമാണ്. എല്ലാവരും പറയുന്നത് കേൾക്കുന്ന ചെവിയുണ്ടാവണം നേതാവിന്. പറയുന്നതിനെക്കാൾ കേൾക്കാൻ സമയം കണ്ടെത്തണം. അതാണ് നേതാവിന്റെ മിടുക്ക്. മികച്ച നേതാവ് മികച്ച ശ്രോതാവാണ്. 'ജനങ്ങളുമായി സമ്പർക്കം പുലർത്തുകയും ഇടകലർന്ന് ജീവിക്കുകയും അവരുടെ പ്രയാസങ്ങളിൽ ക്ഷമിക്കുകയും ചെയ്യുന്ന സത്യവിശ്വാസി അങ്ങനെ ചെയ്യാത്തവരെക്കാൾ ഉത്തമനാണ്' എന്ന നബിവചനം ഇവിടെ പ്രസക്തമാണ്. നാം ചിരിക്കുന്നതും കരയുന്നതും തീരുമാനിക്കുന്നത് മറ്റുള്ളവരാണ്. നേതാവിന് സഹാനുഭൂതിയുണ്ടാവണം. സഹാനുഭൂതി കുറവാണെങ്കിൽ ദുരിതത്തിലായ ആളുകളുമായി ഇടപഴകുമ്പോൾ ക്ഷമയുണ്ടാവില്ല. 'ജനങ്ങളുടെ നേതാവ് അവരുടെ സേവകനാണ്' എന്ന നബി(സ)യുടെ വചനം നേതൃത്വം അറിഞ്ഞിരിക്കണം.

നൈപുണികൾ

1. Self Awareness (സ്വത്വബോധം) സ്വന്തത്തെക്കുറിച്ചുള്ള അവബോധം.
2. Empathy (തൻമയീഭാവം) മറ്റുള്ളവരുടെ പ്രയാസങ്ങൾ നമ്മുടെ പ്രയാസങ്ങളായി കാണുന്ന വികാരം.
3. Critical Thinking (വിമർശനബുദ്ധി) വിവിധ കോണിലൂടെ കാര്യങ്ങൾ നോക്കിക്കാണാനുള്ള കഴിവ്.
4. Creative Thinking (വേറിട്ട ചിന്ത) വ്യത്യസ്തമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവ്.
5. Problem Solving Skill (പ്രശ്ന പരിഹാര ശേഷി)
6. Decision Making (തീരുമാനമെടുക്കാനുള്ള കഴിവ്)
7. Interpersonal Relationship (മറ്റുള്ളവരുമായി ഇടപെടാനുള്ള കഴിവ്)
8. Effective Communication (ഫലപ്രദമായ ആശയവിനിമയം)

തുടങ്ങിയ കാര്യങ്ങൾ നേതാവിന് ആവശ്യമായ നൈപുണികളാണ്.

അറിവ്

നേതാവിന് മൂന്ന് തരം വിവരങ്ങൾ വേണം. സ്വന്തത്തെക്കുറിച്ചും മറ്റുള്ളവരെപ്പറ്റിയും സമൂഹത്തെസംബന്ധിച്ചുമുള്ള അറിവാണവ. അധ്യാപക നേതൃത്വം വഹിക്കുന്നവർ സ്വന്തം പ്രസ്ഥാനത്തിന്റെ മികവ് മാത്രം അറിഞ്ഞാൽപോരാ. സമാനമായതും സമാന്തരമായതുമായ എല്ലാ സംവിധാനങ്ങളെക്കുറിച്ചും പഠിക്കണം. പുതുമ ഉൾക്കൊള്ളണം. സമകാലികമായ മാറ്റം ഉൾക്കൊള്ളണം. നമ്മെപ്പറ്റിയും മറ്റുള്ളവരെപ്പറ്റിയും അറിവില്ലാത്തവരും നേതാവാകാൻ കൊള്ളില്ല.

? ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

താറാവീഹ്, ളുഹാ നിസ്കാരങ്ങളിൽ സൂറത്ത് ഓതൽ

ചോദ്യം: ളുഹാ നിസ്കാരത്തിൽ ഓതേണ്ട സൂറത്തുകൾ ഏതെല്ലാമാണ്? ഓരോ റക്അത്തിലും ഓതേണ്ട സൂറത്തുകൾ വ്യക്തമാക്കിത്തന്നാലും.
ഒരു വായനക്കാരൻ

ഉത്തരം: ളുഹാ നിസ്കാരത്തിൽ സൂറതുശ്ശംസ്, സൂറതുള്ളുഹാ എന്നീ രണ്ട് സൂറതുകൾ ഓതൽ സുന്നത്താണെന്ന് ഫത്ഹുൽമുഈനിൽ പറഞ്ഞിട്ടുണ്ട്. ഇമാം ഇബ്നുഹജർ(റ) ഇംദാദ്, ഫത്ഹുൽജവാദ് എന്നീ ഗ്രന്ഥങ്ങളിലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്.

ഇമാം ഇബ്നുഹജർ(റ) തുഹ്ഫയിൽ പറയുന്നു: ബൈഹഖി റിപ്പോർട്ട് ചെയ്ത ഹദീസിന്റെ അടിസ്ഥാനത്തിൽ ളുഹാ നിസ്കാരത്തിൽ വശ്ശംസിയും വള്ളുഹായും ഓതൽ സുന്നത്താണെന്ന് ചിലർ പറഞ്ഞിട്ടുണ്ട്. എന്നാൽ, രണ്ടുറക്അത്തുകളിലേറെ ളുഹാ നിസ്കരിക്കുമ്പോൾ എല്ലാ രണ്ടു റക്അത്തുകളിലും പ്രസ്തുത സൂറത്തുകൾ ഓതുകയാണോ വേണ്ടത് അല്ലെങ്കിൽ ആദ്യത്തെ രണ്ടു റക്അത്തുകളിൽ മാത്രം പ്രസ്തുത സൂറത്തുകൾ ഓതണമെന്നാണോ എന്ന കാര്യം അവർ വിശദീകരിച്ചിട്ടില്ല. ആദ്യത്തെ രണ്ട് റക്അത്തുകളിൽ മാത്രമാണ് ആ രണ്ടു സൂറത്തുകൾ ഓതേണ്ടതെന്നതനുസരിച്ച് മറ്റു റക്അത്തുകളിൽ സൂറത്തുൽ കാഫിറൂൻ, സൂറത്തുൽ ഇഖ്ലാസ് എന്നിവ ഓതുകയാണ് വേണ്ടത്. (തുഹ്ഫ 2/231)

ഇമാം റംലി എഴുതുന്നു: ളുഹാ നിസ്കാരം ഏറ്റവും കുറഞ്ഞത് രണ്ട് റക്അത്താകുന്നു. അവയിൽ കാഫിറൂനയും ഇഖ്ലാസും ഓതൽ സുന്നത്താണ്. സൂറത്തുശ്ശംസും സൂറത്തുള്ളുഹായും ഓതുന്നതിലേറെ ഉത്തമം കാഫിറൂനയും ഇഖ്ലാസുമാണ്. അവയും ഹദീസിൽ വന്നതാണെങ്കിലും (നിഹായ 2/117) രണ്ടുറക്അത്തുകളിലേറെ ളുഹാ നിസ്കരിക്കുമ്പോൾ ഇപ്രകാരം എല്ലാ രണ്ടു റക്അത്തുകളിലും കാഫിറൂനയും ഇഖ്ലാസും തന്നെ ഓതൽ സുന്നത്താണെന്ന് ഹാശിയത്തുന്നിഹായയിൽ വിശദീകരിച്ചിട്ടുണ്ട്.

ളുഹാ നിസ്കാരത്തിലെ ഒന്നാം റക്അത്തിൽ വശ്ശംസി സൂറത്തും രണ്ടാം റക്അത്തിൽ വള്ളുഹാ സൂറത്തും പാരായണം ചെയ്യലാണ് ഉത്തമമെന്ന് ജലാലുദ്ദീനുസ്സുയൂഥി(റ) പറഞ്ഞിട്ടുണ്ട്. ഇമാം ഇബ്നുഹജർ(റ)ഇതിനെയാണ് പിന്തുടർന്നത്. പക്ഷേ ഇമാം റംലി(റ) പ്രബലമായി രേഖപ്പെടുത്തിയിട്ടുള്ളത് ഒന്നിൽ കാഫിറൂനയും രണ്ടിൽ ഇഖ്ലാസും പാരായണം ചെയ്യലാണ് ഉത്തമമെന്നാണ്. രണ്ടിലേറെ റക്അത്തുകൾ നിസ്കരിക്കുന്നവർ ഇപ്രകാരം തന്നെ എല്ലാ ഈരണ്ടു റകഅത്തുകളിലും കാഫിറൂനയും ഇഖ്ലാസും ഓതേണ്ടതാണ്. മേൽപ്പറഞ്ഞ രണ്ടു വീക്ഷണങ്ങളും ഉൾക്കൊണ്ട് ഒന്നാം റക്അത്തിൽ വശ്ശംസിയും കാഫിറൂനയും രണ്ടാം റക്അത്തിൽ വള്ളുഹായും ഇഖ്ലാസും പിന്നീടുള്ള ഈരണ്ടു റക്അത്തുകളിൽ കാഫിറൂന, ഇഖ്ലാസ് എന്നിങ്ങനെ ഓതലാണ് ഉത്തമം. (ഇആനത്തുത്ത്വാലിബീൻ 1/295)

ചോദ്യം: സുന്നത്ത് നിസ്കാരങ്ങളിൽ എല്ലാ റക്അത്തുകളിലും സൂറത്ത് ഓതൽ സുന്നത്തുണ്ടോ? അതല്ലെങ്കിൽ ആദ്യത്തെ രണ്ട് റക്അത്തുകളിൽ മാത്രമാണോ സൂറത്ത് ഓതേണ്ടത്?

ഉത്തരം: എല്ലാ റക്അത്തുകളിലും സൂറത്ത് സുന്നത്തുള്ളതും ഇല്ലാത്തതുമായ സാഹചര്യങ്ങളുണ്ട്. ഒറ്റ തക്ബീറതുൽ ഇഹ്റാമിൽ രണ്ടിലേറെ റക്അത്തുകൾ നിസ്കരിക്കുമ്പോൾ അവസാനത്തിൽ ഒരു അത്തഹിയ്യാത്ത് മാത്രമാണ് നിർവഹിക്കുന്നതെങ്കിൽ എല്ലാ റക്അത്തിലും സൂറത്ത് സുന്നത്താണ്. ഒന്നിലേറെ അത്തഹിയ്യാത്ത് കൊണ്ടുവരുന്നുണ്ടെങ്കിൽ ഒന്നാം അത്തഹിയാത്തിന് മുമ്പുള്ള റക്അത്തുകളിൽ മാത്രമാണ് സൂറത്ത് സുന്നത്തുള്ളത്. അതിനുശേഷമുള്ള റക്അത്തുകളിൽ സൂറത്ത് സുന്നത്തില്ല.

ഇമാം റംലി(റ) എഴുതുന്നു: 'സുന്നത്ത് നിസ്കരിക്കുന്നവൻ ഒരു തശഹ്ഹുദിൽ (അത്തഹിയ്യാത്ത്) ചുരുക്കുകയാണെങ്കിൽ എല്ലാ റക്അത്തുകളിലും സൂറത്ത് സുന്നത്തുണ്ട്. ഒന്നിലേറെ തശഹ്ഹുദ് നിർവഹിക്കുന്നുവെങ്കിൽ ഒന്നാം തശഹ്ഹുദിന്റെ മുമ്പുള്ള റക്അത്തുകളിൽ മാത്രമാണ് സൂറത്ത് സുന്നത്തുള്ളത്. (നിഹായ 1/496, തുഹ്ഫ 2/52 ശറഹു ബാഫള്ൽ ഹവാശിൽ മദനിയ്യ സഹിതം 1/248 തുടങ്ങിയവയിൽ ഇക്കാര്യം പറഞ്ഞിട്ടുണ്ട്.

ചോദ്യം: തറാവീഹ് നിസ്കാരത്തിൽ സൂറത്ത് ഓതുന്ന കാര്യത്തിൽ പല പള്ളികളിലും പല രീതികളാണ്. ചിലർ സൂറത്തുന്നാസിനു മുകളിലോട്ട് ഇരുപതാമത്തെ സൂറത്ത് മുതൽ തുടങ്ങി സൂറത്തുന്നാസിൽ അവസാനിപ്പിക്കുന്നു. ചിലർ സൂറത്തുൽഫീൽ മുതൽ തുടങ്ങി സൂറത്തുന്നാസിൽ പത്തു റക്അത്ത് പൂർത്തിയാക്കി വീണ്ടും സൂറത്തുൽഫീൽ മുതൽ ആവർത്തിക്കുകയും ചെയ്യുന്നു. മറ്റുചിലർ ഏതെങ്കിലും വലിയ സൂറത്തുകളിൽ നിന്ന് ഒന്നോ രണ്ടോ ആയത്തുകൾ ഓരോ റക്അത്തിലും ഓതുന്നു. ഇതിൽ ഏതാണ് ഉത്തമം?

ഉത്തരം: തറാവീഹ് നിസ്കാരത്തിൽ ഖത്മുൽ ഖുർആൻ സുന്നത്താണ്. അതിനാൽ വിശുദ്ധ റമളാനിൽ തറാവീഹ് നിസ്കാരത്തിലൂടെ ഖുർആൻ ഖത്മ് ലഭിക്കുന്നതിനാവശ്യമായ അനുപാതത്തിൽ ക്രമാനുസൃതമായി ഓരോ റക്അത്തിലും ഖുർആൻ പാരായണം ചെയ്യലാണ് ഉത്തമം.

കർമ്മശാസ്ത്ര ഇമാമുകൾ പറയുന്നു: വലിയ സൂറത്തിലെ കുറഞ്ഞ ഭാഗം ഓതുന്നതിലേറെ ഉത്തമം പൂർണ്ണ സൂറത്താണെന്ന വിധി തറാവീഹ് നിസ്കാരത്തിന് ബാധകമല്ല. കാരണം, തറാവീഹിൽ ഖുർആൻ പൂർണമായും പാരായണം ചെയ്തുകൊണ്ട് നിർവഹിക്കലാണ് സുന്നത്ത്. അതിനാൽ സൂറത്തുകളുടെ ഭാഗങ്ങൾ തന്നെയാണ് ഉത്തമം. (തുഹ്ഫ 2/52, നിഹായ 1/492)

റമളാനിൽ ഖത്മ് പൂർത്തിയാക്കുന്ന വിധം സൂറത്തുകളുടെ ഭാഗങ്ങൾ പാരായണം ചെയ്യുന്ന സമ്പ്രദായമാണ് തറാവീഹിൽ ഉത്തമം. ഖുർആൻ മുഴുവനും പാരായണം ചെയ്തുകൊണ്ട് തറാവീഹ് നിസ്കാരം നിർവഹിക്കൽ സുന്നത്താണെന്നതാണ് കാരണം. (അൽഫതാവൽ കുബ്റാ 1/184) തറാവീഹ് നിസ്കാരത്തിൽ ഖത്മുൽ ഖുർആൻ ഉദ്ദേശിക്കുന്നുവെങ്കിലാണ് മേൽപ്പറഞ്ഞതെന്നും ഉദ്ദേശിക്കുന്നില്ലെങ്കിൽ പൂർണ്ണ സൂറത്ത് ഓതൽ തന്നെയാണ് ഉത്തമമെന്നും കർമ്മശാസ്ത്ര ഇമാമുകൾ പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാമെന്നും അല്ലാമ അലിയ്യുശ്ശബ്റാമല്ലസി(റ) വിശദീകരിച്ചിരിക്കുന്നു. (ഹാശിയത്തുന്നിഹായ 1/492)

തറാവീഹ് നിസ്കാരത്തിൽ ഖത്മുൽഖുർആൻ സാധ്യമാകുന്ന വിധം ഓരോ റക്അത്തിലും ഖുർആൻ പാരായണം ചെയ്യലാണ് ഏറെ ഉത്തമമെന്നും ഖത്മ് ഉദ്ദേശിക്കുന്നില്ലെങ്കിൽ സൂറത്തുകളിൽ നിന്ന് കുറഞ്ഞ ആയത്തുകൾ ഓതുന്നതിലേറെ ഉത്തമം പൂർണ്ണ സൂറത്ത് ഓതലാണെന്നും മേൽ ഉദ്ധരണികളിൽ നിന്ന് വ്യക്തമാണല്ലോ.

സൂറത്തുൽഫീൽ മുതൽ തുടങ്ങി ഓതുന്ന പതിവ് പഴയ കാലത്ത് ധാരാളം ഇമാമുകൾ സ്വീകരിച്ചിരുന്നുവെന്നും റക്അത്തുകളുടെ എണ്ണം ഓർമിക്കുന്നതിലുള്ള പ്രയാസം ഇല്ലാതിരിക്കാൻ അത് നല്ലതാണെന്നും ഹനഫി കർമശാസ്ത്ര പണ്ഡിതനായ അല്ലാമ ഇബ്നുആബിദീൻ(റ) പറഞ്ഞിട്ടുണ്ട്. (റദ്ദുൽമുഖ്താർ 2/47)

ഏതായാലും, ചോദ്യത്തിൽ പരാമർശിച്ച ഏതു രീതി സ്വീകരിച്ചാലും ഫാതിഹക്ക് ശേഷം ഖുർആൻ പാരായണം എന്ന അടിസ്ഥാന സുന്നത്ത് ലഭിക്കുന്നതാണ്.



ചോദ്യം: തറാവീഹ് നിസ്കാരം ഖളാഅ് വീട്ടാൻ പറ്റുമോ? ഒരു രാത്രിയിൽ തറാവീഹ് നിസ്കരിക്കാൻ സൗകര്യപ്പെട്ടില്ലെങ്കിൽ ശേഷമുള്ള പകലിൽ നിസ്കരിക്കാമോ? ഖളാഅ് വീട്ടാൻ പറ്റുമെങ്കിൽ 20 റക്അത്തുകൾ പൂർണമായി സാധിക്കാതെ വരുമ്പോൾ കുറഞ്ഞ റക്അത്തുകൾ നിസ്കരിച്ചാൽ ഫലമുണ്ടോ?

ഉത്തരം: തറാവീഹ് നിസ്കാരം ഖളാആയി നിസ്കരിക്കാവുന്നതാണ്. എന്നുമാത്രമല്ല, നിശ്ചിത സമയം നിസ്കരിച്ചില്ലെ

ങ്കിൽ ഖളാഅ് വീട്ടിൽ സുന്നത്തു മാണ്. സമയം നിശ്ചയിക്കപ്പെട്ടി ട്ടുള്ള സുന്നത്ത് നിസ്കാരങ്ങൾ നഷ്ടപ്പെട്ടാൽ ഖളാആയി നിസ് കരിക്കൽ സുന്നത്താണെന്ന് പ്രാമാണിക ഹദീസുകളുടെ അടിസ്ഥാനത്തിൽ കർമ്മശാസ്ത്ര ഇമാമുകൾ വ്യക്തമാക്കിയിട്ടുണ്ട്. (ഫത്ഹുൽമുഈൻ 112, തുഹ്ഫ 2/237)

രാത്രിയിൽ തറാവീഹ് സൗ കര്യപ്പെട്ടില്ലെങ്കിൽ ശേഷമുള്ള പകലിലോ മറ്റോ ഖളാആയി നിസ്കരിക്കൽ സുന്നത്താണ്. 20 റക്അത്ത് നിസ്കരിച്ചാലേ തറാ വീഹ് നിസ്കാരത്തിന്റെ പൂർണ്ണ പ്രതിഫലം ലഭിക്കുകയുള്ളൂ വെങ്കിലും ഇരുപതിൽ കുറഞ്ഞ റക്അത്തുകൾ നിസ്കരിച്ചാലും - ഉദാഹരണമായി പത്തു റകഅ ത്തുകൾ - തറാവീഹിൽ നിന്ന് അത്രയും റക്അത്തുകൾ നിസ്ക രിച്ചതിന്റെ പ്രതിഫലം ലഭിക്കുന്ന താണ്. (തുഹ്ഫ 2/225)

ചോദ്യം: അല്ലാഹുമ്മ ബാരി ക് ലനാ ഫീ റജബിൻ വ ശഅ് ബാൻ എന്ന പ്രാർത്ഥനയിൽ ഫീ റജബിൻ എന്നാണോ ഫീ റജബ എന്നാണോ ചൊല്ലേണ്ട ത്? രണ്ടു തരത്തിലും ദുആ ചെ യ്യുന്നവരുണ്ട്.

അബ്ദുല്ല പി. പാറ

ഉത്തരം: ഭാഷാനിയമമനുസരി ച്ച് രണ്ടു തരത്തിലുള്ള ഉച്ചാരണ ത്തെയും സാധൂകരിക്കുന്ന വകു പ്പുകളുണ്ട്. എങ്കിലും പ്രസ്തുത പ്രാർത്ഥന റിപ്പോർട്ട് ചെയ്യപ്പെട്ട ഹദീസിൽ ഫീ റജബിൻ എന്ന് തൻവീൻ കൊണ്ടാണെന്നാണ് ഹദീസ് വ്യാഖ്യാന ഗ്രന്ഥമായ സിറാജുൽ മുനീർ 4/63 ൽ രേഖ പ്പെടുത്തിയിട്ടുള്ളത്.

ഭാഷാപരമായും റജബിൻ എന്ന് തൻവീൻ സഹിതമുള്ള ഉച്ചാരണത്തിനാണ് മുൻഗണനയു ള്ളത്. ഭാഷാ ഗ്രന്ഥമായ അൽ മി സ്ബാഹുൽ മുനീറിൽ രേഖപ്പെടു ത്തിയിട്ടുള്ളതും ഇപ്രകാരമാണ്.

രണ്ട് ഉച്ചാരണത്തിനും വകു പ്പുകളുണ്ടെങ്കിലും ഫീ റജബിൻ എന്നതാണ് അഭികാമ്യമെന്ന് മേൽപ്പറഞ്ഞതിൽ നിന്ന് മനസ്സി ലാക്കാവുന്നതാണ്.

ആരോഗ്യം

വിറ്റാമിൻ - എ ഭക്ഷണങ്ങൾ

ആത്മികം

സൈനുദ്ദീൻ ശാമിൽ ഇർഫാനി

വാക്കുകൾ മൂർച്ചയുള്ള ആയുധങ്ങൾ

വാക്ക് സ്നേഹം കലർന്നതും വിനയമുള്ളതുമാവുമ്പോഴാണ് സംസാരിക്കുന്നവർക്കും കേൾക്കുന്നവർക്കും സന്തോഷം ലഭിക്കുന്നത്. ദേഷ്യവും വിദ്വേഷവും കലർന്ന വാക്കുകൾ പറയുന്നവർക്കും കേൾക്കുന്നവർക്കും അസ്വസ്ഥതയുണ്ടാക്കും. വിവേകപൂർവം വാക്കുകൾ തിരഞ്ഞെടുത്താകണം സംസാരം. ആശ്വാസം പകരേണ്ട സന്ദർഭത്തിൽ കുത്തുവാക്കുകൾ പറഞ്ഞ് മുറിവേൽപ്പിക്കുകയോ ഗൗരവ വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ തമാശ പറയുകയോ ചെയ്യരുത്.

വാക്കുകൾ മൂർച്ചയുള്ള ആയുധങ്ങളാണ്. ഹൃദയത്തിൽ മുറിവുണ്ടാക്കാനും മുറിവുണക്കാനും വാക്കുകൾക്കു കഴിയും. ചില വാക്കുകൾ മനസ്സിന് വെളിച്ചമേകും. മറ്റു ചില വാക്കുകൾ ഇരുട്ടാക്കുകയും ചെയ്യും. പ്രത്യാശ നൽകുന്ന വാക്കുകളും നിരാശയുണ്ടാക്കുന്ന വാക്കുകളുമുണ്ട്. വെറുപ്പു ജനിപ്പിക്കാനും സ്നേഹം നട്ടുവളർത്താനും വാക്കുകൾക്ക് കഴിയും. ഒരു ചെറു വാക്കു മതി ഒരാളുടെ നെഞ്ചകം തണുപ്പിക്കാനും തകർക്കാനും. വാക്കുകൾ കൊണ്ട് വിസ്മയിപ്പിക്കുച്ചവരും വിറപ്പിച്ചവരും പ്രചോദിപ്പിച്ചവരുമുണ്ട്. ആശയവിനിമയത്തിന്റെ പ്രധാന മാർഗമാണ് വാക്കുകൾ. പ്രയോഗിക്കുന്ന വാക്കുകൾ ഓരോരുത്തരുടെയും വ്യക്തിത്വത്തിന്റെയും സ്വഭാവത്തിന്റെയും പ്രതിഫലനമാണ്.

'പട്ടി വല്ലപ്പോഴും മാത്രമാണ് കടിക്കുക, മുറിവേൽപ്പിക്കുന്ന വാക്കുകൾ കൊണ്ട് മനുഷ്യർ എപ്പോഴും കടിച്ചു കൊണ്ടേയിരിക്കും' എന്ന് ടർക്കിഷ് എഴുത്തുകാരൻ മെഹ്മത് ഇൽഡാൻ എഴുതിയിട്ടുണ്ട്. ആവശ്യത്തിനു മാത്രം സംസാരിക്കുന്നവരാണ് വാക്കുകളെ മനോഹരമാക്കുന്നവർ.

വാക്ക് സ്നേഹം കലർന്നതും വിനയമുള്ളതുമാവുമ്പോഴാണ് സംസാരിക്കുന്നവർക്കും കേൾക്കുന്നവർക്കും സന്തോഷം ലഭിക്കുന്നത്. ദേഷ്യവും വിദ്വേഷവും കലർന്ന വാക്കുകൾ പറയുന്നവർക്കും കേൾക്കുന്നവർക്കും അസ്വസ്ഥതയുണ്ടാക്കും. വിവേകപൂർവം വാക്കുകൾ തിരഞ്ഞെടുത്താകണം സംസാരം. ആശ്വാസം പകരേണ്ട സന്ദർഭത്തിൽ കുത്തുവാക്കുകൾ പറഞ്ഞ് മുറിവേൽപ്പിക്കുകയോ ഗൗരവ വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ തമാശ പറയുകയോ ചെയ്യരുത്.

സ്വാധീനശക്തി

വാക്കുകളുടെ സ്വാധീനശക്തി വലുതാണ്. അത് ചിന്തകളെയും വിശ്വാസങ്ങളെയും രൂപപ്പെടുത്തുകയും ശാരീരികവും മാനസികവുമായ ഊർജ്ജം പകരുകയും

സ്നേഹം നിറഞ്ഞ വാക്കിന് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. അത്തരം വാക്കുണ്ടാകണമെങ്കിൽ ഹൃദയത്തിൽ സ്നേഹമുണ്ടാകണം. കാരുണ്യത്തിന്റെ നനവുള്ള പദങ്ങൾക്കു പിന്നിൽ നിർമലമായ ഹൃദയമുണ്ടാകും. നന്മയുള്ള വാക്കുകൾ പറയുന്നവർ ബഹുമാനിക്കപ്പെടും. വിദ്വേഷ വാക്കുകൾ പറയുന്നവർ വെറുക്കപ്പെടുകയും ചെയ്യും. വാ വിട്ട വാക്കും കൈവിട്ട കല്ലും തിരിച്ചെടുക്കാനാവില്ലെന്നു പറയാറുണ്ടല്ലോ.

വിചാരവികാരങ്ങളുണർത്തുകയും ചെയ്യും. ആളുകളെ പ്രചോദിപ്പിക്കാനും പ്രകോപിപ്പിക്കാനും ചേർത്തുനിർത്താനും വേർപിരിക്കാനും വാക്കുകൾക്ക് കഴിയും. നഷ്ടപ്പെട്ടതെന്തും തിരിച്ചുപിടിക്കാൻ ആത്മധൈര്യമുണർത്തുന്ന വാക്കുകൾ മതി. പിരിഞ്ഞുപോയവരെ ചേർത്തുപിടിക്കാൻ കരുതലിന്റെ വാക്കുകൾ പ്രയോജനപ്പെടും. ഒറ്റപ്പെടുത്താൻ മൂർച്ചയേറിയ ഒരു വാക്കു മതി.

ചില വാക്കുകൾ ചുറ്റിക പോലെയാണ്; അശ്രദ്ധമായി ഉപയോഗിച്ചാൽ നിർമാണ സാമഗ്രി പൊട്ടിപ്പോകും. ശ്രദ്ധയോടെയാകുമ്പോൾ മൂല്യവത്തായ നിർമ്മിതി സാധ്യമാവുകയും ചെയ്യും. ഇരുതല മൂർച്ചയുള്ള കത്തിയോടാണ് ചിലർ നാക്കിനെ ഉപമിച്ചത്. നാക്കിലെ പിഴ ഗുരുതരമായ അപകടങ്ങളാണ് സൃഷ്ടിക്കുക. ശ്രദ്ധയോടെ ഉപയോഗിച്ചില്ലെങ്കിൽ നാശമുണ്ടാവുകയും ആഴത്തിൽ മുറിവേൽപ്പിക്കുകയും തർക്കങ്ങൾ സൃഷ്ടിക്കുകയും ജീവിതം നരകതുല്യമാക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടാകും.

റബ്ബിന്റെ അനുഗ്രഹം

മനുഷ്യനു നൽകപ്പെട്ട വലിയ അനുഗ്രഹമാണ് സംസാരശേഷി. പുണ്യങ്ങൾ വാരിക്കൂട്ടാനുള്ള അവസരമായാണ് അതിനെ നാം കാണേണ്ടത്. സത്യം പറയാനും നന്മ വളർത്താനും ബന്ധങ്ങൾ ദൃഢപ്പെടുത്താനും നീതി നടപ്പാക്കാനും സഹായകമാകുന്നത് വാക്കുകളാണ്. മേൽപറഞ്ഞ കാര്യങ്ങളെല്ലാം ജീവിതത്തിൽ സന്തോഷവും സംതൃപ്തിയും നൽകും.

സ്നേഹം നിറഞ്ഞ വാക്കിന് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. അത്തരം വാക്കുണ്ടാകണമെങ്കിൽ ഹൃദയത്തിൽ സ്നേഹമുണ്ടാകണം. കാരുണ്യത്തിന്റെ നനവുള്ള പദങ്ങൾക്കു പിന്നിൽ നിർമലമായ ഹൃദയമുണ്ടാകും. നന്മയുള്ള വാക്കുകൾ പറയുന്നവർ ബഹുമാനിക്കപ്പെടും. വിദ്വേഷ വാക്കുകൾ പറയുന്നവർ വെറുക്കപ്പെടുകയും ചെയ്യും.

ദുഷിച്ച പദങ്ങൾ അന്യരുടെ ഹൃദയം തകർക്കും. നാക്കു നിയന്ത്രിച്ചില്ലെങ്കിൽ വാക്കു പിഴയ്ക്കും. വാ വിട്ട വാക്കും കൈവിട്ട കല്ലും തിരിച്ചെടുക്കാനാവില്ലെന്നു പറയാറുണ്ടല്ലോ. വികാരത്തിനടിമപ്പെടുമ്പോഴും വാശിയോടെ സംസാരിക്കുമ്പോഴുമെല്ലാം നാക്കു പിഴയ്ക്കും.

സത്യസന്ധതയും വിശ്വസ്തതയും

വാക്കുകൾ സത്യസന്ധതയോടെ ഉപയോഗിക്കണം. ഒരു കളവ് ആയിരം സത്യങ്ങളെ നിഷ്പ്രഭമാക്കുന്നതാണ്. ഒരു തേൻകുടം മുഴുവൻ വിഷമയമാക്കാൻ ഒരു തുള്ളി വിഷം മതിയല്ലോ. സം

സാരത്തിൽ സത്യസന്ധത പാലിക്കാത്തവരുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടും. സംഭാഷണം ലക്ഷ്യപ്രാപ്തി നേടാൻ സമയവും സാഹചര്യവും അതിപ്രധാനമാണ്. ചിന്തയെ വികാരം അട്ടിമറിക്കുമ്പോൾ വരുന്ന വാക്കുകൾ വലിയ അപകടം സൃഷ്ടിക്കും.

ആശയങ്ങൾ വ്യക്തമാക്കാനാണ് പൊതുവെ വാക്കുകൾ ഉപയോഗിക്കുന്നത്. പക്ഷേ, ചിലരെങ്കിലും അജ്ഞത മറയ്ക്കാൻ വാക്കുകൾ പ്രയോഗിക്കാറുണ്ട്. സത്യം മറച്ചു വെക്കാനുള്ള തന്ത്രങ്ങളാവും പലരുടെയും വാക്കുകളിൽ നിറഞ്ഞു നിൽക്കുന്നത്. നിസ്സാരമായ കാര്യങ്ങൾ പെരുപ്പിച്ച് കപടവാദങ്ങളുയർത്തി ജനങ്ങളുടെ ശ്രദ്ധ തിരിക്കാൻ ശ്രമിക്കുന്നവരുമുണ്ട്.

കൂടാത്ത മുറിവ്

നല്ല വാക്ക് കേൾക്കുമ്പോൾ മനസ്സ് ശുദ്ധമാവുകയും നീചപദങ്ങൾ കേൾക്കുമ്പോൾ മനസ്സ് മലിനമാവുകയും ചെയ്യുന്നു. പ്രശസ്ത കവി ലോങ്ഫെലോയുടെ വാക്കുകൾ ശ്രദ്ധിക്കുക: 'കീറിയ ഉടുപ്പ് വേഗം തുന്നിച്ചേർക്കാം. പക്ഷേ പരുഷമായ പദങ്ങൾ ഹൃദയത്തിലേൽപ്പിക്കുന്ന മുറിവ് തുന്നിച്ചേർക്കാനാവില്ല.'

മോശമായ വാക്കുകൾ നിരന്തരം പ്രയോഗിച്ചുവരുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ചിലർക്കാകട്ടെ അശ്ലീല ചുവയുള്ള വാക്കുകളോടാണ് കമ്പം. ദ്വയാർത്ഥങ്ങളുള്ള വാക്കുകൾ അശ്ലീലച്ചുവയോടെ പ്രയോഗിക്കുന്നത് മനോവൈകൃതത്തിന്റെ അടയാളമാണ്.

നാക്കിന്റെ ബലം

എല്ലില്ലെങ്കിലും ഹൃദയത്തെ പിളർക്കാനുള്ള ശക്തി നാക്കിനുണ്ട്. ക്രൂരമായ വാക്കുകൾ പറഞ്ഞു തീർക്കാൻ പത്തുനിമിഷം മതി. എന്നാൽ അവയുണ്ടാക്കുന്ന മുറിവുകൾ പത്തുവർഷം കഴിഞ്ഞാലും ഉണങ്ങില്ല. അതുകൊണ്ടാണല്ലോ പരിഭവം പറയുന്നവർ പതിറ്റാണ്ടുകൾ പഴക്കമുള്ള കാര്യങ്ങളും ഓർത്തെടുത്തു പറയുന്നത്.

എല്ലാ തിന്മകളും വിളിച്ചു പറയണമെന്ന വാശിയും നാമൊഴിവാക്കണം. കാർമേഘത്തിന്റെ നിഴൽ മാറ്റാൻ സൂര്യനുപോലും ശക്തിയില്ലെന്ന് അമേരിക്കൻ കവയിത്രി മുനിയാഖാൻ. ഭാഷയിലുള്ള സർവപദങ്ങളും തനിക്കു പറയാനുള്ളതല്ലെന്ന് ഓരോരുത്തരും ശ്രദ്ധിക്കണം. ചില നേരത്ത് ഒരു വാക്കും മിണ്ടാതിരിക്കുന്നതാണ് നല്ലത്. ഭാഷണം വെള്ളിയെങ്കിൽ നിശ്ശബ്ദത തങ്കമാണെന്ന് ഒരു ചൊല്ലുണ്ട്. 'നിങ്ങൾ ജനങ്ങളോട് നല്ലതു പറയണം' എന്നാണ് വിശുദ്ധ ഖുർആനിന്റെ അധ്യാപനം. (അൽബഖറ 83)

നോക്കിലും വാക്കിലുമെല്ലാം മറ്റുള്ളവരെ സന്തോഷിപ്പിക്കാനായാൽ നമ്മുടെ ജീവിതം ധന്യമാവും. മറ്റുള്ളവർക്ക് ആശ്വാസവും ആനന്ദവുമേകുന്ന വാക്കുകൾ പറയാൻ പ്രേരിപ്പിക്കുകയാണ് റസൂൽ(സ) ചെയ്തത്. നാവിനെ നന്മയിൽ ഉപയോഗപ്പെടുത്തുന്നവർക്ക് സ്വർഗം ലഭിക്കുമെന്ന സുവിശേഷമറിയിച്ച റസൂൽ(സ), അതിനെ ദുരുപയോഗപ്പെടുത്തുന്നവർക്ക് നരകം ശിക്ഷയായി ലഭിക്കുമെന്ന് താക്കീതു നൽകുകയും ചെയ്തിട്ടുണ്ട്.

മനസ്സിന് സന്തോഷം പകരുന്ന വാക്കും പ്രവൃത്തിയുമാണ് പ്രവാചകൻ പ്രോത്സാഹിപ്പിച്ചത്. 'നിങ്ങൾ എളുപ്പമാക്കിക്കൊടുക്കുക, പ്രയാസമുണ്ടാക്കരുത്. ജനങ്ങളെ സന്തുഷ്ടരാക്കുക, അവരെ വെറുപ്പിക്കരുത്' (ബുഖാരി) എന്ന പ്രവാചകാധ്യാപനം വാക്പ്രയോഗത്തിന്റെ മർമമാണ് സൂചിപ്പിക്കുന്നത്.

ഖുർആനികാധ്യാപനം

സ്നേഹാദരവുകളുള്ള സംസാരത്തിലൂടെയാണ് ബന്ധങ്ങൾ സുദൃഢമാകുന്നത്. അവഗണനയും ആക്ഷേപവും പരിഹാസവും അഭിമാനത്തിന് ക്ഷതമേൽപ്പിക്കും. ഒരാൾക്കും ഒരാളെയും പരിഹസിക്കാനുള്ള അർഹതയില്ല. ഖുർആൻ ഓർമ്മപ്പെടുത്തുന്നതു കാണുക: 'സത്യവിശ്വാസികളേ, ഒരു ജനവിഭാഗവും മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരെക്കാൾ നല്ലവരാകാം. ഒരു വിഭാഗം സ്ത്രീകളും മറ്റൊരു വിഭാഗം സ്ത്രീകളെ പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്ന സ്ത്രീകൾ പരിഹസിക്കുന്ന സ്ത്രീകളെക്കാൾ നല്ലവരാകാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും അരുത്.' (ഹുജ്റാത്ത് 11)

ഒരിക്കൽ തിരുനബി(സ)യുടെ പ്രിയപത്നി ആഇശ(റ) സഹകളത്രയായ ഹഫ്സ(റ)യെപ്പറ്റി 'കുറിയവൾ' എന്ന് കൈകൊണ്ട് ആംഗ്യം കാണിച്ചപ്പോൾ 'സമുദ്രത്തെപ്പോലും വിഷലിപ്തമാക്കാൻ പര്യപ്തമായ ഒരു

കാർമേഘത്തിന്റെ നിഴൽ മാറ്റാൻ സൂര്യനുപോലും ശക്തിയില്ലെന്ന് അമേരിക്കൻ കവയിത്രി മുനിയാഖാൻ. ഭാഷയിലുള്ള സർവപദങ്ങളും തനിക്കു പറയാനുള്ളതല്ലെന്ന് ഓരോരുത്തരും ശ്രദ്ധിക്കണം. ചില നേരത്ത് ഒരു വാക്കും മിണ്ടാതിരിക്കുന്നതാണ് നല്ലത്. ഭാഷണം വെള്ളിയെങ്കിൽ നിശ്ശബ്ദത തങ്കമാണെന്ന് ഒരു ചൊല്ലുണ്ട്. 'നിങ്ങൾ ജനങ്ങളോട് നല്ലതു പറയണം' എന്നാണ് വിശുദ്ധ ഖുർആനിന്റെ അധ്യാപനം. (അൽബഖറ 83)

വാക്കാണ് നിങ്ങൾ പ്രയോഗിച്ചത്' എന്ന് നബി(സ) ഓർമ്മപ്പെടുത്തി. വിശ്വാസികൾ നടത്തുന്ന സംസാരങ്ങളിലും സമ്പർക്കങ്ങളിലും മറ്റുള്ളവരെ ഇകഴ്ത്തുകയും പരിഹസിക്കുകയും ചെയ്യുന്ന സൂചനകൾ പോലും ഉണ്ടാവാൻ പാടില്ലെന്ന് വ്യക്തമാക്കുന്നതാണ് ഈ സംഭവം.

പരിഹാസമരുതേ

പരിഹാസവാക്കും പ്രവർത്തനങ്ങളും ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്താനും ശിഥിലീകരണവും ഛിദ്രതയും വളർത്താനും മാത്രമേ സഹായകമാവുകയുള്ളൂ. സത്യവിശ്വാസികൾ ഏകോദര സഹോദരന്മാരായതുകൊണ്ട് അവർക്കിടയിൽ ഐക്യവും സ്നേഹവും സൗഹാർദവും കളിയാടണം. വ്യത്യസ്ത മനസ്ഥിതിയും അഭിരുചിയുമുള്ള ഒരു സമൂഹത്തിൽ വിശ്വാസികൾ പരസ്പരം ആദരവിന്റെയും പരിഗണനയുടെയും പെരുമാറ്റം ശീലിക്കുകയാണ് വേണ്ടത്.

അന്യരുടെ അസാന്നിധ്യത്തിൽ അവർക്ക് അനിഷ്ടകരമായത് പറയുന്നതും കുഴപ്പവും നാശവും ആഗ്രഹിച്ചുകൊണ്ട് മറ്റുള്ളവരോട് കാര്യങ്ങൾ പറഞ്ഞുപരത്തുന്നതും ദുർഗുണസംസാരങ്ങളിൽ പെട്ടതാണ്. സൗഹാർദ്ദപരമായിത്തീരേണ്ട മാനുഷികബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്നതിൽ ഏഷണിയും പരദൂഷണവും പ്രധാന പങ്കുവഹിക്കുന്നുണ്ട്.

പ്രചരിപ്പിക്കുന്നതും കുറ്റം

കളവു പറയലും പ്രചരിപ്പിക്കലും വിശുദ്ധ ഇസ്‌ലാം കഠിനമായി വിലക്കിയതാണ്. പറയുന്ന ഒരു വാക്കിലും കളവിന്റെ അംശം വരാതിരിക്കാൻ മുൻഗാമികൾ ഏറെ സൂക്ഷ്മത കാണിച്ചിരുന്നു. ഇമാം മാലിക്(റ) ഉദ്ധരിച്ച ഒരു ഹദീസിൽ തിരുനബി(സ) പറയുന്നു: 'വിശ്വാസിയിൽ നിന്ന് ചില ദുർബല നിമിഷങ്ങളിൽ തെറ്റുകൾ സംഭവിക്കാൻ സാധ്യതയുണ്ട്. എന്നാൽ, കളവോ വഞ്ചനയോ ഏതു സാഹചര്യത്തിലും യഥാർത്ഥ വിശ്വാസിയിൽ നിന്നുണ്ടാവുകയില്ല.'

കളവുകൾ പ്രചരിപ്പിക്കാൻ കൂടുതൽ മാധ്യമങ്ങളുള്ള കാലമാണിത്. സോഷ്യൽമീഡിയയിൽ കാണുന്ന സന്ദേശങ്ങൾ യാഥാർത്ഥ്യമാണോ വ്യാജമാണോ എന്നറിയുന്നതിനു മുമ്പ് അവ പ്രചരിപ്പിക്കുന്നത് ശരിയല്ല. വലിയ അക്രമ പ്രവർത്തനങ്ങൾക്കും തെറ്റിദ്ധാരണകൾക്കും ബന്ധങ്ങളുടെ ശിഥിലീകരണത്തിനും അത് കാരണമായേക്കാം.

വിവേകശാലികൾ അല്പം മാത്രം സംസാരിക്കുകയും കൂടുതൽ ചിന്തിക്കുകയും ചെയ്യുന്നവരാണ്. അവർ സംസാരിക്കുന്നതിനു മുമ്പ് അതുണ്ടാക്കിയേക്കാവുന്ന ഗുണദോഷങ്ങളെക്കുറിച്ച് ചിന്തിക്കും. വിഡ്ഢികൾ ചിന്തിക്കുന്നതിനു മുമ്പ് പ്രതികരിക്കുകയും തന്മൂലം അപകടത്തിൽ ചെന്നുചാടുകയും ചെയ്യും. മൗനം വിദ്വാനു ഭൂഷണം എന്ന പഴമൊഴി വിശ്രുതമാണല്ലോ.

മൗനം ഭൂഷണം

വിവേകശാലികൾ അല്പം മാത്രം സംസാരിക്കുകയും കൂടുതൽ ചിന്തിക്കുകയും ചെയ്യുന്നവരാണ്. അവർ സംസാരിക്കുന്നതിനു മുമ്പ് അതുണ്ടാക്കിയേക്കാവുന്ന ഗുണദോഷങ്ങളെക്കുറിച്ച് ചിന്തിക്കും. വിഡ്ഢികൾ ചിന്തിക്കുന്നതിനു മുമ്പ് പ്രതികരിക്കുകയും തന്മൂലം അപകടത്തിൽ ചെന്നുചാടുകയും ചെയ്യും. മൗനം വിദ്വാനു ഭൂഷണം എന്ന പഴമൊഴി വിശ്രുതമാണല്ലോ.

പ്രവാചകൻ(സ) പറഞ്ഞു: 'അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവൻ നല്ലതു പറയട്ടെ, അല്ലെങ്കിൽ മൗനം പാലിക്കട്ടെ.' (മുസ്‌ലിം)

പ്രശസ്ത പേർഷ്യൻ കവി ജലാലുദ്ദീൻ റൂമിയുടെ വാക്കുകൾ ഇങ്ങനെ വായിക്കാം: 'വാക്കുകൾ പ്രയോഗിച്ചു കൊള്ളുക. പക്ഷേ ശബ്ദമുയർത്തേണ്ടതില്ല. പൂക്കളെ വളർത്തുന്നത് മഴയാണ്, ഇടിവെട്ടല്ല.' ബഹളമുണ്ടാക്കുന്നതല്ല നല്ല സംഭാഷണരീതിയെന്ന് ചുരുക്കം.

നോവൽ –3

മുജ്തബ നസ്വീഫ്

അസർമുല്ലപ്പൂട്ട

അതിരുകളില്ലാത്ത ആലോചനകൾ

കണ്ണുകൾ പരതുകയായിരുന്നു എവിടെയാണ് ജമീലയുടെ അസർമുല്ലത്തോട്ടം? മുറ്റത്തിന്നരികിൽ റോസും മല്ലികയും ജമന്തിയും ചെട്ടിയുമൊക്കെയുണ്ട്. പൂക്കൾ വിടർത്തി ചിരിക്കുന്നു; അസർമുല്ല മാത്രം കാണാനില്ല. ഈ ജമീല ബഡായി പറഞ്ഞു പറ്റിക്കുകയായിരുന്നോ?

പുസ്തകം അകത്തു വെച്ചിട്ടു വരാമെന്നു പറഞ്ഞ് അകത്തേക്കോടിപ്പോയ കൂട്ടുകാരിയുടെ വരവും പ്രതീക്ഷിച്ചു വരാന്തയിൽ നിൽക്കുമ്പോൾ ആലോചിച്ചു കൊണ്ടിരുന്നു.

'ഇവളെവിടെപ്പോയി, ദാ വരാന്നു പറഞ്ഞു പോയിട്ട്?' അങ്ങനെ നിൽക്കുമ്പോൾ അകത്തുനിന്ന് ഉറക്കെ പറയുന്നതു കേട്ടു: 'അക്കുട്ടീനെ കോലായില് നിർത്തീട്ട് ഞ്ഞി എന്തെടുക്കാടീ, ഒന്നിരിക്കാമ്പോലും പറയാതെ?'

'...മ്മാ, ഞാൻ പഞ്ചാരവെള്ളം കലക്ക്വാ.' ജമീലയുടെ മറുപടിയും കേട്ടു. അപ്പോഴേക്കും ചിരിച്ചുകൊണ്ട് അവളിങ്ങെത്തിക്കഴിഞ്ഞല്ലോ, കൈയ്യിലൊരു ഗ്ലാസ് പഞ്ചസാര വെള്ളവുമായി. അത് വാങ്ങിക്കുടിക്കുമ്പോൾ ചോദിച്ചു: 'നെനക്കു വേണ്ടേ?'

'ഞാൻ പൊരക്കാര്യല്ലേ' എന്നായിരുന്നു മറുചോദ്യം.

ഗ്ലാസ് വാങ്ങി അകത്തു കൊണ്ടുവെച്ച് അവളോടി വന്നല്ലോ തോട്ടം കാണിക്കാൻ.

മുറ്റത്തെ ചെടികളെ ചൂണ്ടി അവൾ പറഞ്ഞു: 'ദാ, ഇതൊക്കെ ഇക്കാക്കാന്റേതാ. ന്റെ തോട്ടം അപ്പറത്താ.'

അവൾ കൈ പിടിച്ചു കൂട്ടിക്കൊണ്ടുപോയത് വീടിന്റെ മറ്റൊരു ഭാഗത്തേക്കാണ്. അവിടെ

> 'റസിയക്കുട്ടിന്റെ ഉപ്പാനെ ഉമ്മാക്കറിയോ?' ജമീലയുടെ ചോദ്യം കേട്ട് ഉമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു: 'അറിയോന്നോ? ഞമ്മളെ അലിഫ് ബാ പഠിപ്പിച്ചത് ആ ഉസ്താദാ.'

തഴച്ചുവളർന്ന് പൂക്കൾ വിടർത്തി പരിലസിക്കുന്നു ജമീലയുടെ അസർമുല്ലത്തോട്ടം. അവൾ അഭിമാനത്തോടെ തലയുയർത്തി മുഖത്തേക്കു നോക്കി ചോദിക്കുന്നു: 'എങ്ങനെണ്ട്?'

'ഹായ്, നല്ല പൂന്തോട്ടം. ഇതൊക്കെ നിയ്യെന്നെ നട്ടുവളർത്തിയതാണോ?'

'ഓ, ഞാൻ തന്നെ ണ്ടാക്കിയതാ. ഇക്കാക്കേം ഞാനും മത്സരിച്ചാ പൂന്തോട്ടം ണ്ടാക്ക്ണത്.'

'ങേ, അപ്പോ ഇക്കാക്കാന്റെ പൂന്തോട്ടം എവിട്യാ?'

'അത് നിയ്യ് കണ്ടില്ലേ? മുറ്റത്തിന്റെ അരികില് വാടിക്കിടക്കണ്.' അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

അസർമുല്ലത്തോട്ടം കൺകുളിർക്കെ നോക്കിക്കൊണ്ട് തിരിച്ചുവരുമ്പോൾ ജമീല ചോദിച്ചു: 'റസിയക്കുട്ടിക്ക് എന്റെ ഇക്കാക്കാനെ കാണണ്ടേ?'

'ങ്ഹും, നിക്ക് കാണുകയൊന്നും വേണ്ട.'

കാണാൻ പൂതിയുണ്ടെങ്കിലും നാണം കൊണ്ട് അങ്ങനെ പറയാനാണ് തോന്നിയത്. എങ്കിലും വീട്ടിൽ കയറി അടുക്കളയിലെത്തി അവളുടെ ഉമ്മ തന്ന ചായയും പലഹാരവും കഴിക്കുമ്പോഴും കണ്ണുകൾ പരതുന്നുണ്ടായിരുന്നു, ജമീലയുടെ ഇക്കാക്കയെ! വെറുതെയൊന്നു കാണാൻ മാത്രം!

ചായ കുടിക്കുന്നതിനിടയിൽ ജമീലയുടെ ഉമ്മ വർത്തമാനങ്ങൾ ചോദിച്ചുകൊണ്ടിരുന്നു: 'മോളെ വീടെവിടെയാ? വാപ്പാന്റെ പേരെന്താ? ഉമ്മാന്റെ പേരെന്താ? ആരൊക്കെയാ വീട്ടിലുള്ളത്?'

എല്ലാം ചോദിച്ചറിഞ്ഞ ശേഷം അവര് പറഞ്ഞു: 'അപ്പോ കുട്ടി ഞമ്മളെ മൊയ്തുസ്താദിന്റെ മോളാല്ലേ?'

'റസിയക്കുട്ടിന്റെ ഉപ്പാനെ ഉമ്മാക്കറിയോ?' ജമീലയുടെ ചോദ്യം കേട്ട് ഉമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു: 'അറിയോന്നോ? ഞമ്മളെ അലിഫ് ബാ പഠിപ്പിച്ചത് ആ ഉസ്താദാ.'

അതുകേട്ട് ജമീല ഉറക്കെച്ചിരിച്ചു. ആ ചിരിയിൽ പങ്കു ചേരാതിരിക്കാനെങ്ങനെ കഴിയും!

'എന്താ അവടെ വല്യ ചിരീം കളീം?' മുറ്റത്തുനിന്നൊരു ചോദ്യം കേട്ടു. നല്ല ഗൗരവത്തിലാണ് ചോദ്യം.

'ഓ... മൂപ്പര് കിതാബ് പൂട്ടിവെച്ച് പൊറത്തെറങ്ങീക്ക്ണോ?' ഉമ്മയുടെ മറുചോദ്യം.

'ഇവിടെ വേറെ ആരോണ്ടോ' എന്ന് ചോദിച്ചുകൊണ്ട് അടുക്കളയിലേക്ക് എത്തിനോക്കിയപ്പോഴാണ് കണ്ടത്, ഒരു കൗമാരക്കാരനെ. അപ്പോൾ ജമീല പരിചയപ്പെടുത്തി: 'ഇക്കാക്കയാണ്. കോളേജിന്ന് ഇന്നലെ വന്നതാ. രണ്ടുമൂന്നീസം ഇവിടെണ്ടാവും.'

അവൾക്കൊരു ഇക്കാക്കയുണ്ടെന്നു പറഞ്ഞതല്ലാതെ മറ്റു വിവരങ്ങളൊന്നും തന്നിരുന്നില്ലല്ലോ. മുഖംകുനിച്ചു ചൂളിയിരുന്നപ്പോൾ ചോദിക്കുന്നതു കേട്ടു: 'ആരാ, ജമി മോളെ ഫ്രണ്ടാണോ?'

'ഓ, ഓളെ ചങ്ങായിച്ചി റസിയക്കുട്ടിയാ.' ഉമ്മയാണ് പരിചയപ്പെടുത്തിയത്.

'പിന്നേയ്, നമ്മളെ ഉമ്മാന്റെ ഉസ്താദിന്റെ മോളാണ് ട്ടോ.' ജമീല കൂട്ടിച്ചേർത്തു.

ഇക്കാക്ക പുറത്തിറങ്ങിയപ്പോൾ ഉമ്മ പറയുന്നതു കേട്ടു: ഞാൻ ഒന്നാം ക്ലാസിൽ പഠിക്കുമ്പോ ഓറൊരു ചെറിയ മൊയ്ല്യാരുട്യാ. നല്ലോണം പഠിപ്പിക്കും. രണ്ടുമൂന്നു വട്ടം പറഞ്ഞു തന്നിട്ടും പഠിച്ചില്ലെങ്കി ദേഷ്യം പിടിക്കും. വടിയെടുത്ത് തല്ലും. ഞങ്ങൾക്കൊക്കെ വല്യ ഇഷ്ടായിര്ന്ന്.'

‘അപ്പോ ഉമ്മാക്കും കിട്ടീട്ടുണ്ടാവുംല്ലേ നല്ല പെട?’ ജമീലയുടെ ചോദ്യം കേട്ട് ഉമ്മ മുഖം വീർപ്പിച്ചു.

‘അതന്നേ, അടിന്റെ ചൂട് ഇപ്പഴും ഓർമ്മണ്ട് ല്ലേ?’ ജമീലയുടെ കളിയാക്കൽ ഉമ്മയെ പിണക്കിയെന്നു തോന്നുന്നു. ‘ഒന്ന് മിണ്ടാതിരിയെടീ’ എന്നു പറഞ്ഞ് ഉമ്മ വിഷയം മാറ്റി.

വർത്തമാനം തുടരുകയാണ്. അപ്പോൾ പേടിയായിത്തുടങ്ങി. വേഗമിങ്ങു പോരണമെന്നാണല്ലോ ഉമ്മ പ്രത്യേകം പറഞ്ഞത്. നേരം എത്രയോ കഴിഞ്ഞു; ഇപ്പോ ഇരുട്ടാകുമെന്നു തോന്നുന്നു. പുസ്തകമെടുത്ത് പുറത്തിറങ്ങാനൊരുങ്ങിയപ്പോൾ ജമീല പറഞ്ഞു: ‘നിൽക്കേ, അനക്ക് ഞാനൊരു ചെടി തരാ ട്ടോ.’

ചോദിക്കണമെന്ന് കരുതിയതായിരുന്നു. അതിന്റെ ആവശ്യം വന്നില്ലല്ലോ. എല്ലാം കണ്ടറിഞ്ഞു ചെയ്യാൻ ഈ ജമീലക്കറിയാം.

‘ഏതാനും അസർമുല്ലത്തൈകൾ പറിച്ചെടുത്ത് ഒരു കടലാസിൽ പൊതിഞ്ഞുകൊണ്ടാണ് അവൾ വന്നത്. അത് വാങ്ങാനായി കൈനീട്ടിയപ്പോൾ അവൾ പറഞ്ഞു: ‘നടന്നോ, സ്കൂളിനടുത്തു വരെ ഞാനും വരാം. നെനക്ക് പരിചയല്ലാത്ത വഴ്യല്ലേ.’

ആശ്വാസമായി. ഒപ്പം നടക്കുന്നതിനിടയിൽ അവൾ ഇക്കാക്കയെക്കുറിച്ച് പറഞ്ഞു. ദൂരെയൊരു കോളേജിലാണ് പഠിക്കുന്നത്. വീട്ടിൽ വന്നാലും എപ്പോഴും വായനയാണ്. കളിക്കാനും വർത്തമാനം പറയാനുമൊക്കെ കിട്ടണമെങ്കിൽ താൻ പോയി പുസ്തകം പിടിച്ചുവാങ്ങേണ്ടിവരും. നല്ല സ്നേഹമാണ്... എന്നൊക്കെ. അതൊക്കെ കേട്ടപ്പോൾ തോന്നി, എനിക്കും അങ്ങനെയൊരു ഇക്കാക്കയുണ്ടായിരുന്നെങ്കിൽ....!’

*** *** ***

തിരക്കിട്ട് ഓടിയും നടന്നും കിതച്ചുകൊണ്ട് വീട്ടിലേക്കുള്ള കുത്ത്കല്ല് കയറുമ്പോൾ കണ്ടു: ‘ഉമ്മയും അനിയനും അനിയത്തിയും മുറ്റത്തിറങ്ങി വഴിയിലേക്കുനോക്കി നിൽക്കുകയാണ്. ഇത്തിരി വൈകിപ്പോയല്ലോ. നോക്കി നോക്കി ഉമ്മയുടെ ഖൽബും കണ്ണും കുഴങ്ങിയിട്ടുണ്ടാവും. ‘എത്ര നേരായി മോളേ, ഇഞ്ഞി എന്തെട്ക്കായിരുന്നു അവടെ?’ ഉമ്മയുടെ ആശ്വാസം കിനിയുന്ന വാക്കുകൾ മുറ്റത്തെത്തുന്നതിനു മുമ്പേ കേട്ടു.

ഹാവൂ! ആശ്വാസം. ഉമ്മ ദേഷ്യം പിടിക്കുന്നില്ലല്ലോ. ചീത്ത പറയുന്നില്ലല്ലോ.

വീട്ടിലേക്ക് കയറുന്നതിനിടയിൽ ഉമ്മയോട് ജമീലയുടെ വർത്തമാനങ്ങൾ പറഞ്ഞുകൊണ്ടിരുന്നു.

അസർമുല്ലച്ചെടികൾ കാണിച്ചുകൊടുത്തപ്പോൾ ഉമ്മാക്കു സന്തോഷം. അനിയൻ പറഞ്ഞു: ‘ഇത്താ, ഒരു തയ്യ്നിച്ച് തരണട്ടോ.’

അപ്പോൾ അനിയത്തി ചിണുങ്ങി: ‘ഒന്ന് നിച്ചും മേണം.’ അവർക്ക് രണ്ടാൾക്കും ഓരോ തൈ കൊടുക്കാമെന്നേറ്റപ്പോൾ പ്രശ്നം തീർന്നു. രാവിലെ തൈകൾ നടാമെന്നു പറഞ്ഞ് കിണറ്റിൻകരയിൽ നല്ല നനവുള്ള സ്ഥലത്ത് കൊണ്ടുപോയി വെച്ചു.

*** *** ***

‘ഉമ്മ എത്ര നേരമായി ഈ ഇരിപ്പ് തുടങ്ങീട്ട്. ഈ ചായ തണുത്താറിപ്പോയല്ലോ.’ ശിഫാ മോളുടെ ചോദ്യമാണ് വിചാരങ്ങളിൽ നിന്നുണർത്തിയത്. അവളെപ്പോഴോ വന്നു പറഞ്ഞിരുന്നു, ചായ കൊണ്ടുവച്ചിട്ടുണ്ടെന്ന്. അക്കാര്യം മറന്നു പോയിരുന്നല്ലോ. തട്ടിപ്പിടിഞ്ഞെഴുന്നേൽക്കുമ്പോൾ അവളുടെ പരിഭവം കേട്ടു: ‘ഈ ഉമ്മാക്കെപ്പോഴും വിചാരം തന്നെയാണ്. ഉമ്മയോടെത്ര വട്ടം പറഞ്ഞതാ ഇങ്ങനെ ഓരോന്നാലോചിച്ചിരിക്കര്തെന്ന്! മക്കളോടൊക്കെ വർത്തമാനം പറഞ്ഞിരിക്കണമെന്ന്. അയലത്തേക്കൊക്കെ പോകണമെന്ന്. ഇത് എങ്ങും പോകാതെ ഇങ്ങനെ ആലോചന തന്നെ... ആലോചന! ഇങ്ങനെ ആലോചിച്ചിരുന്നിട്ടെന്താ...? വരാനുള്ളവര് ഇങ്ങ് പറന്നെത്ത്വാ?’

ഒന്നും പ്രതികരിക്കാതെ തണുത്ത ചായയെടുത്തു മോന്തിക്കുടിക്കുന്നതിനിടയിൽ മനസ്സ് പറയുന്നു: ‘മോളേ, ഞാൻ വിചാരിക്കാഞ്ഞിട്ടല്ല. ഒത്തിരിയേറെ ഓർക്കാനുള്ളതുകൊണ്ട് അവയൊക്കെ ഓരോരിക്കിലങ്ങനെ പറന്നു വരാണല്ലോ, ഒന്നിന് പുറകെ മറ്റൊന്നായി! ഈ ആലോചനക്ക് ഒരറ്റോമില്ലല്ലോ. വരേണ്ടവരിങ്ങെത്തിയാല് എന്റെ ആലോചന അവസാനിക്കുമായിരിക്കും.’
(തുടരും)

പുസ്തകമെടുത്ത് പുറത്തിറങ്ങാനൊരുങ്ങിയപ്പോൾ ജമീല പറഞ്ഞു: ‘നിൽക്കേ, അനക്ക് ഞാനൊരു ചെടി തരാ ട്ടോ.’
ചോദിക്കണമെന്ന് കരുതിയതായിരുന്നു. അതിന്റെ ആവശ്യം വന്നില്ലല്ലോ. എല്ലാം കണ്ടറിഞ്ഞു ചെയ്യാൻ ഈ ജമീലക്കറിയാം.
‘ഏതാനും അസർമുല്ലത്തൈകൾ പറിച്ചെടുത്ത് ഒരു കടലാസിൽ പൊതിഞ്ഞുകൊണ്ടാണ് അവൾ വന്നത്. അത് വാങ്ങാനായി കൈനീട്ടിയപ്പോൾ അവൾ പറഞ്ഞു: ‘നടന്നോ, സ്കൂളിനടുത്തു വരെ ഞാനും വരാം. നെനക്ക് പരിചയല്ലാത്ത വഴ്യല്ലേ.’

ചരിത്രാഖ്യായിക സൗദ(റ) - 2

മുഹമ്മദ് പാറന്നൂർ

സൗഭാഗ്യം വിരുന്നെത്തിയ നേരം

ആശ്വസിപ്പിക്കാനെത്തുന്നുണ്ട് പലരും. പക്ഷേ, അവർക്കൊക്കെ പറയാനുള്ളത് 'ക്ഷമിക്കുക, സഹിക്കുക, അല്ലാഹു എന്തെങ്കിലുമൊക്കെ പരിഹാരമാർഗ്ഗം തുറന്നു തരാതിരിക്കില്ല' എന്നു മാത്രമാണ്. അതിലപ്പുറമൊന്നും പറയാൻ അവർക്കാർക്കുമാവില്ലല്ലോ.

വരുന്നവരിൽ പലരും പങ്കുവെക്കുന്നു; തിരുനബി(സ) അനുഭവിക്കുന്ന കൊടും ദുരിതത്തിന്റെ കഥകൾ. അല്ലാഹുവിന്റെ ഹബീബായ റസൂലും കുടുംബവും ശിഅബു അബീത്വാലിബിൽ വർഷങ്ങൾ തന്നെ പട്ടിണി കിടന്നു കഴിഞ്ഞില്ലേ? ആ ദുരിതങ്ങൾ അവിടുത്തെ പ്രിയ പത്നിയായ, താങ്ങും തണലുമായ ഖദീജ(റ)യെ തളർത്തിക്കളഞ്ഞില്ലേ? അഭയവും സംരക്ഷണവും സഹായവുമായിരുന്ന അവർ തിരുനബി(സ)യെ ഇവിടെ വിട്ടുപിരിഞ്ഞുപോയില്ലേ?

തിരുനബി(സ)യുടെ വീട്ടിലെ അവസ്ഥയെന്താണെന്നറിയുമോ നിങ്ങൾക്ക്? പക്വതയെത്താത്ത മൂന്ന് പെൺകുട്ടികളല്ലേ അവിടെ തിരുദൂതരോടൊപ്പം വസിക്കുന്നത്? ആ പെൺകുട്ടികളെ വീട്ടിലാക്കിയല്ലേ തിരുനബി(സ) ശത്രു മധ്യത്തിലൂടെ പ്രബോധന പ്രവർത്തനങ്ങളുമായി നടക്കുന്നത്! ഖദീജ(റ) കേവലമൊരു പത്നി മാത്രമായിരുന്നില്ലല്ലോ തിരുനബി(സ)ക്ക്. ശത്രുക്കളുടെ എതിർപ്പും പരിഹാസവും

ഖദീജ(റ) കേവലമൊരു പത്നി മാത്രമായിരുന്നില്ലല്ലോ തിരുനബി(സ)ക്ക്. ശത്രുക്കളുടെ എതിർപ്പും പരിഹാസവും അവഹേളനവും മർദ്ദനവുമൊക്കെ തരണം ചെയ്ത് ദൗത്യനിർവഹണം നടത്തി തളർന്നെത്തുന്ന തിരുനബി(സ)ക്ക് ഇക്കാലമത്രയും ആശ്വാസം പകർന്നു കൊടുത്ത ഇണയല്ലേ പിരിഞ്ഞു പോയത്!

അവഹേളനവും മർദ്ദനവുമൊക്കെ തരണം ചെയ്ത് ദൗത്യനിർവഹണം നടത്തി തളർന്നെത്തുന്ന തിരുനബി(സ)ക്ക് ഇക്കാലമത്രയും ആശ്വാസം പകർന്നു കൊടുത്ത ഇണയല്ലേ പിരിഞ്ഞു പോയത്! ഖദീജ(റ)യുടെ ചുമലിൽ തല ചായ്ച്ചായിരുന്നില്ലേ അവിടുന്ന് ആശ്വാസം കൊണ്ടിരുന്നത്? ഇന്നോ? ഒന്നാശ്വാസം പകരാൻ അവിടുത്തേക്കാരാണുള്ളത്? ആ പെൺകുട്ടികളുടെ കണ്ണുനീർ അവിടുത്തെ മനസ്സിനെ പൊള്ളിച്ചു കൊണ്ടിരിക്കുന്നല്ലോ!

അല്ലാഹുവിന്റെ ഹബീബ് ഇത്രയും പ്രയാസങ്ങൾ സഹിക്കുന്നെങ്കിൽ സൗദാ, നിങ്ങൾക്കെന്തു കൊണ്ട് വിഷമങ്ങൾ സഹിച്ചുകൂടാ, ക്ഷമിച്ചു കൂടാ?

ക്ഷമിക്കാം.. സഹിക്കാം.. പക്ഷേ എത്രകാലം? ഈ സൗദക്കു ജീവിതത്തിൽ എന്തു പ്രതീക്ഷയാണിനിയുള്ളത്? എല്ലാ പ്രതീക്ഷകളും അസ്തമിച്ചു കഴിയുമ്പോഴായിരുന്നല്ലോ സക്റാൻ കൈ പിടിക്കാനെത്തിയത്. വലിയ മനസ്സിന്റെ ഉടമയും സച്ചരിതനുമായ സക്റാനെപ്പോലെ മറ്റൊരു ഭർത്താവുണ്ടാകില്ല. എന്നാലും ജീവിതയാത്രയിൽ കൂടെക്കഴിയാൻ ഒരാൺതുണ അനിവാര്യമല്ലേ, പ്രത്യേകിച്ചും അപകടം പിടിച്ച ഈ പശ്ചാത്തലത്തിൽ? പക്ഷേ സൗന്ദര്യം തൊട്ടു തീണ്ടിയിട്ടില്ലാത്ത ഈ അബലയെത്തേടി ഇനിയാരു വരാൻ? അതും യൗവനം ചോർന്നുപോയ ഈ അവസ്ഥയിൽ? ഇല്ല, അടുത്തും അകലെയുമില്ല പ്രതീക്ഷയുടെ ഒരു പൊട്ടുവെളിച്ചം പോലും! പൊന്നുമോൻ അബ്ദുറഹ്മാന്റെ ഭാവിയെന്താകും? അവനെ പോറ്റിവളർത്താനുള്ള സാമ്പത്തികശേഷി പോലും ഈ ദുർബലയ്ക്കില്ലല്ലോ. സൗദ(റ) തോരാത്ത കണ്ണീരുമായി ദിനരാത്രങ്ങൾ തള്ളിനീക്കി.

* * *

രണ്ടു വർഷത്തിലധികം നീണ്ട ഉപരോധമവസാനിച്ച് ഒന്നാശ്വാസം കൊണ്ടതേയുള്ളൂ; തിരുനബി(സ)യെയും കുടുംബത്തെയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് പ്രിയ പത്നി ഖദീജ(റ) വിട പറഞ്ഞു. വല്ലാത്തൊരു സങ്കടം തന്നെയായിരുന്നല്ലോ ആ വിയോഗം. പലവിധ ദുരിതങ്ങൾ താണ്ടി വീട്ടിലെത്തുന്ന തിരുനബി(സ)ക്ക് എല്ലാ ഭാരവുമിറക്കിവെക്കാനുള്ള അത്താണിയായിരുന്നു ഖദീജ(റ). അവരുടെ സാന്ത്വന വചസ്സുകളിൽ, സ്നേഹപൂർവ്വമുള്ള തലോടലിൽ, ബുദ്ധിപൂർവ്വമുള്ള ഉപദേശങ്ങളിൽ, അകമഴിഞ്ഞ പിന്തുണയിൽ എല്ലാ വിഷമങ്ങളും മറക്കാൻ തിരുനബി(സ)ക്ക് കഴിഞ്ഞിരുന്നു. ഊർജ്ജസ്വലതയോടെ പ്രശ്നങ്ങളെ നേരിടാൻ ധൈര്യം കൈവന്നിരുന്നു. ഇപ്പോഴിതാ ആ തണൽമരം പിഴുതെടുക്കപ്പെട്ടിരിക്കുന്നു. ദുഃഖത്തിലാണ്ട നാലു പെൺമക്കളെ ആശ്വസിപ്പിക്കാൻ പോലുമാവാതെ അല്ലാഹുവിന്റെ റസൂൽ(സ).

തിരുനബി(സ)യുടെ ദുഃഖം സ്വഹാബികളുടെ ദുഃഖവുമാണല്ലോ. എങ്ങനെ അവിടുത്തെ ആശ്വസിപ്പിക്കും? വീട്ടിനുള്ളിലെ അനാഥത്വത്തിന് എങ്ങനെ പരിഹാരം കാണും? അവർക്കു വേവലാതിയുണ്ട്, സഹതാപമുണ്ട്, സങ്കടമുണ്ട്. പക്ഷേ പരിഹാര മാർഗം നിർദ്ദേശിക്കാൻ ആർക്കും കഴിയുന്നില്ല.

ഖൗല ബിൻത് ഹകീം(റ) ഇടയ്ക്കിടെ തിരുഭവനത്തിലെത്തും. ഹിജ്റ രണ്ടാം വർഷം മരണപ്പെട്ട ഉസ്മാനുബ്നു മള്ഊൻ(റ)വിന്റെ വിധവയാണ് ഖൗല(റ) ആ വീട്ടിലെ അവസ്ഥകൾ കാണുമ്പോൾ അവരുടെ കണ്ണുനിറയും. ഈ വീടിന്നൊരു കുടുംബനാഥ വേണമല്ലോ. അങ്ങനെ ഒരാളില്ലാതെ ഇങ്ങനെ എത്ര നാൾ കഴിയും? അവർ ആലോചിച്ചു.

ഖൗല ബിൻത് ഹകീം(റ) ഇടയ്ക്കിടെ തിരുഭവനത്തിലെത്തും. ഹിജ്റ രണ്ടാം വർഷം മരണപ്പെട്ട ഉസ്മാനുബ്നു മള്ഊൻ(റ)വിന്റെ വിധവയാണ് ഖൗല(റ) ആ വീട്ടിലെ അവസ്ഥകൾ കാണുമ്പോൾ അവരുടെ കണ്ണുനിറയും. ഈ വീടിന്നൊരു കുടുംബനാഥ വേണമല്ലോ. അങ്ങനെ ഒരാളില്ലാതെ ഇങ്ങനെ എത്ര നാൾ കഴിയും? അവർ ആലോചിച്ചു.

ഒരു ദിവസം അവർ തിരുനബി(സ)യോടു തന്നെ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങേക്ക് ഏതെങ്കിലുമൊരു പെണ്ണിനെ കല്യാണം കഴിച്ചുകൂടേ? ഒരു വീട്ടുകാരിയില്ലാതെ ഇങ്ങനെ എത്രനാൾ?'

ആ ചോദ്യം കേട്ട് തിരുനബി(സ) ഏറെനേരം മൗനത്തിലാണ്ടു നിന്നുപോയി. അവിടുത്തെ മനസ്സിലൂടെ പ്രിയ പത്നി ഖദീജയോടൊത്തുള്ള ജീവിതനിമിഷങ്ങൾ മിന്നിമറയുകയായിരിക്കും. നീണ്ട ഇരുപത്തഞ്ച് വർഷങ്ങൾ തന്നോടൊപ്പം ചേർന്നുനിൽക്കുകയായിരുന്നല്ലോ അവർ. ഒരിക്കലും ആലോചിച്ചിട്ടില്ല, അവരല്ലാത്ത ഒരു പ്രിയതമയെക്കുറിച്ച്. എന്നാലിപ്പോൾ അവരുടെ വിയോഗം തീർത്ത ഏകാന്തത വല്ലാതെ പ്രയാസപ്പെടുത്തുന്നുണ്ടല്ലോ; തനിക്ക് മാത്രമല്ല, മക്കൾക്കും ബന്ധപ്പെട്ടവർക്കുമൊക്കെ അത്തരം ആളുകളുടെ അഭാവം വല്ലാത്ത പ്രയാസങ്ങളുണ്ടാക്കുന്നുണ്ടല്ലോ. പുനർവിവാഹത്തെക്കുറിച്ചുള്ള ആലോചന ഇതേവരെ ഉണ്ടായിട്ടില്ല. എന്നാലിപ്പോൾ അതൊരു അനിവാര്യതയായി ത്തീർന്നിരിക്കുന്നല്ലോ.

അല്പസമയത്തിനുശേഷം അവിടുന്ന് മൗനം ഭഞ്ജിച്ചു: 'ആരെയാണു ഞാൻ കല്യാണം കഴിക്കേണ്ടത്?'

അങ്ങനെയൊരു ചോദ്യം ഖൗല(റ)യും പ്രതീക്ഷിച്ചിരുന്നില്ല. അവൾ അല്പനേരം ആലോചനയിലായി. ആരെയാണ് തിരുനബി(സ)ക്ക് നിർദ്ദേശിച്ചു കൊടുക്കുക? ആരാണവിടുത്തേക്ക് നന്നായി ചേരുക? കന്യകയെയാണോ അതോ വിധവയെയാണോ അവിടുത്തേക്ക് വേണ്ടത്? ഏതു പെണ്ണിനെ അവിടുത്തേക്കു വേണ്ടി അന്വേഷിച്ചാലും നിരസിക്കപ്പെടുകയില്ല. എന്നാലും... പെട്ടെന്ന് അവരുടെ മനസ്സിലേ

ഖൗല(റ) സന്തോഷത്തോടെ സൗദ(റ)യുടെ വീട്ടിലേക്ക് നടന്നു. കണ്ണീരൊഴുക്കിക്കൊണ്ടിരിക്കുന്ന അവരെ വിളിച്ചു പറഞ്ഞു: 'സൗദാ, സന്തോഷിച്ചു കൊള്ളുക. നിന്നെ വിവാഹം കഴിക്കാൻ തിരുനബി(സ) തയ്യാറായിരിക്കുന്നു.' കേട്ടത് വിശ്വസിക്കാനാകാതെ സൗദ(റ) അമ്പരന്നുപോയി. എന്താണീ കേൾക്കുന്നത്, അല്ലാഹുവിന്റെ റസൂൽ ഈ സൗദയെ വിവാഹം കഴിക്കുകയോ?

ക്ക് കടന്നുവന്നത് സൗദ ബിൻത് സംഅയുടെ മുഖമാണ്. മുപ്പതു വയസ്സു കഴിഞ്ഞ വിധവയാണവർ. ഇസ്‌ലാമിൽ ചേർന്നതു കാരണം കുടുംബത്തിൽ നിന്നു ബഹിഷ്കൃതയായവർ. മർദ്ദന പീഡനങ്ങൾ സഹിക്കാനാവാതെ അബ്സീനിയയിലേക്ക് ഭർത്താവിനോടൊപ്പം പലായനം ചെയ്തവർ. ദുരിതക്കടലുകൾ താണ്ടിക്കടക്കവെ വഴിമധ്യേ ഏക തണിയായ ഭർത്താവിനെ നഷ്ടപ്പെട്ടവർ. അവരനുഭവിക്കുന്ന ദുഃഖത്തിന്റെ ആഴം നേരിട്ടു കണ്ടറിഞ്ഞതാണ്. ഭർത്താവിന്റെ വിയോഗം മുതൽ ഇതുവരെ അവരുടെ കണ്ണീർ തോർന്നിട്ടില്ലല്ലോ. അവർ തിരുനബി(സ)ക്ക് ചേരുമോ?

ചേരാതിരിക്കുന്നതെങ്ങനെ? ഇസ്‌ലാമിനുവേണ്ടി അത്രയും ത്യാഗം സഹിച്ചൊരു വിധവ വേറെയില്ലല്ലോ. പക്ഷേ, ഒരു പ്രശ്നമുണ്ട്; ഒട്ടും സൗന്ദര്യമില്ല അവർക്ക്. അതിസുന്ദരനായ തിരുനബി(സ) വിരൂപിയായ സൗദയെ ഇഷ്ടപ്പെടുമോ? അവിടുന്ന് നോക്കുന്നത് മനസ്സിലേക്കാണെങ്കിൽ സൗദയോളം സുന്ദരിയായ മറ്റൊരു പെണ്ണിനെ കണ്ടെത്താൻ കഴിഞ്ഞെന്നു വരില്ല.

ഇനി അവിടുന്ന് ആഗ്രഹിക്കുന്നത് ഒരു കന്യകയെയാണെങ്കിൽ ഉറ്റ കൂട്ടുകാരനായ അബൂബക്ർ(റ)വിന്റെ മകൾ ആഇശയുണ്ടല്ലോ. പ്രായമെത്തിയിട്ടില്ലെങ്കിലും എല്ലാ നിലക്കും തിരുനബി(സ)ക്ക് ചേർന്ന പെണ്ണാണ് ആ കുട്ടി. ഈ രണ്ടുപേരെയും നിർദ്ദേശിക്കാം. അവിടുന്ന് ഇഷ്ടമുള്ളവരെ തിരഞ്ഞെടുത്തു കൊള്ളട്ടെ. ഖൗല(റ) ഇങ്ങനെയൊക്കെ തീരുമാനത്തിലെത്തി പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, വിധവകളും കന്യകകളുമായ സ്ത്രീകളുണ്ടിവിടെ. അവരിൽ അങ്ങേക്കിഷ്ടമായവരെ വിവാഹം കഴിക്കാം.'

'ആരെല്ലാമാണവർ?'

'സൗദ ബിൻത് സംഅയാണ് വിധവ. അവരുടെ ഭർത്താവ് സക്റാൻ ഈയിടെയാണല്ലോ മരണപ്പെട്ടത്. പിന്നെ, അങ്ങയുടെ കൂട്ടുകാരനായ അബൂബക്റിന്റെ മകൾ ആഇശയുണ്ട് കന്യകയായി.'

'ആവട്ടെ, അന്വേഷിച്ചോളൂ.' തിരുനബി(സ) അനുവാദം നൽകി.

ഖൗല(റ) സന്തോഷത്തോടെ സൗദ(റ)യുടെ വീട്ടിലേക്ക് നടന്നു. കണ്ണീരൊഴുക്കിക്കൊണ്ടിരിക്കുന്ന അവരെ വിളിച്ചു പറഞ്ഞു: 'സൗദാ, സന്തോഷിച്ചു കൊള്ളുക. നിന്നെ വിവാഹം കഴിക്കാൻ തിരുനബി(സ) തയ്യാറായിരിക്കുന്നു.' കേട്ടത് വിശ്വസിക്കാനാകാതെ സൗദ(റ) അമ്പരന്നുപോയി. എന്താണീ കേൾക്കുന്നത്, അല്ലാഹുവിന്റെ റസൂൽ ഈ സൗദയെ വിവാഹം കഴിക്കുകയോ? അത്യുന്നതനും അല്ലാഹുവിന്റെ ഹബീബുമായ തിരുനബി(സ) എവിടെ, അബലയും സാധാരണക്കാരിയുമായ ഈ സൗദയെവിടെ! തിരു ചാരത്തിരിക്കാൻ പോലും യോഗ്യതയില്ലാത്ത താൻ അവിടുത്തെ സഹധർമ്മിണിയാവുകയോ? ഖൗല ഈ പറയുന്നത് സത്യമോ? അതോ എന്നെ വ്യാമോഹിപ്പിക്കാൻ പറയുകയാണോ?

മിഴിച്ചിരിക്കുന്ന സൗദ(റ)യെ തൊട്ടുണർത്തി ഖൗല(റ) തുടർന്നു: 'സൗദാ, നിനക്കതിനു സമ്മതമാണോ എന്ന് അല്ലാഹുവിന്റെ റസൂൽ ചോദിക്കുന്നു.'

ഖൗല(റ) കാര്യമായിത്തന്നെയാണ് പറയുന്നതെന്നും തിരുനബി(സ)യുടെ സന്ദേശവുമായാണവർ എത്തിയിരിക്കുന്നതെന്നും ബോധ്യമായപ്പോൾ അവർ പറഞ്ഞു: 'ഞാൻ അവിടുത്തെ സേവിക്കാൻ സന്നദ്ധയാണെന്ന് തിരുനബി(സ)യോട് ചെന്നു പറയുക.' തിരുനബി(സ)യുടെ ഭൃത്യയായി കഴിയാനുള്ള അർഹതയേ തനിക്കുള്ളൂ എന്ന നിലയ്ക്കാവും അവരിങ്ങനെ പറഞ്ഞത്. ഏതായാലും അതോടെ സൗദ(റ)യുടെ കണ്ണീരടങ്ങി. സ്വപ്നം കാണാൻ പോലും വയ്യാത്ത മഹദ്പദവി തന്നെ തേടിയെത്തിയതോർത്ത് അവർ അല്ലാഹുവിനെ ഏറെയേറെ സ്തുതിച്ചു.

അടുത്തദിവസം തന്നെ ഖൗല(റ) തിരുനബി(സ)യുടെ സന്ദേശവുമായി വീണ്ടും വന്നു: 'നിനക്കു സമ്മതമാണെങ്കിൽ നിന്റെ കുടുംബത്തിലെ ഒരാളെ വിവാഹം നടത്തിത്തരാനും സാക്ഷിയാവാനും ചുമതലപ്പെടുത്തുക.'

ഭർതൃസഹോദരൻ ഹാത്തിമിനെയാണ് സൗദ(റ) തന്റെ രക്ഷിതാവായി നിയോഗിച്ചത്. അങ്ങനെ തിരുനബി(സ)യും സൗദ(റ)യും തമ്മിലുള്ള വിവാഹം നടന്നു. നാനൂറ് ദിർഹമാണ് സൗദ(റ)ക്ക് തിരുനബി(സ) മഹ്റായി നൽകിയത്.

(തുടരും)

ഹനഫീ ഫിഖ്ഹ്

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

വിധവയുടെ ഇദ്ദ എത്ര നാൾ?

ചോദ്യം: എന്റെ ഭർത്താവ് ശാഫിഈ മദ്ഹബുകാരനാണ്. ഞാൻ ഭർത്താവിന്റെ മദ്ഹബ് സ്വീകരിക്കൽ നിർബന്ധമുണ്ടോ?

സുലൈഖ ജമാൽ, അജ്മാൻ

ഉത്തരം: ഇല്ല. എന്നാൽ ഭാര്യഭർത്താക്കന്മാർ ഒരേ മദ്ഹബുകാരാകുന്നത് രണ്ടുപേരുടെയും ആരാധനാകർമങ്ങളിലെ ഐക്യത്തിനും പൊരുത്തത്തിനും സഹായകമാണല്ലോ. അതിലുപരി മക്കൾക്ക് നിസ്കാരം പോലുള്ള ആരാധനാകർമ്മങ്ങൾ പഠിപ്പിക്കുമ്പോഴും മാതാപിതാക്കളെ അനുകരിച്ച് അവ ശീലിക്കുമ്പോഴും ആശങ്കകളും അബദ്ധങ്ങളും ഒഴിവാക്കാൻ ഒരേ മദ്ഹബുകാരാകുന്നത് നല്ലതാണ്. അതിനാൽ ഭർത്താവ് ഭാര്യയുടെ മദ്ഹബ് പഠിച്ച് അതനുസരിച്ച് ജീവിക്കുകയോ ഭാര്യ ഭർത്താവിന്റെ മദ്ഹബ് പഠിച്ച് അതനുസരിച്ച് ജീവിക്കുകയോ ചെയ്യുന്നത് ഉത്തമമാണ്.

ചോദ്യം: ഭർത്താവ് മരണപ്പെട്ട സ്ത്രീ എത്ര നാളാണ് ഇദ്ദ ഇരിക്കേണ്ടത്? ഇദ്ദയുടെ കാലയളവിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

ജലാൽ, പാലക്കാട്

ഉത്തരം: സ്വതന്ത്രസ്ത്രീയുടെ ഭർത്താവ് മരണപ്പെട്ടാൽ അവളുടെ ഇദ്ദാ കാലാവധി നാലു മാസവും പത്ത് ദിവസവുമാണ്. ഭർത്താവിന്റെ മരണസമയത്ത് അവൾ ഗർഭിണിയാണെങ്കിൽ ഇദ്ദ കാലാവധി പ്രസവം വരെയാണ്. മരണപ്പെട്ട ഭർത്താവിന്റെ മയ്യിത്ത് മറവ് ചെയ്യുന്നതിനു മുമ്പ് അവൾ പ്രസവിച്ചാൽ അതോടെ അവളുടെ ഇദ്ദ അവസാനിക്കുന്നതാണ്. (അൽഇനായഃ 6/101,102)

സുഗന്ധം, ആഭരണം, സുഗന്ധമുള്ളതോ ഇല്ലാത്തതോ ആയ എണ്ണ, സുറുമ, മൈലാഞ്ചി, കുങ്കുമം, മഞ്ഞൾ പോലുള്ള വസ്തുക്കൾ കൊണ്ട് ചായം കൊടുത്ത വസ്ത്രം എന്നിവ ഭർത്താവ് മരിച്ച് ഇദ്ദയിരിക്കുന്ന സ്ത്രീ ഉപയോഗിക്കാൻ പാടില്ല. എന്നാൽ ചികിത്സക്കു വേണ്ടി എണ്ണ, സുറുമ എന്നിവ ഉപയോഗിക്കാവുന്നതാണ്. ഇദ്ദ കാലാവധി കഴിയുന്നതിനു മുമ്പ് പുനർവിവാഹാലോചന നടത്താൻ പാടില്ല. ഭർത്താവ് മരണപ്പെടുന്ന സമയത്ത് അവൾ താമസിച്ചിരുന്ന വീട്ടിൽ തന്നെ ഇദ്ദ തീരുന്നതു വരെ താമസിക്കുകയും രാത്രികാലങ്ങളിൽ ആ വീട്ടിൽ തന്നെ അന്തിയുറങ്ങുകയും വേണം. (അല്ലുബാബ് 1/289-291)

ചോദ്യം: എന്റെ മകൾക്ക് പതിനേഴാമത്തെ വയസ്സിലാണ് മെൻസസുണ്ടായി പ്രായപൂർത്തിയായത്. സാധാരണ പെൺകുട്ടികളുടെ പ്രായപൂർത്തി 9 വയസ്സാണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. 9 വയസ്സിനു ശേഷമുള്ള നിസ്കാരമാണോ 17 വയസ്സിനുശേഷമുള്ള നിസ്കാരമാണോ ഖളാആയിട്ടുണ്ടെങ്കിൽ വീട്ടേണ്ടത്?

സൽമ സത്താർ, ഇടുക്കി

ഉത്തരം: മെൻസസ് കൊണ്ട് പ്രായപൂർത്തിയാകാൻ സാധ്യതയുള്ള പ്രായമാണ് 9 വയസ്സ്. അതായത് 9 വയസ്സാകുന്നതിനു മുമ്പ് പെൺകുട്ടിയിൽ നിന്ന് പുറപ്പെടുന്ന രക്തം ആർത്തവരക്തമായി ഗണിക്കുന്നതല്ല. പ്രസ്തുത രക്തം പ്രായപൂർത്തിയുടെ അടയാളവുമല്ല. മെൻസസ് ഉണ്ടാവുക, ഗർഭം ധരിക്കുക തുടങ്ങിയ കാര്യങ്ങൾ 15 വയസ്സു വരെ ഉണ്ടായിട്ടില്ലെങ്കിൽ 15 വയസ്സ് പൂർത്തിയാകുന്നതു മുതൽ പ്രായപൂർത്തിയെത്തിയതായി ഗണിക്കപ്പെടുമെന്നതാണ് പ്രബലാഭിപ്രായം. (ശറഹുൽ വിഖായഃ 7/14)

അതിനാൽ 15 വയസ്സ് പൂർത്തിയായതു മുതൽ നഷ്ടപ്പെട്ട നിസ്കാരങ്ങളും നിർബന്ധമായ മറ്റ് ഇബാദത്തുകളും ഖളാഅ് വീട്ടേണ്ടതാണ്.

ചോദ്യം: എന്റെ നാട്ടിൽ ശാഫിഈ, ഹനഫീ മദ്ഹബുകളുടെ പള്ളികളുണ്ട്. ഏത് ബാങ്കിനു ശേഷമാണ് ഞാൻ അസർ നിസ്കരിക്കേണ്ടത്?
സ്വാലിഹ സത്താർ, ഈരാറ്റുപേട്ട

ഉത്തരം: ഹനഫീപള്ളിയിലെ അസ്വ്ർ ബാങ്കിന്റെ ശേഷമാണ് ഹനഫി മദ്ഹബുകാർ അസ്വ്ർ നിസ്കരിക്കേണ്ടത്.

ചോദ്യം: യൂട്യൂബിലെ പ്രാർഥനകൾ കേൾക്കുമ്പോൾ ആമീൻ പറയുകയോ മഹാന്മാരുടെ പേരുകൾ കേൾക്കുമ്പോൾ തർളിയത്ത് ചൊല്ലുകയോ വേണ്ടതുണ്ടോ?
അബൂആമിറ, കായംകുളം

ഉത്തരം: യൂട്യൂബ് പോലുള്ളതിൽ നടക്കുന്ന ലൈവ് പരിപാടികൾ തത്സമയ സംപ്രേഷണമായതിനാൽ അത്തരം പരിപാടികളിലെ പ്രാർഥനകൾക്ക് ആമീൻ പറയുകയും നബി(സ)യുടെ പേര് കേൾക്കുമ്പോൾ സ്വലാത്ത് ചൊല്ലുകയും മഹാന്മാരുടെ പേരുകൾക്ക് തർളിയത്ത് ചൊല്ലുകയും വേണം. എന്നാൽ തത്സമയ സംപ്രേഷണമല്ലാത്ത രീതിയിൽ റെക്കോർഡായും മറ്റുമുള്ള പരിപാടികൾക്കിത് ബാധകമല്ല എന്നാണ് താഴെ പറയുന്ന മസ്അലയിൽ നിന്ന് മനസ്സിലാകുന്നത്.

'തത്ത പോലുള്ള പക്ഷി വിശുദ്ധഖുർആനിലെ സജ്ദയുടെ ആയത്ത് പാരായണം ചെയ്യുന്നത് കേൾക്കുകയോ പ്രസ്തുത ആയത്ത് മനുഷ്യൻ ഓതുന്നതിന്റെ പ്രതിധ്വനി കേൾക്കുകയോ ചെയ്താൽ അത് കേൾക്കുന്നവർക്ക് സുജൂദ് ചെയ്യൽ നിർബന്ധമില്ല. കാരണം, അവ രണ്ടിനും വിവേകബുദ്ധിയില്ല.' (ബദാഇഉ സ്സ്വനാഇഅ് 2/69) എങ്കിലും ഇത്തരം പരിപാടികളിലെ പ്രാർഥനകൾക്ക് ആമീൻ പറയുകയോ സ്വലാത്ത്, തർളിയത്ത് എന്നിവ ചൊല്ലുകയോ ചെയ്താൽ പുണ്യം ലഭിക്കുന്നതാണ്.

ലൈഫ്സ്റ്റൈൽ

മുർശിദ് തൊട്ടിൽപാലം

അച്ചടക്കമില്ലായ്മയും പെരുമാറ്റ പ്രശ്നങ്ങളും

വിദ്യാർഥികളിലെ അച്ചടക്കരാഹിത്യം എത്രത്തോളം ഗൗരവമായിരിക്കുന്നുവെന്നതിന്റെ തെളിവാണ് രണ്ടാഴ്ച മുമ്പ് പാലക്കാട് ജില്ലയിലെ തൃത്താലയിൽ നടന്ന സംഭവം. ഫോൺ വാങ്ങിവെച്ചതിന് അധ്യാപകർക്കെതിരെ കയർക്കുകയും പുറത്തുകിട്ടിയാൽ കൊന്നുകളയുമെന്ന് ഭീഷണി മുഴക്കുകയും ചെയ്തത് ഒരു പ്ലസ്വൺ വിദ്യാർഥിയാണ്. ഇത്തരം സംഭവങ്ങൾ ഇനിയും ആവർത്തിക്കുന്നതിൽ കുട്ടികളെ കുറ്റപ്പെടുത്തുന്നതിനു മുമ്പ് രക്ഷിതാക്കളും അധ്യാപകരും പൊതുസമൂഹവും ഗൗരവമായ ചില ആലോചനകൾ നടത്തേണ്ടതുണ്ട്.

വ്യക്തിത്വരൂപവത്കരണത്തിലെ അടിസ്ഥാന മൂല്യങ്ങളിലൊന്നാണ് അച്ചടക്കം. ഇതിന്റെ അഭാവം വളർന്നുവരുന്ന തലമുറയിൽ വലിയ പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു. വീട്ടിലും സ്കൂളിലും സമൂഹത്തിലും കാണുന്ന ഈ അച്ചടക്കരാഹിത്യം കുട്ടികളുടെ വിദ്യാഭ്യാസനിലവാരത്തെയും സ്വഭാവരൂപീകരണത്തെയും പ്രതികൂലമായി ബാധിക്കുന്നു. അച്ചടക്കവും ആത്മനിയന്ത്രണവുമുള്ളവർക്കേ ജീവിതത്തിൽ വിജയിക്കാനാകൂ.

മക്കളെ എങ്ങനെ അച്ചടക്കമുള്ളവരായി വളർത്താമെന്നതിൽ പലർക്കും കൃത്യമായ ധാരണയില്ല. കുട്ടികൾ ചെയ്യണമെന്ന് രക്ഷിതാക്കൾ ആഗ്രഹിക്കുന്നതെല്ലാം നിർബന്ധപൂർവ്വം ചെയ്യിക്കുന്നതല്ല അച്ചടക്കം. കുട്ടികളെ എപ്പോഴും സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്യുന്നുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തുകയാണ് പ്രധാനം. അച്ചടക്കം പരിശീലിപ്പിക്കുന്നത് അവരുടെ നന്മയ്ക്കും നേട്ടത്തിനും വേണ്ടിയായിരിക്കണം.

പ്രധാന പ്രശ്നങ്ങൾ

സ്മാർട്ട്ഫോണുകളുടെ വ്യാപനം, സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം, കുട്ടികളോടൊപ്പം ചെലവഴിക്കാനുള്ള രക്ഷിതാക്കളുടെ സമയക്കുറവ് തുടങ്ങിയവ കുട്ടികളുടെ പെരുമാറ്റത്തിൽ ഗണ്യമായ മാറ്റങ്ങൾ വരുത്തുന്നുണ്ട്. ചെറുപ്പം മുതൽ സ്വന്തം ഇഷ്ടാനുസരണം കാര്യങ്ങൾ ചെയ്യാൻ ശീലിച്ച കുട്ടികൾ റീലുകളിലെ ജീവിതം അതേപടി അനുകരിക്കുകയും മാതാപിതാക്കളുടെ നിയന്ത്രണത്തിൽ നിന്ന് വഴുതിപ്പോവുകയും ചെയ്യുന്നു.

അച്ചടക്കരാഹിത്യം കുട്ടികളുടെ പ്രായം, വളർച്ചാഘട്ടം,

കുടുംബസാഹചര്യം എന്നിവയെ ആശ്രയിച്ച് വ്യത്യാസപ്പെടാം. ചില കുട്ടികൾ അനാവശ്യമായി വാശി പിടിക്കുകയും രക്ഷിതാക്കളുടെ നിർദ്ദേശങ്ങൾ അനുസരിക്കാൻ വിമുഖത കാണിക്കുകയും ചെയ്യും. മറ്റു ചിലർ ആക്രമണാത്മകത പ്രകടിപ്പിക്കുകയോ സ്വത്തുനാശം വരുത്തുകയോ ചെയ്യും. അശാസ്ത്രീയമായ ശിക്ഷണരീതികൾ, മാതാപിതാക്കളുടെ അനാസ്ഥ, സാമൂഹിക മാധ്യമങ്ങളുടെ അമിതോപയോഗം, പഠനസമ്മർദ്ദം, സുഹൃത്തുക്കളുടെ സ്വാധീനം തുടങ്ങിയവ ഇതിന് കാരണമായേക്കാം.

അച്ചടക്കമില്ലായ്മ കുട്ടികളുടെ ഭാവിയിലെ വിദ്യാഭാസം, ജോലി, സാമൂഹികബന്ധങ്ങൾ, സ്വഭാവം എന്നിവയെ പ്രതികൂലമായി ബാധിക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

സ്മാർട്ട്ഫോണിന്റെ അമിതോപയോഗവും സോഷ്യൽമീഡിയ ദൃശ്യങ്ങളുടെ അനുകരണവും കാരണം അക്രമസ്വഭാവം കാണിക്കുന്ന കുട്ടികളുടെ കേസുകൾ വർദ്ധിച്ചുവരികയാണ്. മൊബൈൽഫോണിൽ ഗെയിം കളിക്കുന്നതു തടഞ്ഞ അമ്മയെ കഴുത്തിന് കുത്തി മാരകമായി പരിക്കേൽപ്പിച്ച പതിനാലു വയസ്സുകാരന്റെ വാർത്ത ചാനലുകളിലൂടെ നാം അറിഞ്ഞതാണ്. അധ്യാപകരെ ആക്രമിക്കൽ, സഹപാഠികളെ ഉപദ്രവിക്കൽ തുടങ്ങിയ കേസുകളും വർദ്ധിക്കുന്നുണ്ട്. വീട്ടിലെയും വിദ്യാഭാസ സ്ഥാപനങ്ങളിലെയും ധാർമികശിക്ഷണത്തിന്റെ അഭാവവും മാനസികാരോഗ്യപ്രശ്നങ്ങളുമെല്ലാം അച്ചടക്കമില്ലായ്മക്ക് കാരണമാകാറുണ്ട്. വിദ്യാഭാസ സ്ഥാപനങ്ങളും മാതാപിതാക്കളും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്.

പരിഹാരമാർഗ്ഗങ്ങൾ

കുട്ടികളിലെ അച്ചടക്കരാഹിത്യം ഒരു വ്യക്തിഗത പ്രശ്നമല്ല. സമൂഹത്തെ മൊത്തത്തിൽ അത് ബാധിച്ചേക്കാം.

മാതാപിതാക്കൾ കുട്ടികളോട് സ്നേഹപൂർവ്വം ഇടപെടുകയും അവരുടെ ചിന്തകളും വികാരങ്ങളും മനസ്സിലാക്കി സംയമനത്തോടെ പ്രതികരിക്കാൻ ശ്രമിക്കുകയും വേണം. കുട്ടികളുടെ തെറ്റുകൾ സ്നേഹപൂർവ്വം തിരുത്തിക്കൊടുത്ത് അവർക്ക് പിന്തുണ നൽകാൻ തയ്യാറാകണം. കുട്ടികളുടെ മാനസികാരോഗ്യത്തിലും വ്യക്തിത്വ വികസനത്തിലും മാതാപിതാക്കൾക്ക് ചെറുതല്ലാത്ത പങ്കുണ്ട്. മാതാപിതാക്കളുടെ സ്നേഹം കുട്ടികൾക്ക് കൃത്യമായി ലഭിക്കേണ്ടത് അത്യാവശ്യമാണ്. ദിവസവും കുട്ടികളോടൊത്ത് കുറച്ചു നേരം ഇരിക്കണം. അവരെ കേൾക്കണം. അവരോട് ചോദ്യങ്ങൾ ചോദിക്കണം. വിഷമങ്ങൾ പങ്കുവയ്ക്കാനും തുറന്നുസംസാരിക്കാനും കുട്ടികൾക്ക് താൽപര്യമുണ്ടാവും. അവ പങ്കുവയ്ക്കുമ്പോൾ പെരുമാറ്റവൈകല്യങ്ങൾ വലിയൊരളവോളം കുറയ്ക്കാനും മനസ്സിനെ നിയന്ത്രിക്കാനും സാധിക്കും. കുടുംബത്തിൽ ഒരു പോസിറ്റീവ് അന്തരീക്ഷം സൃഷ്ടിക്കുകയും മാതാപിതാക്കൾ കുട്ടികൾക്ക് മാതൃകയാകുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

അധ്യാപകർ വിദ്യാർത്ഥികളെ വ്യക്തികളായിത്തന്നെ കാണണം. അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയും അവരെ സഹായിക്കാൻ തയ്യാറാകുകയും വേണം. വിദ്യാർത്ഥികളുടെ തെറ്റുകൾ പൊറുക്കാനും അവരെ പഠനത്തിന് പ്രോത്സാഹിപ്പിക്കാനും ശ്രമിക്കണം. സ്കൂളിൽ സുരക്ഷിതവും ശാന്തവുമായ അന്തരീക്ഷം സൃഷ്ടിക്കുകയും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. മാധ്യമങ്ങളും സാമൂഹികസംഘടനകളുമെല്ലാം കുട്ടികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനും അവരുടെ വികസനത്തിന് സഹായിക്കുന്നതിനുമായി പ്രവർത്തിക്കണം.

കുട്ടികൾ ഭാവിതലമുറയാണ്. അവരെ നല്ല മനുഷ്യരായി വളർത്തിയെടുക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.

> മാതാപിതാക്കൾ കുട്ടികളോട് സ്നേഹപൂർവ്വം ഇടപെടുകയും അവരുടെ ചിന്തകളും വികാരങ്ങളും മനസ്സിലാക്കി സംയമനത്തോടെ പ്രതികരിക്കാൻ ശ്രമിക്കുകയും വേണം.

മാനസികാരോഗ്യം

ഡോ. അബൂബക്കർ നിസാമി, കളരാന്തിരി

സംശയരോഗത്തിന്റെ മഹാവിനകൾ

വ്യക്തികൾക്കിടയിലുണ്ടാകുന്ന ഒട്ടുമിക്ക പ്രശ്നങ്ങൾക്കും മുഖ്യഹേതുവാകുന്നതും സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾക്ക് വഴിവെക്കുന്നതുമായ മാരക വിപത്താണ് സംശയരോഗം (Delusional Disorder). മതിയായ തെളിവുകളുടെ പിൻബലമില്ലാതെ മറ്റുള്ളവരെ സംശയിക്കുന്ന പ്രത്യേക മാനസികാവസ്ഥയാണിത്. തദ്ഫലമായി ചിന്താശേഷി തകരുകയും വികാരവിചാരങ്ങൾ തളരുകയും അസൂയ, അഹങ്കാരം, പ്രതികാരം, ആഭിചാരം, അതിക്രമം, കൊലപാതകം തുടങ്ങിയ മാന്യതക്കും നീതിക്കും നിരക്കാത്ത നീചകൃത്യങ്ങളിലേക്ക് ചിന്തയെത്തുകയും ചെയ്യുന്നു. സാമൂഹ്യഛിദ്രതയുണ്ടാകാനും വ്യക്തിബന്ധങ്ങളിൽ വിള്ളലുണ്ടാകാനും ഇത് കാരണമാകുന്നു. സുഹൃത്തുക്കൾ തമ്മിൽ പിണങ്ങാനും പിരിയാനും ഇണകൾക്കിടയിൽ ഇഴയടുപ്പം കുറയാനും സഹപ്രവർത്തകർക്കിടയിലും സംഘടനാ കൂട്ടായ്മയിലും ഗ്രൂപ്പിസവും സംഘട്ടനങ്ങളും പിളർപ്പുമെല്ലാം രൂപപ്പെടാനും ഇത് കാരണമാകാറുണ്ട്.

സ്ത്രീ-പുരുഷ വൈജാത്യമില്ലാതെ പലരിലും കണ്ടുവരുന്ന ഗൗരവമേറിയ മനോരോഗമാണിത്. എങ്കിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിലാണ് ഈ രോഗം കൂടുതൽ കാണപ്പെടുന്നത്. സംശയരോഗം പിടിപെട്ടാൽ ജീവിതത്തിന്റെ എല്ലാ സുഖങ്ങളും നഷ്ടമാവും. പിന്നെ, കാണുന്നതും കേൾക്കുന്നതുമെല്ലാം സംശയത്തോടെയാവും. അതോടെ എല്ലാം തലകീഴായി മാറിത്തുടങ്ങും. വീടോ റൂമോ ഓഫീസോ പൂട്ടി പുറത്തിറങ്ങിയ ശേഷം നന്നായി പൂട്ടിയിട്ടുണ്ടോ, അടഞ്ഞുകിടന്ന വാതിൽ ആരോ തുറക്കുന്നുണ്ടോ, രഹസ്യമായി ആരെങ്കിലും തന്നെ പിന്തുടരുന്നുണ്ടോ, ഭക്ഷണപാനീയങ്ങളിൽ വിഷവസ്തുക്കളുണ്ടോ, ആരെങ്കിലും ആഭിചാരം ചെയ്ത് തന്നെ ഇല്ലാതാക്കുമോ, ദുർമന്ത്രവാദികളെ തനിക്കെതിരെ പ്രയോഗിക്കുന്നുണ്ടോ എന്നൊക്കെ സംശയിക്കുന്നവരുണ്ട്.

ജീവിതപങ്കാളിയെ സംശയദൃഷ്ടിയോടെ മാത്രം നോക്കിക്കാണുന്നവരുമുണ്ട്. ഭർത്താക്കന്മാരുടെ സംശയരോഗം കാരണം ജീവിതകാലം മുഴുവൻ വീർപ്പുമുട്ടി നരകയാതന അനുഭവിക്കുന്ന ധാരാളം ഭാര്യമാരും സഹധർമിണിയുടെ സംശയംമൂലം കുടുംബത്തിലും സമൂഹത്തിലും പരിഹാസ്യരാവുന്ന പുരുഷന്മാരും നമുക്കിടയിലുണ്ട്. യഥാർത്ഥത്തിൽ സംശയരോഗികൾ ജീവിതത്തിന്റെ സ്വാസ്ഥ്യം സ്വയം കെടുത്തിക്കളയുകയാണ് ചെയ്യുന്നത്. സംശയാലു അപരന്റെ ചലനനിശ്ചലനങ്ങൾ സസൂക്ഷ്മം

നിരീക്ഷിക്കുകയും തന്റെ സംശയത്തെ സാധൂകരിക്കുന്നതിന് യുക്തിരഹിതമായ തെളിവുകൾ കണ്ടെത്തുകയും ചെയ്യും.

സംശയരോഗത്തിന്റെ പേരിൽ കൊല ചെയ്യപ്പെടുന്ന ഭാര്യഭർത്താക്കന്മാരുടെയും കാമുകീകാമുകന്മാരുടെയും എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഉറങ്ങിക്കിടന്ന ഭാര്യയുടെ ശരീരത്തിൽ ആട്ടുകല്ലിട്ട് കൊലപ്പെടുത്തിയതും സംശയരോഗത്തിന്റെ പേരിൽ കാമുകന് വിഷവും കീടനാശിനിയും കൊടുത്ത് കൊന്നതുമെല്ലാം ഈയടുത്താണ്.

പങ്കാളിയുടെ ചാരിത്ര്യത്തിലുള്ള സംശയവും പ്രണയിതാവിന്റെ പെരുമാറ്റദൂഷ്യങ്ങളുമാണ് ഇത്തരം അറുകൊലകൾക്ക് പ്രേരിപ്പിക്കുന്നത്. ഭാര്യക്ക് പരപുരുഷ ബന്ധമുണ്ടെന്ന തോന്നൽ ഭർത്താവിനെ അസ്വസ്ഥമാമാക്കും. ഭർത്താവിന്റെ പരസ്ത്രീബന്ധത്തിലുള്ള സംശയം ഭാര്യയെയും പ്രകോപിപ്പിക്കും. അങ്ങനെ മാനസിക പിരിമുറുക്കം മൂർഛിക്കുമ്പോൾ ഇത്തരം കടുംകൈ പ്രയോഗങ്ങൾക്ക് ഇരുവരും മുതിരും. സ്വന്തം പങ്കാളിയെക്കുറിച്ചും സുഹൃത്തുക്കളെക്കുറിച്ചും സംശയം വരുമ്പോഴാണ് ബന്ധങ്ങളുടെ വേരറ്റുപോകുന്നത്.

സംശയരോഗം വരാതെ സൂക്ഷിക്കണമെന്ന് വിശുദ്ധ ഇസ്‌ലാം ഓർമിപ്പിക്കുന്നുണ്ട്. ഇണകൾക്കിടയിൽ സംശയമുണ്ടാക്കി വേർപിരിക്കുകയെന്നത് പിശാചിന് ഏറെ സന്തോഷമുണ്ടാക്കുന്ന കാര്യമാണ്. ഒരു ഹദീസിൽ കാണാം: പിശാച് തന്റെ സൈന്യത്തെ ജനങ്ങൾക്കിടയിലേക്കയക്കും. ഭാര്യഭർത്താക്കന്മാർക്കിടയിലുള്ള ബന്ധത്തിൽ വിള്ളലുണ്ടാക്കി മടങ്ങിവരുന്നവരെ പ്രത്യേകം അഭിനന്ദിക്കും. (മുസ്‌ലിം)

ജാബിർ(റ) നിവേദനം: നബി(സ) പറഞ്ഞു: 'ഭാര്യ തന്നെ വഞ്ചിക്കുന്നുണ്ടോ എന്നറിയാൻ രാത്രി വാതിൽമുട്ടി കയറിച്ചെന്ന് അവളുടെ കുറ്റങ്ങളന്വേഷിക്കരുത്.' (മുസ്‌ലിം)

ആളുകൾ സംശയിക്കാനിടയാകുന്ന കാര്യങ്ങൾ ചെയ്യരുതെന്നും മതം പറയുന്നുണ്ട്.

സംശയരോഗം വരാതെ സൂക്ഷിക്കണമെന്ന് വിശുദ്ധ ഇസ്‌ലാം ഓർമിപ്പിക്കുന്നുണ്ട്. ഇണകൾക്കിടയിൽ സംശയമുണ്ടാക്കി വേർപിരിക്കുകയെന്നത് പിശാചിന് ഏറെ സന്തോഷമുണ്ടാക്കുന്ന കാര്യമാണ്. ഒരു ഹദീസിൽ കാണാം: പിശാച് തന്റെ സൈന്യത്തെ ജനങ്ങൾക്കിടയിലേക്കയക്കും. ഭാര്യഭർത്താക്കന്മാർക്കിടയിലുള്ള ബന്ധത്തിൽ വിള്ളലുണ്ടാക്കി മടങ്ങിവരുന്നവരെ പ്രത്യേകം അഭിനന്ദിക്കും. (മുസ്‌ലിം)

വഴിയോരത്ത് സംശാസ്പദമായ വിധത്തിൽ ഒരു സ്ത്രീയുമായി ശൃംഗാരം നടത്തിയ സഹോദരനെ മഹനായ ഉമർ(റ) ശകാരിച്ചു ശിക്ഷിക്കാനൊരുങ്ങി. തന്റെ ഭാര്യയാണിതെന്ന് അദ്ദേഹം ബോധ്യപ്പെടുത്തിയപ്പോൾ 'എങ്കിൽ താങ്കൾക്കൊരു മറ പാലിച്ചുകൂടേ' എന്ന് ഖലീഫ പ്രതികരിച്ചു.

സംശയാസ്പദമായ സാഹചര്യങ്ങളിൽ വ്യക്തത വരുത്തമെന്ന് പ്രവാചകപാഠങ്ങളിൽ നിന്നു മനസ്സിലാക്കാം. ഒരിക്കൽ തിരുനബി(സ)യും ഭാര്യ സ്വഫിയ്യബീവി(റ)യും സംസാരിച്ചു നിൽക്കുമ്പോൾ സ്വഹാബികളിൽ ചിലർ അതുവഴി നടന്നുപോയി. അപ്പോൾ തിരുനബി(സ) അവരോട് പറഞ്ഞു:

'ഇത് എന്റെ ഭാര്യ സ്വഫിയ്യയാണ്.'

അപ്പോൾ അവർ പറഞ്ഞു: 'നബിയേ, ഞങ്ങൾ അങ്ങയെ സംശയിക്കുമോ?'

അപ്പോൾ തിരുനബി(സ) ഇങ്ങനെ പറഞ്ഞു: 'നിശ്ചയം, പിശാച് മനുഷ്യനിൽ രക്തം സഞ്ചരിക്കുന്നിടത്തെല്ലാം സഞ്ചരിക്കും.' (മുസ്‌ലിം)

മഹാനായ ഹസനുബ്നു അലി(റ) നിവേദനം. നബി(സ) പറഞ്ഞു: 'സംശയമുണ്ടാക്കുന്ന കാര്യങ്ങൾ ഉപേക്ഷിക്കുകയും സംശയത്തിന്നിടയില്ലാത്തവ പ്രാവർത്തികമാക്കുകയും ചെയ്യുക.' (തിർമിദി)

മഹാനായ ശൈഖ് രിഫാഈ(റ)വിന് ഗുരുവായ ശൈഖ് അബ്ദുൽമലികിൽ ഹർനൂബി(റ) നൽകിയ ഉപദേശങ്ങളിൽ കാണാം: 'തിരിഞ്ഞു നോക്കുന്നവൻ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരില്ല. സംശയിക്കുന്നവൻ വിജയിക്കില്ല. കൊഴിഞ്ഞുപോകുന്ന ആയുസ്സിനെക്കുറിച്ച് ബോധവാനല്ലാത്തവന്റെ മുഴുസമയം നഷ്ടത്തിലാണ്.' (നൂറുൽ അബ്സ്വാർ)

വിശ്വാസികൾ ജാഗ്രത പുലർത്തണം – സമസ്ത

പൂർവിക വിശ്വാസാചാരങ്ങളും നയങ്ങളും മുറുകെപ്പിടിക്കണം

കോഴിക്കോട്: മതത്തിന്റെ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള വ്യായാമ പരിപാടികൾക്കും അഭ്യാസങ്ങൾക്കുമെതിരെ വിശ്വാസികൾ ജാഗ്രത പുലർത്തണമെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ മുശാവറ യോഗം അഭ്യർത്ഥിച്ചു. അന്യപുരുഷന്മാരുടെ മുന്നിലും അവരുമായി ഇടകലർന്നും സ്ത്രീകൾ അഭ്യാസം നടത്തുന്നത് അനുവദനീയമല്ല. മതവിശ്വാസത്തിന് ഹാനികരമാകുന്ന ഗാനങ്ങളും പ്രചാരണങ്ങളും ക്ലാസ്സുകളും സംഘടിപ്പിച്ച് അതിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതും അനുവദിക്കാനാകില്ല. സുന്നി വിശ്വാസികൾ ഇത്തരം കാര്യങ്ങളിൽ ജാഗ്രത പുലർത്തി പൂർവിക വിശ്വാസാചാരങ്ങളും നയങ്ങളും മുറുകെപ്പിടിക്കണമെന്ന് പ്രസിഡന്റ് ഇ സുലൈമാൻ മുസ്‌ലിയാരുടെ അധ്യക്ഷതയിൽ ചേർന്ന മുശാവറ അഭ്യർത്ഥിച്ചു. ജനറൽ സെക്രട്ടറി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു.

ആരോഗ്യസംരക്ഷണം ഇസ്‌ലാം വളരെ പ്രാധാന്യം നൽകുന്നതാണ്. ജീവിതശൈലീ രോഗങ്ങൾ തടയാനും ശാരീരിക ഉണർവിനും മതനിയമങ്ങൾക്ക് വിധേയമായ വ്യായാമം നിരോധിക്കപ്പെട്ടതല്ലെന്നും യോഗം വിശദീകരിച്ചു. സമസ്ത സെന്റിനറിയുടെ ഭാഗമായി ഫെബ്രുവരി 11ന് കോഴിക്കോട്ട് മുൽതഖൽഉലമായും ഏപ്രിലിൽ ജില്ലാ, മേഖലാതലങ്ങളിൽ പണ്ഡിത സംഗമങ്ങളും സംഘടിപ്പിക്കും. സമസ്തയുടെ നേതൃത്വത്തിൽ നടന്നു വരുന്ന ജാമിഅതുൽ ഹിന്ദിൽ അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം ഏകജാലകം വഴിയാക്കുന്നതിനുള്ള സംവിധാനങ്ങൾക്ക് അംഗീകാരം നൽകി.

സയ്യിദ് അലി ബാഫഖി, കെ.എസ് ആറ്റക്കോയ കുമ്പോൽ, അബ്ദുൽ ഖാദിർ മുസ്‌ലിയാർ പൊന്മള, കെ.പി മുഹമ്മദ് മുസ്‌ലിയാർ, പി.വി മൊയ്തീൻ കുട്ടി മുസ്‌ലിയാർ, പി ഹസൻ മുസ്‌ലിയാർ, കെ.കെ അഹ്മദ്കുട്ടി മുസ്‌ലിയാർ, ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട്, വി മൊയ്തീൻ കുട്ടി ബാഖവി, ബാവ മുസ്‌ലിയാർ കോടമ്പുഴ, സി മുഹമ്മദ് ഫൈസി, അബ്ദുൽജലീൽ സഖാഫി, ഇസ്സുദ്ദീൻ സഖാഫി, മുഹമ്മദലി സഖാഫി തൃക്കരിപ്പൂർ, വി.പി.എം വില്ല്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, അബ്ദുർറഹ്മാൻ ഫൈസി മാരായമംഗലം, അബ്ദുർറഹ്മാൻ ഫൈസി വണ്ടൂർ, അബ്ദുൽഅസീസ് സഖാഫി, എ ത്വാഹാ മുസ്‌ലിയാർ, എ.പി അബ്ദുല്ല മുസ്‌ലിയാർ, അബ്ദുന്നാസിർ അഹ്സനി, ഐ.എം.കെ ഫൈസി, എം.വി അബ്ദുർറഹ്മാൻ മുസ്‌ലിയാർ, മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാർ പുറക്കാട്, പി.എസ്.കെ മൊയ്തു ബാഖവി, പി അലവി സഖാഫി, എം അബ്ദുർറഹ്മാൻ സഖാഫി ചർച്ചയിൽ പങ്കെടുത്തു. പേരോട് അബ്ദുർറഹ്മാൻ സഖാഫി സ്വാഗതം പറഞ്ഞു.

മുസ്‌ലിം ജമാഅത്ത് പ്രഖ്യാപന സമ്മേളനം വിജയിപ്പിക്കും

ഫത്ഹേ മുബാറക് ഏപ്രിൽ എട്ടിന് പാലക്കാട്ട്

കോഴിക്കോട്: കേരള മുസ്‌ലിം ജമാഅത്ത് ഈ മാസം 11ന് കോഴിക്കോട് സംഘടിപ്പിക്കുന്ന പ്രഖ്യാപന സമ്മേളനം വിജയിപ്പിക്കുമെന്ന് സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ.

പ്രസ്തുത സമ്മേളനത്തിൽ എല്ലാ മുഅല്ലിംകളും സജീവ സാന്നിധ്യം ഉറപ്പുവരുത്തണമെന്ന് എസ്.ജെ.എം സെൻട്രൽ സെക്രട്ടറിയേറ്റ് യോഗം നിർദ്ദേശിച്ചു. ഭവനരഹിതരായ അഞ്ചു മുഅല്ലിംകൾക്കുകൂടി വീട് നിർമ്മിച്ചു നൽകുവാനും നിലവിൽ നൽകിവരുന്ന 86 വിധവകൾക്കുള്ള പെൻഷനു പുറമെ 20 വിധവകൾക്കു കൂടി പെൻഷൻ നൽകാനും തീരുമാനിച്ചു.

അടുത്ത മദ്റസാദ്ധ്യായന വർഷത്തെ മദ്റസാരംഭത്തിന് തുടക്കം കുറിക്കുന്ന ഫത്ഹേ മുബാറക് ഏപ്രിൽ എട്ടിന് പാലക്കാട്ട് സംഘടിപ്പിക്കും. രോഗികളായ 30 മുഅല്ലിംകൾക്ക് ചികിത്സാ സഹായവും അഞ്ചുപേർക്ക് സ്നേഹസ്പർശം പദ്ധതിയിൽ പ്രത്യേക സഹായവും അനുവദിച്ചു. സ്പിരിച്വൽ ക്യാമ്പ് നടത്തിയിട്ടില്ലാത്ത മേഖലകളിൽ അടുത്ത മാസങ്ങളിൽ നടത്തും. തുടർന്ന്, നടന്ന മേഖലകളിൽ കീഴ്ഘടകങ്ങളിലും നടത്തും. ഈ മാസം 12ന് സെൻട്രൽ എക്സിക്യൂട്ടീവ് യോഗം ചേരും.

സമസ്തസെന്ററിൽ ചേർന്ന യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. ട്രഷറർ വി.പി.എം വില്യാപ്പള്ളി ചർച്ച ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി അബൂഹനീഫൽ ഫൈസി സ്വാഗതം പറഞ്ഞു. പ്രൊഫ. എ.കെ അബ്ദുൽ ഹമീദ്, കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, വി.വി അബൂബക്കർ സഖാഫി, ചെറൂപ്പ ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.

മർകസ് ഖത്മുൽബുഖാരി, സനദ് ദാനം 15, 16, 17 തിയ്യതികളിൽ

കോഴിക്കോട്: ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരുടെ പ്രസിദ്ധമായ സ്വഹീഹുൽബുഖാരി ദർസിന്റെ വാർഷിക സമാപനമായ ഖത്മുൽബുഖാരി സംഗമവും സഖാഫി പണ്ഡിതരുടെ സനദ്ദാനവും 2025 ഫെബ്രുവരി 15,16,17 തിയ്യതികളിൽ കാരന്തൂർ മർകസിൽ നടക്കും. കഴിഞ്ഞ വർഷം പഠനം പൂർത്തിയാക്കിയ സഖാഫി പണ്ഡിതർക്കുള്ള സനദ്ദാനമാണ് നടക്കുക. സഖാഫി സംഗമവും അഹ്ദലിയ്യ ആത്മീയ വേദിയും ഇതോടൊപ്പം സംഘടിപ്പിക്കും. വിദ്യാഭ്യാസ-സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽ അരനൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന മർകസിന്റെ അമ്പതാം വാർഷിക പദ്ധതികളുടെ പ്രഖ്യാപനവും സമ്മേളനത്തിൽ നടക്കും.

വിദേശ പണ്ഡിതർ, നയതന്ത്ര പ്രതിനിധികൾ, യൂണിവേഴ്സിറ്റി തലവന്മാർ, ദേശീയ നേതാക്കൾ, മന്ത്രിമാർ, മത-രാഷ്ട്രീയ-സാമൂഹിക രംഗത്തെ പ്രമുഖർ എത്തുന്ന മൂന്നു ദിവസത്തെ സമ്മേളനത്തിൽ ശൈഖ് സായിദ് പീസ് കോൺഫറൻസ്, വിദ്യാഭ്യാസ സംഗമം, വികസന സെമിനാർ, സാംസ്കാരിക സമ്മേളനം, മതസൗഹാർദ സംഗമം തുടങ്ങിയ വിവിധ പരിപാടികൾ നടക്കും. സ്വഹീഹുൽ ബുഖാരി അധ്യാപന രംഗത്ത് ആറു പതിറ്റാണ്ട് പിന്നിടുന്ന ഇന്ത്യയിലെ അപൂർവ ഹദീസ് പണ്ഡിതൻ എന്ന നിലയിൽ കാന്തപുരത്തിന് സുന്നി സമൂഹം നൽകുന്ന ആദരം കൂടിയാകും സമ്മേളനം.

സ്വാഗതസംഘ രൂപീകരണ കൺവെൻഷൻ മർകസ് വൈസ് പ്രസിഡന്റ് സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം ഉദ്ഘാടനം ചെയ്തു. കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ മുഖ്യപ്രഭാഷണം നടത്തി. സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി പ്രാർത്ഥന നിർവഹിച്ചു. വി.പി.എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. സി മുഹമ്മദ് ഫൈസി ആമുഖഭാഷണം നടത്തി.

എ സൈഫുദ്ദീൻ ഹാജി, പ്രൊഫ. എ.കെ അബ്ദുൽ ഹമീദ് സന്ദേശം നൽകി. പി സി ഇബ്റാഹീം, അബ്ദുറഹ്മാൻ ബാഖവി, കെ.വി തങ്ങൾ, അബ്ദുലത്വീഫ് സഖാഫി സംബന്ധിച്ചു. വി.എം അബ്ദുറശീദ് സഖാഫി സ്വാഗതവും പി മുഹമ്മദ് യൂസുഫ് നന്ദിയും പറഞ്ഞു.

എസ്.ജെ.എം ആത്മീയ ക്യാമ്പ് പ്രൗഢവും ശ്രദ്ധേയവുമായി

കണ്ണൂർ: പ്രവാചകരുടെ ജീവിതസന്ദേശങ്ങൾ ഇളംതലമുറക്ക് പകർന്നു നൽകുമ്പോൾ മതാധ്യാപകർ മാതൃക സൃഷ്ടിക്കണമെന്ന് കേരള മുസ്‌ലിം ജമാഅത്ത് സംസ്ഥാന ഉപാധ്യക്ഷൻ പട്ടുവം കെ.പി അബൂബക്കർ മൗലവി. സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കമ്മിറ്റി ജനുവരി 3,4 തിയ്യതികളിൽ തളിപ്പറമ്പ് അൽമഖറിൽ സംഘടിപ്പിച്ച ഉത്തരമേഖലാ ദ്വിദിന ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒന്നാം ദിവസം ക്യാമ്പിന് തുടക്കം കുറിച്ച് നടന്ന കൻസുൽഉലമ കെ.പി ഹംസ മുസ്‌ലിയാരുടെ ഖബ്ർ സിയാറത്ത് ഭക്തിസാന്ദ്രമായി. എസ്.ജെ.എം സംസ്ഥാന, ജില്ലാ സാരഥികൾ, ക്യാമ്പംഗങ്ങൾ, അൽമഖർ ഉസ്താദുമാർ, ഭാരവാഹികൾ, വിദ്യാർഥികൾ സംബന്ധിച്ചു.

ക്യാമ്പിൽ സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. എൻ അശ്റഫ് സഖാഫി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, വി.പി.എം വില്ല്യാപ്പള്ളി, കെ.പി.എച്ച് തങ്ങൾ, പി.പി അബ്ദുൽഹകീം സഅദി, അലിക്കുഞ്ഞി ദാരിമി, അബ്ദുൽജബ്ബാർ ഹാജി, ഉമർ മദനി, വി.വി അബൂബക്കർ സഖാഫി, അബ്ദുർറശീദ് നരിക്കോട്, ബശീർ മുസ്‌ലിയാർ ചെറൂപ്പ, ശാഫി ലത്വീഫി പ്രസംഗിച്ചു. അബൂഹനീഫൽ ഫൈസി സ്വാഗതം പറഞ്ഞു.

രണ്ടാം ദിവസം രാവിലെ നടന്ന ആരോഗ്യ സംരക്ഷണ പരിശീലനവും അൽമഖർ സ്നേഹഭവനിലെ അന്തേവാസികളുമായുള്ള സൗഹൃദസേവനവും മാതൃകയായി. തുടർന്ന് പുനരാലോചന ചർച്ചക്ക് അലി ബാഖവി ആറ്റുപുറവും ആത്മജ്ഞാനം പഠനത്തിന് റഹ്മത്തുല്ല സഖാഫി എളമരവും നേതൃത്വം നൽകി.

സമാപന പ്രാർഥന സംഗമത്തിന് സമസ്ത കേന്ദ്ര മുശാവറ അംഗം എം.വി അബ്ദുറഹിമാൻ മുസ്‌ലിയാർ നേതൃത്വം നൽകി. വി.പി.എം വില്ല്യാപ്പള്ളി അധ്യക്ഷത വഹിച്ചു. അബ്ദുറശീദ് ദാരിമി, അബ്ദുൽ ഗഫൂർ കാമിൽ സഖാഫി, മുഹമ്മദ് കുഞ്ഞി ബാഖവി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഉമർ മദനി, വി.വി അബൂബക്കർ സഖാഫി, ബശീർ മുസ്‌ലിയാർ, മുഹമ്മദ് കുഞ്ഞി അമാനി പ്രസംഗിച്ചു.

ക്യാമ്പിന്റെ ഭാഗമായി നടന്ന പരിസ്ഥിതി സംരക്ഷണം തശ്‌രീസിന്റെ ഉദ്ഘാടനം സയ്യിദ് അലി ബാഫഖി അൽമഖർറിൽ മാവിൻ തൈ നട്ടു നിർവ്വഹിച്ചു. ക്യാമ്പ് എല്ലാം കൊണ്ടും പ്രൗഢവും ശ്രദ്ധേയവും മാതൃകാപരവും പഠനാർഹവുമായിരുന്നു.

ജാമിഅത്തുൽ ഹിന്ദ് സ്ഥാപനങ്ങൾ സന്ദർശിക്കും

കോഴിക്കോട്: ഉന്നത മതവിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജാമിഅത്തുൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യയിൽ അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ സ്പെഷ്യൽ ഇൻസ്പെക്ഷൻ തീരുമാനിച്ചു. ഫെബ്രുവരി ഒന്നു മുതൽ ആരംഭിക്കുന്ന ഇൻസ്പെക്ഷനിൽ ജില്ലാ മുശാവറ നിശ്ചയിക്കുന്ന അഞ്ചംഗ സമിതിയുടെ നേതൃത്വത്തിൽ കേന്ദ്ര മുശാവറ അംഗങ്ങളും ജംഇയ്യത്തുൽ മുദരിസീൻ, ജാമിഅതുൽ ഹിന്ദ്, ദാഇറ എന്നിവയുടെ പ്രതിനിധികളും അംഗങ്ങളാവും.

അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിലെ ഭൗതിക സംവിധാനങ്ങൾ, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ തുടങ്ങി സ്ഥാപനത്തിന്റെ മുഴുവൻ കാര്യങ്ങളും സംഘം നിരീക്ഷിക്കും.

ഇതു സംബന്ധമായി ചേർന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജില്ലാ പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാരുടെ യോഗം വി.പി.എം വില്യാപ്പള്ളിയുടെ അധ്യക്ഷതയിൽ സെക്രട്ടറി പേരോട് അബ്ദുറഹ്മാൻ സഖാഫി ഉദ്ഘാടനം ചെയ്തു. പി.എസ്.കെ മൊയ്തു ബാഖവി ആമുഖഭാഷണം നടത്തി, മൊയ്തീൻകുട്ടി ബാഖവി, മുഹമ്മദലി സഖാഫി, പി.വി മൊയ്തീൻകുട്ടി മുസ്‌ലിയാർ തുടങ്ങിയവർ നേതൃത്വം നൽകി.

ലഹരിക്കൊലക്കെതിരെ ജാഗ്രത വേണം

കുറ്റ്യാടി: ലഹരി കാരണമുള്ള കൊലപാതകങ്ങൾ വർദ്ധിക്കുന്നതും സ്വന്തം മാതാപിതാക്കളെ വരെ വകവരുത്തുന്നതിലേക്ക് പുതുതലമുറ അധഃപതിച്ചതും വലിയ സാമൂഹിക വെല്ലുവിളിയാണെന്ന് ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ. നിയമത്തിന്റെ പഴുതുകൾ ഉപയോഗപ്പെടുത്തി കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യമുണ്ട്. ഇതിനെതിരെ നിയമനിർമ്മാണസഭകളും സർക്കാരും അതീവ ജാഗ്രതയോടെ ഇടപെടണം. പുതിയ തലമുറയാണ് ലഹരിയുടെ പ്രധാന ഉപഭോക്താക്കൾ. ഇതിന്റെ ലഭ്യത ഇല്ലാതാക്കാൻ കഴിഞ്ഞാലേ ഈ തലമുറയെ രക്ഷപ്പെടുത്താൻ കഴിയൂ. ലഹരിക്കെതിരെ വിദ്യാർഥി യുവജന സംഘങ്ങളും പൊതുസമൂഹവും ഒന്നിച്ചു നിൽക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. സിറാജുൽ ഹുദാ ഹഫ്‌ലത്തുൽ ഖുർആൻ സമ്മേളനത്തിന്റെ സമാപന സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു കാന്തപുരം. സാമൂഹിക തിന്മകളെ എതിർക്കുമ്പോൾ പണ്ഡിതരെ യാഥാസ്ഥിതികരായി മുദ്രകുത്തി രക്ഷപ്പെടാനുള്ള ശ്രമമാണ് നടക്കുന്നത്. തികഞ്ഞ ബോധ്യത്തോടെയാണ് ആൺ-പെൺ സങ്കലനങ്ങളെ അടക്കം ഞങ്ങൾ എതിർക്കുന്നത്. ഇത് തുടരുമെന്നും അദ്ദേഹം പറഞ്ഞു.

സമ്മേളനത്തിൽ സയ്യിദ് അലി ബാഫഖി പ്രാർഥന നിർവഹിച്ചു. സയ്യിദ് ത്വാഹാ സഖാഫി അധ്യക്ഷത വഹിച്ചു. സമസ്ത പ്രസിഡന്റ് ഈ സുലൈമാൻ മുസ്‌ലിയാർ 86 ഹാഫിളുകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. സെക്രട്ടറി സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി മുഖ്യപ്രഭാഷണവും വി.പി.എം വില്യാപ്പള്ളി അനുമോദന ഭാഷണവും നടത്തി. മുത്വലിബ് സഖാഫി, ബശീർ അസ്ഹരി, ഫിർദൗസ് സുറൈജി, റാശിദ് ബുഖാരി, ഹുസൈൻ കുന്നത്ത് സംസാരിച്ചു.

മർകസ് സാനവിയ്യ ആർട്സ് ഫെസ്റ്റ്

കോഴിക്കോട്: മർകസ് സാനവിയ്യ സ്റ്റുഡൻസ് യൂണിയൻ ഇഹ്‌യാഉസ്സുന്ന സംഘടിപ്പിച്ച ദ്വിദിന ആർട്സ് ഫെസ്റ്റ് അൽഹറക 2.0 ആവേശകരമായി. സി മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. ഖമറുൽ ഉലമ കാന്തപുരം ഉസ്താദ് അനുഗ്രഹ പ്രഭാഷണം നടത്തി.

നവകാലത്തോട് ചേർന്ന് നിൽക്കുന്ന 'നമ്മൾ' എന്ന ആശയം പ്രമേയമാക്കി സംഘടിപ്പിച്ച ആർട്സ് ഫെസ്റ്റിവലിൽ വ്യത്യസ്ത മത്സരയിനങ്ങളിൽ സർഗ്ഗപ്രതിഭകൾ മാറ്റുരച്ചു. ടീം ഉദ്ദത്തുൽ ഉമറാഅ് സൈഫുൽ ബത്താർ യഥാക്രമം ഒന്ന്, രണ്ട് സ്ഥാനങ്ങൾ കരസ്ഥമാക്കി. അബ്ദുൽബാസിത് തോട്ടശ്ശേരിയറ കലാപ്രതിഭ, ഐക്കൺ ഓഫ് ഹറക അവാർഡിന് അർഹനായി. മുഖ്താർ മടവൂർ ഇന്റലക്ച്വൽ അവാർഡ് കരസ്ഥമാക്കി. ജുനൈദ് പുല്ലാളൂരിനെ സർഗ്ഗപ്രതിഭയായും തെരഞ്ഞെടുത്തു.

സമാപന സംഗമം ബശീർ സഖാഫി കൈപ്രത്തിന്റെ അധ്യക്ഷതയിൽ ഉസ്താദ് വി.പി.എം വില്യാപ്പള്ളി ഉദ്ഘാടനം ചെയ്തു. ജേതാക്കൾക്കുള്ള ട്രോഫി അദ്ദേഹം സമ്മാനിച്ചു. സയ്യിദ് ജസീൽ ശാമിൽ ഇർഫാനി, അഡ്വ. മുസ്തഫ സഖാഫി അനുമോദിച്ചു. സൈനുൽ ആബിദ് സഖാഫി, ത്വാഹ സഖാഫി, റാസി സഖാഫി, ശുഐബ് സഖാഫി, അബ്ദുൽഖാദർ സഖാഫി, ഉമറുൽഫാറൂഖ് സഖാഫി സംബന്ധിച്ചു. ആശിഫ് താനാളൂർ സ്വാഗതവും ശറഫു കാവനൂർ നന്ദിയും പറഞ്ഞു.

തീരം

റൈഹാൻ

പള്ളിക്കാട്ടിലൂടെ നടക്കുമ്പോൾ

നാടിന്റെ നാലു ദിക്കുകളിലും
ഉസ്താദിന്റെ കാൽപ്പാടുകൾ
പതിഞ്ഞു കിടപ്പുണ്ടിപ്പോഴും.

നാട്ടു വിശേഷങ്ങളറിയാൻ
മെല്ലെ നടന്നുതുടങ്ങും.
പാടത്ത് പണിയെടുക്കുന്ന
കർഷകരോട് കുശലം പറയും.

നടന്നുനടന്നു തളരുമ്പോൾ
ചായക്കടയിലിരുന്ന്
ചെറുകടി കൂട്ടി
ഒരു കട്ടൻ കുടിക്കും.
മങ്ങിയ കണ്ണടയിലൂടെ
പത്രവാർത്തയിലെ അക്ഷരങ്ങൾ
പെറുക്കി വായിക്കും.

നിസ്കാരപ്പള്ളിയിൽ കയറി
അംഗശുദ്ധി വരുത്തി
രണ്ടു റക്അത്ത് നിസ്കരിക്കും.
ഇത്തിരി നേരം പ്രാർത്ഥിക്കും.

രോഗികളായി കിടക്കുന്നവരെ
സന്ദർശിച്ച് ആശ്വാസം പറയും.
ഉസ്താദിന്റെ ഔഷധവാക്കുകൾ
കേൾക്കുമ്പോൾ ആർക്കും
തെല്ലു ശമനം തോന്നും.

പള്ളിയിലെ ദിക്ർ, സ്വലാത്ത്
നേർച്ചകൾ, നിസ്കാരങ്ങൾ
ചിട്ടയിൽ നടക്കണമെന്ന്
സ്വന്തത്തോടു തന്നെ വാശിപിടിക്കും.
ആത്മീയ മജ്‌ലിസുകളിൽ
ഉസ്താദിന്റെ വിനയവാക്കുകൾ
ഹൃദയത്തിന്റെ ആഴം തൊടും.

കണ്ണുചിമ്മിയുള്ള പ്രാർത്ഥനക്ക്
ആമീൻ പറയുന്നവരും അറിയാതെ
കണ്ണീർ പൊഴിക്കും.

പട്ടിണിയും പരിവട്ടവും
സഹിച്ചു വളർന്നതിന്റെ പാടുകൾ
കനിവിന്റെ കെടാവെളിച്ചമായി
ഹൃദയങ്ങളിൽ സൂക്ഷിക്കും.

നാടിന്റെ വിളക്കിന്നലെ
പെട്ടെന്നണഞ്ഞുപോയി.
സുകൃതത്തിന്റെ വെളിച്ചങ്ങൾ
ആ ഖബ്റിലിപ്പോൾ
തോരാതെ പെയ്യുന്നുണ്ടാവും.

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally